വികസനരേഖ



ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ

ആലപ്പുഴ ജില്ല



4.6-5

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്
വികസന രേഖ

ഇവർ നമ്മെ നയിച്ചിരുന്നു

1955-67 വരെ	കെ.ജി. നാരായണൻ (പ്രസിഡന്റ്)
	എം.കെ. ഭാസ്കരൻ (വൈ. പ്രസിഡന്റ്)
	അഡ്വ. എം. ഉസ്മാൻ
	കെ. അച്യുതൻ
	പി.ആർ. ഗോപാലൻ
	പി. രാമദാസ്
	വി. ലക്ഷ്മണൻ
	കെ. അനിരുദ്ധൻ വൈദ്യൻ
1967 - 79 വരെ	അഡ്വ. എം. ഉസ്മാൻ (പ്രസിഡന്റ്)
	അഡ്വ. എം. ഗോപി (വൈ. പ്രസിഡന്റ്)
	എം.വി.കുമാരൻ
	അബ്ദുൾ റഹ്മാൻ കുഞ്ഞ്
	പി.ആർ. വാസു
	പി.ആർ. മാർത്താണ്ഡൻ
	വി. ദാമോദരൻ
	എസ്. കൃഷ്ണൻ
	വി. ശങ്കരൻകുട്ടി
1979-89 വരെ	പി.ആർ. വാസു (പ്രസിഡന്റ്)
	കെ. ജനാർദ്ദനൻ (വൈ. പ്രസിഡന്റ്)
	കെ. രാമചന്ദ്രൻ
	എസ്. സുഗതൻ
	അബ്ദുൾ റഹ്മാൻ കുഞ്ഞ്
	പി.കെ. ബാലകൃഷ്ണൻ
	പി.കെ ജലധരൻ
	ഡോ. വി.കെ. ചെല്ലപ്പൻ
	കമലാലയം സദാശിവൻ
	പി. ഹരിഹരൻ
	രുഗ്മണി
1989-96 വരെ	എ.എ. ജലീൽ (പ്രസിഡന്റ്)
	എസ്. ആനന്ദൻ (വൈ. പ്രസിഡന്റ്)
	ഡി. കാശിനാഥൻ
	പി. യശോധരൻ
	വി. വിജയധരൻ
	എം.വി. സംഭവൻ
	എൻ. സജ്ജീവൻ
	കമലാലയം സദാശിവൻ
	അഡ്വ. സത്യശീലൻ
	ആർ. ഗീത
	എസ്. രാധാമണി

നിലവിലുള്ള ഭരണസമിതി അംഗങ്ങൾ



കമലാലയം സദാശിവൻ

(പ്രസിഡന്റ്)



എം.വി. സംഭവൻ

(വൈ. പ്രസിഡന്റ്)



എസ്. മൻസൂർ

(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

ഡി. കാശിനാഥൻ

പി.ഐ.ജമീല



കെ.വൈ. അബ്ദുൾ റഷീദ്

ശാരദാ ചന്ദ്രൻ



വി. വിജയധരൻ

ഷിബു ഗംഗാധരൻ

ഹേമാ ബാബുക്കുട്ടൻ

എസ്. ആനന്ദൻ

റോസമ്മ ഇറാനിമോസ്

ഉള്ളടക്കം

1 ആമുഖം

2 ചരിത്രം

3 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

4 വികസനമേഖല അവലോകനം

4.1 കൃഷി, ജലസേചനം

4.2 മത്സ്യബന്ധനം, മൃഗപരിപാലനം

4.3 വിദ്യാഭ്യാസം

4.4 ആരോഗ്യം, കുടിവെള്ളം

4.5 ഗതാഗതം, ഊർജ്ജം

4.6 സാമൂഹ്യക്ഷേമം

4.7 സംസ്കാരം

4.8 വ്യവസായം

4.9 വനിതാക്ഷേമം

4.10 സഹകരണം

4.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

4.12 വിഭവസമാഹരണം

5. ഉപസംഹാരം



ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് ഭൂപടം


KERALA
ALLEPPEY
DISTRICT
76°
77°
12°
11°
10°
9°
75°



കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഭൂപടം

എഡിറ്റോറിയൽ ബോർഡ്

കമലാലയം സദാശിവൻ

എം.വി. സംഭവൻ

ഡി. വിശ്വനാഥൻ

പി.എസ്. അബ്ദുൾ സലാം

പി. സംഭവൻ

എസ്. വിജയാനന്ദൻ

ആർട്ട് & ലേഔട്ട്
അനിൽ കള്ളിക്കാട്

കംപ്യൂട്ടറൈസ്
ടൈപ്പ് സെറ്റിംഗ്
മേസ്, കായംകുളം.


METALLED ROAD
UNMETALLED ROAD
KAYAL
SCHOOL
CHURCH
MOSQUE
TEMPLE
BEACH
NTPC

"അതിബലവാന് ലഭിക്കുന്ന അത്ര സൗകര്യം
അതിദുർബ്ബലനും ലഭിക്കണം എന്നുള്ളതാണ്
ജനാധിപത്യത്തെക്കുറിച്ചുള്ള എന്റെ സങ്കൽപ്പം"

- ഗാന്ധിജി -

"ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ നിന്ന്
മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ
ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും."

- ഗാന്ധിജി -

"ഇന്ത്യക്ക് ലഭിച്ച സ്വാതന്ത്ര്യവും
അവകാശങ്ങളും ഗ്രാമങ്ങൾക്ക് നൽകുക"

- ഗാന്ധിജി -



1

ആമുഖം

ആറാട്ടുപുഴ പഞ്ചായത്ത് ആഫീസ് സ്ഥാപിക്കുന്നതിന് സ്ഥലം സംഭാവന ചെയ്ത കള്ളിക്കാട്ട് ശാസ്താപറമ്പിൽ ശ്രീ. കുഞ്ഞുമുതലാളിയേയും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്ഥലം സംഭാവന ചെയ്ത കണ്ടങ്കേരിൽ ശ്രീ കെ.കെ. ഉസ്മാൻ അവർകളേയും കൃതജ്ഞതപൂർവ്വം സ്മരിച്ച്കൊണ്ട് ആമുഖം ആരംഭിക്കുന്നു.

ബ്രിട്ടീഷ് ആധിപത്യത്തിന്റെ ചവിട്ടേറ്റു നട്ടംതിരിഞ്ഞ ഹതഭാഗ്യരായ ഭാരതീയർ തെല്ലൊരാശ്വാസത്തിന്റെ നെടുവീർപ്പിട്ടതു 1947 ആഗസ്റ്റ് 15 അർദ്ധരാത്രിക്കു ശേഷമാണ്. ഭാവിജീവിതത്തിന്റെ സ്വപ്നങ്ങളുമായി സാംസ്കാരികത്തനിമയുടെ പൈതൃകവുമായി ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഐശ്വര്യത്തിന്റെ പ്രതീക്ഷകളുമായി ഉറക്കമുണർന്ന നാം കണ്ടകാഴ്ച വേദനാജനകമായിരുന്നു. ഇൻഡ്യ-പാകിസ്ഥാൻ വിഭജനത്തിന്റെ നൊമ്പരത്തിൽ മനംനൊന്ത ഗ്രാമങ്ങളിൽ സഞ്ചരിച്ച മഹാത്മാഗാന്ധി സ്വാതന്ത്ര്യദിനത്തിന്റെ പരിവേഷങ്ങളിൽ ഒന്നും പങ്കെടുത്തില്ലെന്നുള്ളത് അർത്ഥഗർഭമായ വസ്തുതയാണ്. അന്നു മുതൽ ഇന്നോളം അരനൂറ്റാണ്ടുപിന്നിട്ടെങ്കിലും ഇന്നും ഗ്രാമങ്ങൾ അധികാരികളുടെ അവഗണനയാൽ വീർപ്പുമുട്ടുകയാണ്. ഇൻഡ്യയുടെ ആത്മാവു ഗ്രാമങ്ങളിലാണെന്നും, ഗ്രാമങ്ങളാണ് നാടിന്റെ നട്ടെല്ല് എന്നും ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയിലൂടെ മാത്രമേ രാജ്യത്തിനു അഭിവൃദ്ധിയിലേക്ക് അതിദ്രുതം പ്രയാണം ചെയ്യാൻ സാദ്ധ്യമാകൂ എന്നും ഉള്ള ആശയങ്ങൾക്ക് പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ രൂപം നല്കിയിരിക്കുകയാണ്.

മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സിദ്ധാന്തം അരനൂറ്റാണ്ടിനു ശേഷം മാത്രമാണ് പഞ്ചായത്ത് രാജിലൂടെ സാധിതപ്രായമാകുവാൻ പോകുന്നത്. ഒരു ഗ്രാമത്തിന്റെ മേഖലക്കുള്ളിൽ തന്നെ അവിടുത്തെ ജനതയുടെ മുഴുവൻ ജീവിതാവശ്യങ്ങളും നിറവേറ്റത്തക്ക തരത്തിൽ വികസനം കാഴ്ചവെക്കുക എന്നുള്ളതു ഇതിന്റെ ഭാഗമാണ്. സോവിയറ്റ് യൂണിയനിൽ നിന്നും ആരംഭിച്ച പഞ്ചവത്സര പദ്ധതിയെ അനുകരിച്ചാണ് നമ്മുടെ രാജ്യത്തു പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചത്. കേരളത്തിൽ ഇപ്പോൾ ആരംഭിക്കുവാൻ പോകുന്ന ജനകീയാസൂത്രണം ലോകത്തെ ആദ്യത്തെ സംഭവങ്ങളിൽ ഒന്നാണ്. ഇക്കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളും മുകളിൽ നിന്നും താഴേക്കായിരുന്നു ആസൂത്രണം ചെയ്തിരുന്നതെങ്കിൽ ഒൻപതാം പദ്ധതി താഴെത്തട്ടിൽനിന്ന് മുകളിലേക്കാണ് ആസൂത്രണം നടത്തുന്നത്. ഗ്രാമീണരുടെ അനുഭവങ്ങളിൽ നിന്നും ഉരുത്തിരിയുന്ന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നുള്ളതാണ് ജനകീയാസൂത്രണത്തിന്റെ കാതലായ ഭാഗം.

ഭരണഘടനയുടെ 73, 74 വകുപ്പുകൾ അനുസരിച്ചാണ് ഇപ്പോൾ പഞ്ചായത്ത്രാജ്-നഗരപാലിക ബിൽ നിയമമാക്കിരിക്കുന്നത്. സ്വതന്ത്ര്യാനന്തരം അരനൂറ്റാണ്ടോളം ഈ യഥാർത്ഥ ഭരണ സമ്പ്രദായത്തിനു വേണ്ടി ജനങ്ങൾ കാത്തിരീക്കേണ്ടിവന്നത് ഭരണവർഗ്ഗത്തിന്റെ കുറ്റകരമായ അനാസ്ഥയായി കാണാവുന്നതാണ്.

പഞ്ചായത്ത് രാജിനു വേണ്ടിയുള്ള നിയമം നമുക്ക് പാസക്കുവാൻ കഴിഞ്ഞങ്കെലും ഭരണവികേന്ദ്രീകരണത്തിനു ആവശ്യമായ ചട്ടങ്ങൾ ഇനിയുമുണ്ടാകേ

ണ്ടിരിക്കുന്നു ഉദ്യോഗസ്ഥ മേധാവിത്വ മനോഭാവം ഇന്നും ഇതിനുതടസം നില്ക്കുന്നു. ഈ മനോഭാവം മാറേണ്ടിയിരിക്കുന്നു. അഴിമതിവിമുക്തമായ ഒരു ജനകീയഭരണം സാദ്ധ്യമാക്കുവാൻ ജനങ്ങൾക്കു മാത്രമേകഴിയൂ. ജനകീയാസൂത്രണത്തിന്റെ ഫലമായി ഉയർന്നു വരുന്ന ഒരുവികസന സംസ്ക്കാരം ഇതിനു താങ്ങും തണലുമായി നില്ക്കുമെന്നുള്ളതിൽ സംശയമില്ല. താഴെത്തട്ടിലുള്ള സകല ഊർജ്ജത്തെയും സമാഹരിച്ചുകൊണ്ട് മുകളിലേക്കു വളരുക എന്ന പ്രകൃതിനിയമമാണ് ഇതിന്ഉപോൽ ബലകമായി നിൽക്കുന്നതും ജനകീയാസൂത്രണത്തിന്റെ കാതലായ ഭാഗവും ഇതുതന്നെയാണ്.

രാജ്യത്താകമാനം അലയടിച്ചുയർന്ന ജനകീയ പദ്ധതിയുടെ ആവേശകരമായനടത്തിപ്പിൽ പങ്കെടുത്ത പരശ്ശതം ജനങ്ങളുടെ പട്ടികയിൽ നമ്മുടെ പഞ്ചായത്തും ഒട്ടും പിറകിലല്ലാത്ത സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടെന്നുള്ളതും ചാരിതാർത്ഥ്യത്തിനു വകനല്കുന്നു വിശേഷാൽ ഗ്രാമസഭകൾ, പരിശീലനക്ളാസുകൾ, ആസൂത്രണകലാജാഥ എന്നിവയിൽ പങ്കെടുത്തവരുടെ എണ്ണവും അവരുടെ പ്രതികരണവും കാണിക്കുന്നതു ജനകീയപദ്ധതി ഉൾക്കൊള്ളുവാൻ അവർ ഹൃദയംതുറന്നു തയ്യാറായിരിക്കുന്നു എന്നതാണ്.

പദ്ധതി നടത്തിപ്പിനു വേണ്ടി പഞ്ചായത്തിനു ലഭിക്കുന്ന 50% പദ്ധതിവിഹിതം സർക്കാരിന്റെ തനതു ഫണ്ടിന്റെ വിഹിതം കേന്ദ്രഗവൺമെന്റെ വിഹിതം, പഞ്ചായത്തിന്റെ നികുതിയിൽനിന്ന് ലഭിക്കുന്ന തുക സന്നദ്ധസംഘടനകൾ വഴി ലഭിക്കുന്ന ഫണ്ട് തുടങ്ങിവിവിധമേഖലകളിലൂടെ ലഭിക്കുന്ന വിഭവ സ്രോതസ്സുകൾ ജനങ്ങളുടെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുവാൻ തികച്ചും ഗുണകരവും പര്യാപ്തവുമായിരിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്.

ഈ വിഭവ സ്രോതസ്സുകളെ യഥോചിതം വിനിയോഗിച്ചുകൊണ്ടു കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, വിദ്യാഭ്യാസം, കുടിവെള്ളം, പൊതുജനാരോഗ്യം, ഗതാഗതം, ഊർജ്ജം, പാർപ്പിടം, സാമൂഹ്യക്ഷേമം, സംസ്കാരം, വനിതാക്ഷേമം, സഹകരണപ്രസ്ഥാനം, പട്ടികജാതിപട്ടികവർഗ്ഗക്ഷേമം, ടൂറിസം എന്നീ അവികസിതവും വികസ്വരവുമായ വിവിധ മേഖലകളിൽ അടിസ്ഥാനപരവും ജനോപകാരപ്രദവുമായ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ജനങ്ങളുടെ അനുസ്യൂതവും അനുക്രമവുമായ വളർച്ചയ്ക്കു അടിത്തറപാകാവുന്നതാണ്.

കേരളവും ഗ്രാമപഞ്ചായത്തുകളും ആഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിയ്ക്കു പൂർണ്ണമല്ലെങ്കിലും, ഭാഗികമായിട്ടെങ്കിലും തൃപ്തികരമായ പരിഹാരം കാണുവാൻ ജനകീയാസൂത്രണത്തിനും അതുവഴി ഉരുത്തിരിയുന്ന വികസനപ്രക്രിയക്കും കഴിയുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. പദ്ധതിനടത്തിപ്പിൽ ബഹുജനപന്കാളിത്തം ഫലപ്രദമാകുബോൾ ഏറ്റെടുക്കുന്നസ്കീമുകളിടെ നടത്തിപ്പുകാര്യക്ഷമവും ശീഘ്രവും തൃപ്തികരവുമായിരിക്കുമെന്നു മാത്രമല്ല അഴിമതി തുടച്ചു നീക്കാനും കഴിയുന്നതാണ്.

ആറാട്ടുപുഴപഞ്ചായത്തിൽ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമസഭകൾ ആരംഭിച്ചതു 1996 സെപ്റ്റംബർ 22 ന് ആണ്. ഒരാഴ്ചകൊണ്ടു 12 ഗ്രാമസഭകളും പൂർത്തിയായി. ആകെ എണ്ണായിരത്തോളം ജനങ്ങൾ ഗ്രാമസഭകളിലെല്ലാം പൻകെടുത്തു നമ്മുടെ ഗ്രാമത്തിൻെ വിവിധ ജനകീയആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുള്ള ഗ്രാമസഭയിലെ ചർച്ചകളും അവയിൽ നിന്നുപൊന്തിവന്ന അഭിപ്രായങ്ങളും കർമ്മോന്മുഖരായ ഗ്രാമീണരുടെ പ്രതീക്ഷയുടെയും അഭിവാഞ്ചയുടേയും ശബ്ദമായിരുന്നു. ഇവയ്ക്കാകെ രൂപം കൊടുക്കുന്നതിനുവേണ്ടിയുള്ള രണ്ടു പരിശീലനക്ളാസ്സുകളിലേയും ജനപങ്കാളിത്തം തികച്ചും ആശാവഹമായിരുന്നു. നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായയുടെ മാറ്റം നമ്മളിൽനിന്ന് തന്നെ ആരംഭിക്കണമെന്നുള്ള ഉത്കടമായ വികാരം പരിശീലകരുടെ മുഖങ്ങളിൽ ദൃശ്യമായിരുന്നു. ആറാട്ടുപുഴപഞ്ചായത്തിലെ സാംസ്കാരികത്തനിമയുടെയും ബഹുമുഖരാഷ്ട്രീയബോധത്തിന്റെയും ത്യാഗപൂർണ്ണമായ സേവനതൃഷ്ണയുടേയും അടിത്തറയിൽ ഭൂതകാലമഹാൻമാരുടെ സംഭാമനകളിൽനിന്നു ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ടു ജനകീയാസൂത്രണവും നിർവഹണവും യാഥാർത്ഥ്യമാക്കാൻ ആനുകാലികദശാസന്ധി നമ്മളെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളിനേരിടാൻ കൈവന്ന അസുലഭമായ ഈ അവസരം ജീവിതനിയോഗമായി കണ്ടുകൊണ്ടു ആറാട്ടുപുഴപഞ്ചായത്തിന്റെ സമഗ്രവികസനരേഖ നാളെയുടെ യാഥാർത്ഥ്യമാക്കുവാനുള്ള യജ്ഞമഹോത്സവത്തിൽ പങ്കുചേരാനുള്ള ദൃഢ പ്രതിജ്ഞ ഹൃദയപൂർവ്വം നമുക്ക് സ്വീകരിക്കാം.

"ഉത്തിഷ്ഠത, ജാഗ്രത" അതായിരിക്കട്ടെ നമ്മുടെ വികസനമുദ്രാവാക്യം.



2

ചരിത്രം

അറബിക്കടലിന്റെ കിഴക്കേതീരത്ത് കായംകുളം കായലിന്റെ ഇരുകരകളിലുമായി 13.8 കി. മി. നീളത്തിൽ പടിഞ്ഞാറേക്കരയിൽ വല്ല്യഴീക്കൽ മുതൽ മംഗലംവരെയും കിഴക്കേകരയിൽ കിളിമുക്ക് മുതൽ മുണ്ടുകാടുവരേയും വ്യാപിച്ച് കിടക്കുന്ന ഭൂപ്രദേശമാണ് ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്.

12-ാം ശതകത്തിലോ 13-ാം ശതകത്തിലോ കടലിൽ ആണ്ടുപോയ ശ്രീമൂലവാസത്തെ ബുദ്ധക്ഷേത്രത്തിലെ ആറാട്ടുനടന്നിരുന്ന പവിത്രസ്ഥാനമായിരുന്നതിനാലാണ് ആറാട്ടുപുഴയെന്ന് പേര് കിട്ടിയതെന്ന് പറയപ്പെടുന്നു. കടലലകളും കായലിലെ ചിറ്റോളങ്ങളും കണ്ട് വളരുന്ന ജനതതി. കയറുപിരിച്ചും മത്സ്യബന്ധനം നടത്തിയും, മറ്റു അനുബന്ധമേഖലകളിൽ പണിയെടുത്തും ജീവിച്ച് പോരുന്നവർ. ഏറിയക്കൂറും പട്ടിണിപ്പാവങ്ങൾ, ആറാട്ടുപുഴ ഗ്രാമത്തിന്റെ ചരിത്ര പശ്ചാതലത്തെപ്പറ്റി പഴമക്കാർ പറഞ്ഞ് കേട്ടിട്ടുള്ളതും. ചരിത്രകാരന്മാർ രേഖപ്പെടുത്തിട്ടുള്ളതുമായ ഒട്ടേറെ കഥകളുണ്ട്. കണ്ണീരിന്റെയും നഷ്ടബോധത്തിന്റെയും കഥകൾ മാത്രമല്ല വീരേതിഹാസത്തിന്റെയും കഥകളും അവയിലുണ്ട്.

ഒരുകാലത്ത് കായംകുളം കായൽ നൂറുമേനി വിളയുന്ന നെൽപ്പാടങ്ങളായിരുന്നു എന്ന് പറയപ്പെടുന്നു. തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മ രാജ്യ വിസ്തൃതിക്കായി പടയോട്ടം നടത്തിവന്ന് കായംകുളം രാജാവിനെ യുദ്ധത്തിൽ തോൽപിച്ചതായി ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. ആ തോൽവിയിൽ നിന്നുണ്ടായ നൈരാശ്യവും വൈരാഗ്യവും മൂലം തന്റെ നാവികപ്പടയാളികളായ ആറാട്ടുപുഴയിലെ അരയന്മാരെക്കൊണ്ട് പൊഴിമുറുപ്പിച്ച് സമുദ്രജലം കയറ്റിവിട്ട് ഫലഭൂഷ്ടമായ കൃഷിയിടം നശിപ്പിച്ചുവെന്നാണ് കേട്ടറിവ്. അങ്ങനെ നൂറ് മേനിവിളഞ്ഞിരുന്ന കൃഷിയിടങ്ങൾ മത്സ്യസമ്പത്ത് വിളയുന്ന കായലായി രൂപാന്തരപ്പെട്ടു.

ആറാട്ടുപുഴയുടെ ഭൂതകാല സാമൂഹ്യ ബന്ധം ഇന്നുള്ളതിൽ നിന്നും എല്ലാം വ്യത്യസ്ഥമായിരുന്നു. പൗരാണികകാലത്ത് ബ്രാഹ്മണരുടേയും മറ്റ് സവർണ്ണരുടേയും ആവാസകേന്ദ്രമായിരുന്നുള്ളതെന്ന് സ്ഥലനാമങ്ങളും കേട്ടറിവും, ചരിത്ര സൂചനകളും കൊണ്ട് മനസ്സിലാക്കുവാൻ സാധിക്കും. ആയതിലേക്ക് വെളിച്ചം വിശുന്നവയാണ് പോരുമഠം, ഇല്ലത്തുകാട്, പുതുശ്ശേരി മഠം, മഠത്തിൽ കിഴക്കതിൽ പനയ്ക്കൽ എന്ന മനയ്ക്കൽ, വട്ടപ്പറമ്പ് സ്വരൂപം എന്നിവ. ഇവയൊക്കെ കടലുകയറി നശിച്ച് പോയിടുള്ളതാണെന്ന് പറയപ്പെടുന്നു. അന്നുണ്ടായിരുന്ന സവർണ്ണരെല്ലാം തന്നെ താമസംമാറിപ്പോയിട്ടുള്ളതാവാമെന്ന് അനുമാനിക്കാം.

ഈ തീരഭൂമിയും ഇന്ന് കാണുന്ന അതിരിൽ നിന്നും കിലോമീറ്ററുകൾ അപ്പുറംവരെ ഫലഭൂഷ്ടമായ കരയായിരുന്നുവെന്ന് പഴമക്കാർ പറഞ്ഞ് കോട്ടിട്ടുണ്ട്. മാത്രമല്ല – ആറാട്ടുപുഴയിലെ പത്തിശ്ശേരി ഭദ്രകാളിക്ഷേത്രത്തിനു പടിഞ്ഞാറ് കമ്പോളവും തുറമുഖവും ഉണ്ടായിരുന്നുവെന്നത് ഒരു ചരിത്രവസ്തുതയാണ്.

കറുത്തപൊന്നും സുഗന്ധ വ്യജ്ഞനങ്ങളും തേടി വിദേശിയരായ അറബികളും അവർക്കു പിന്നാലെ പോർട്ടിഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും ആറാട്ടുപുഴയിലെത്തിയിരുന്നു. മതപ്രചാരണത്തിനും കച്ചവടത്തിനുമായി വന്നവരാണവർ. കച്ചവടക്കണ്ണുള്ള കച്ചിക്കാരായ സേട്ടുന്മാരും പണ്ടിശാലകൾ കെട്ടികച്ച

വടം നടത്തിയിരുന്നതായി ചരിത്ര രേഖകളുണ്ട്. മാത്ര മല്ല സ്വന്തം പടവുകൾ (പാക്കപ്പലുകൾ) വച്ചു വിദേശ രാജ്യങ്ങളുമായി കച്ചവട ബന്ധം സ്ഥാപിച്ചിരുന്ന. ഈഴവ കുടുംബങ്ങളുടെയും മുസ്ലിം കുടുംബങ്ങളു ടേയും തായ്വഴികൾ ഇപ്പോഴും ആറാട്ടുപുഴയിലും പരി സര പ്രദേശങ്ങളിലും ജീവിച്ചുപോരുന്നു.

തിരുവിതാംകൂറിലെ വലിയ ദിവാൻജി എന്നറി യപ്പെട്ടിരുന്ന രാജാകേശവദാസൻ ആലപ്പുഴയിൽ കടൽപാലം നിർമ്മിച്ച് തുറമുഖം സ്ഥാപിക്കുകയും ആറാട്ടുപുഴയിൽ തമ്പടിച്ചിരുന്ന. കച്ചിക്കാരായ സോട്ടു ന്മാരെ അവിടേത്ത് അകർഷിച്ചു കൊണ്ടു പോകുന്ന തുവരെ ആറാട്ടുപുഴയുടെ പ്രശസ്തി നിലനിന്നിരുന്നു. അന്ന് വിദേശീയ ശില്പമാതൃകയിൽ നിർമ്മിച്ച മുസ്ലിം പള്ളി പിൽക്കാലത്ത് കടലെടുത്തു നശിച്ചുപോയി. എന്നാൽ കള്ളിക്കാട്ട് കാണുന്ന ക്രിസ്ത്യൻ പള്ളി പഴ മയുടെയും മതസൗഹാർദ്ദത്തിന്റെയും പ്രതീകമായി ഉയർന്നു നിൽക്കുന്നു. അതിന്റെ കിഴക്കുവശമുള്ള കട വിന് പള്ളിക്കടവെന്നും വിളിച്ച് പോരുന്നു.

ആറാട്ടുപുഴയിലെ കള്ളിക്കാടും, വലിയകാടും, കള്ളിമുള്ളും കണ്ടൽക്കാടുകളും വളർന്ന് വനപ്രദേശ പ്രതീതി ജനിപ്പിക്കുന്ന പ്രദേശമായിരുന്നുവെന്ന് പറയ പ്പെടുന്നു. വലിയക്കാട്, കായംകുളം കൊച്ചുണ്ണിയു ടെയും, പുളിമുട്ടിമയുടെയും ഒളിത്താവളമായിരുന്നു എന്നും കേൾവി ഉണ്ട്.

ആറാട്ടുപുഴയിൽ പ്രതാപത്തോടെ വാണിരുന്ന പെരുമാൾ ചേകവരെന്ന് വിളിച്ചിരുന്ന ചെറുമാളഛന്റെ വലിയ കടവുവീട് കടലാക്രമണത്തിൽ നശിച്ചുപോയത് 1087-ാം മാണ്ടിലാണ്. ആ വലിയ കടവുകുടുംബത്തിലെ ഏകാവകാശിയായിരുന്നു ആറാട്ടുപുഴ വേലായുധപണി ക്കർ.

ആ കാലഘട്ടിൽ അവർണ്ണരുടെ മേൽ നിരവധി അനാചാരങ്ങൾ സവർണ്ണർ അടിച്ചേല്പിച്ചിരുന്നു. അതി നെതിരെ പണിക്കർ പ്രതികരിച്ചു കൊണ്ട് ആറാട്ടുപുഴ വടക്കയറ്റത്ത് മംഗലം ദേശത്ത് (വൈക്കത്ത് പോയി താന്ത്രിക വിദ്യ ആഭ്യസിച്ച് മടങ്ങിവന്ന്) ഒരുക്ഷേത്രം പണിയിച്ച് ശിവനെ പ്രതിഷ്ഠിക്കുകയും സവർണ്ണർക്കെ തിരെ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഇത് കേരളത്തിലെ ആദ്യസംഭവം എന്ന് പറയാം. കൂടാതെ സവർണ്ണ സ്ത്രീകളെപ്പോലെ മുട്ടിനു താഴെ മുണ്ടുടുക്കുവാനും മാറുമറയ്ക്കാനും മുക്കുത്തി യിടാനും അവർണ്ണ സ്ത്രീകൾക്കും അവകാശമുണ്ടെന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് പത്തിയൂരും പരിസരപ്ര ദേശങ്ങളിലും നിന്ന് അവർണ്ണ സ്ത്രീകളെ സംഘടി പ്പിച്ച് മുട്ടിനു താഴെ മുണ്ടുടുപ്പിച്ച് മാറുമറച്ച് മുക്കുത്തി യിടുപ്പിച്ചു കായംകുളത്തേക്ക് ജാഥനയിച്ചതും പണി ക്കർ തന്നെയായിരുന്നു.

അധ: സ്ഥിത വർഗ്ഗത്തിന്റെ പടനായകനായിരുന്ന ഈ മഹാത്മാവിനെ 1049 ധനുമാസം 24-ാം തീയതി അർദ്ധരാത്രിയിൽ തറയിൽകടവ് ശ്രീകുറയിപ്പശ്ശേരിൽ ദേവീക്ഷേത്രത്തിന് കിഴക്കു കായലിൽ കാണുന്ന വിള ക്കുമരത്തിനടുത്തുവച്ച് കരുതികൂട്ടികാത്തിരുന്ന എതി രാളികൾ ആക്രമിക്കുകയും സംഘത്തിലുണ്ടായിരുന്ന സ്വന്തം ബന്ധുവലയത്തിൽപ്പെട്ട ഒരാൾ അദ്ദേഹത്തെ മൃഗീയമായി കൊലപ്പെടുത്തുകയും ചെയ്തു. കാലഘ ട്ടത്തിന്റെ വെല്ലുവിളികൾ എറ്റെടുത്ത് വിജയസോപാ നങ്ങളേറിയ ആറാട്ടുപുഴ വേലായുധപ്പണിക്കരെ നമുക്ക് അഭിമാനപൂർവ്വം സ്മരിക്കാം.

എടുത്ത് പറയാവുന്ന വ്യക്തിവിശേഷത്തോട് കൂടി രണ്ട് സ്വാമിമാർ ഇക്കാലത്ത് ആറാട്ടുപുഴ ഗ്രാമപ ഞ്ചായത്തിലെ ഒന്നാം വാർഡായ മംഗലത്ത് ജീവിച്ചി രുന്നു. ആര്യഭട സ്വാമികളെന്ന് വിഖ്യാതനായിരുന്ന പുത്തൻതോപ്പിൽ പത്മനാഭപ്പണിക്കരും, മംഗളാനന്ദ സ്വാമികളെന്ന് കേൾവികേട്ട മംഗലത്ത് മാധവനും മിക വുറ്റ സാഹിത്യകാരന്മാരും കവികളും ഉജ്ജ്വലവാഗ്മി കളുമായിരുന്നു. ശ്രീ നാരായണ സന്ദേശം പ്രചരിപ്പി ക്കുന്നതിൽ അദ്വിതീയരായ ഇവരിരുവരും ആറാട്ടുപു ഴയുടെ സംഭാവനയാണ്.

കഥകളിയുടെ രംഗത്തും അഭിമാനിയ്ക്കാൻ വക ആറാട്ടുപുഴയ്ക്കുണ്ട്. ഈ രംഗത്ത് അറിയപ്പെടുന്ന കലാകാരന്മാരായിരുന്ന കാലയവനികയ്ക്കുള്ളിൽ മറ ഞ്ഞുപോയ കണ്ടത്തിൽ വേലായുധനും കറുത്ത കൊച്ചും കഥകളി പ്രോത്സാഹിപ്പിക്കുന്നതിനായി ശ്രീ വേലായുധന്റെ നേതൃത്വത്തിൽ കള്ളിക്കാട് കേരള കലാ നിലയം എന്ന ഒരു കഥകളി വിദ്യാലയവും അക്കാലത്ത് സ്ഥാപിച്ചിരുന്നു. ആറാട്ടുപുഴയിൽ മംഗലത്തു നാമ്പെ ടുത്ത കഥകളി പ്രസ്ഥാനത്തെ പിൻപറ്റി തെക്കൻ മേഖ ലയിലുള്ള ശ്രീകുറിയപ്പശ്ശേരി ക്ഷേത്രത്തിന്റെ ആഭിമു ഖ്യത്തിൽ കഥകളിയോഗം ഉണ്ടായിരുന്നു. കടൽകയറി നശിച്ച പ്രസ്തുത ക്ഷേത്രത്തിന് 800 വർഷത്തിലേറെ പഴക്കമുണ്ടെന്നാണ് കേട്ടറിവ്. ഇന്നും ക്ഷേത്രോത്സവ ത്തോട് അനുബന്ധിച്ച് എല്ലാവർഷവും കഥകളി നട ത്തിവരുന്നു. കാവ്യരംഗത്ത് ശോഭിച്ചിരുന്ന കള്ളിക്കാട് അദ്ധ്യാത്മ സൂരിവാസുവും, പെരുമ്പള്ളി എം.കെ. വാസുദേവനും സ്മരണീയരാണ്.

നാടൻ കലകളോടൊപ്പം തന്നെ നാടക പ്രസ്ഥാ നത്തിന്റെ ഒരു ശോഭനമായ കാലഘട്ടത്തിനും ആറാ ട്ടുപുഴ സാക്ഷ്യം വഹിച്ചിട്ടുണ്ട്. നാടക പ്രസ്ഥാനങ്ങ ളുടെ വളർച്ചയ്ക്ക് മികവുറ്റ സംഭാവന നൽകിയവരിൽ ഒരാളാണ് കെ.കെ. കുന്നത്ത്, എം.എസ്. കൃഷ്ണൻകുട്ടി, പി.കെ. ബാലകൃഷ്ണൻ, മണ്ണേൽ സുകുമാരൻ എന്നിവരും ഈ രംഗത്തെ പ്രശസ്തരാണ്. ആധുനിക സാഹിത്യരംഗത്തെ പ്രശസ്തനായ പ്രൊഫ. രാജീവൻ, ഹൗസിംഗ് ബോർഡ് ചെർമാനായിരുന്ന

എം.ഗോപി, പത്രപ്രവർത്തകനായ ടി.കെ. ഗോപി എന്നിവർ ഈ നാടിന്റെ സംഭാവനയാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് ആറാട്ടുപുഴ അതിന്റേതായ സംഭാവന നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചവയൊക്കെ പൂർവ്വകാല പൈതൃകത്തിന്റെ സ്മരണികയാണെങ്കിൽ ദേശീയ പ്രസ്ഥാനത്തിന്റേയും ബഹുജന മുന്നേറ്റത്തിന്റെയും വിജയഗാഥയും നമ്മുക്ക് മുന്നിലുണ്ട്.

തിരുവിതാംകൂറിലെ ആദ്യജനകീയ മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ. എ. അച്യുതൻ, മാവനാൽ കുട്ടൻതമ്പി, പള്ളിക്കടവിൽ ഡോ. പി.ആർ. പരമേശ്വരൻ, പെരുമ്പള്ളി സി.എ. ഗംഗാധരൻ, മണിവേലിക്കുളത്തിൽ എം.കെ. കരുണാകരൻ, കൊച്ചുതെക്കതിൽ എം.കെ. ഭാസ്കരൻ, കള്ളിക്കാട് കാട്ടിൽ കേശവൻ, ആറാട്ടുപുഴ തയ്യിൽ കിഴക്കതിൽ ഉമ്മർകുട്ടി, റ്റി.കെ. ദിവാകരൻ തുടങ്ങി ഒട്ടേറെ പ്രവർത്തകർ സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുത്തവരിൽപ്പെടുന്നു.

ദേശീയ പ്രസ്ഥാനമുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു കൊണ്ടിരുന്നവരുടെ നേതൃത്വത്തിൽ സമഭാമിനി എന്ന ഒരു യുവജനസമാജം രൂപീകരിക്കുകയും എല്ലാ താൽപ്പര്യങ്ങൾക്കും അതീതമായി നാട്ടുകരെയൊക്കെ സമഭാവിനിയുടെ കീഴിൽ അണിനിരത്തികൊണ്ട് കടപ്പുറത്ത് നിന്ന് തുരുത്തിലേക്ക് ബലവത്തായ ഒരുചിറ നിർമ്മിക്കും. ദേശീയ പ്രസ്ഥാനകാലഘട്ടത്തിൽ നടന്ന ഒരു പ്രധാന സന്നദ്ധ പ്രവർത്തനമാണിത്.

തിരുവിതാംകൂറിലെ പട്ടം താണുപ്പിള്ള മന്ത്രിസഭയിൽ ട്രാൻസ്പോർട്ട് -തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എ.അച്ചുതൻ ആറാട്ടുപുഴ പഞ്ചായത്തിൽ വൈദ്യുതിയും കുഴൽ കിണറും എത്തിക്കുന്നതിൽ ശ്ലാഘനീയമായ പ്രവർത്തനമാണ് നടത്തയിട്ടുള്ളത്. സി. കേശവൻ മന്ത്രിസഭയുടെ കാലത്തും ഒരു കുഴൽക്കിണർ ഇവിടെ സ്ഥാപിച്ചിരുന്നു.

ഭൂസ്വത്തുക്കളിൽ ഭൂരിഭാഗവും ഒരു പിടിജന്മിമാരുടെ കൈവശമായിരുന്ന ആറാട്ടുപുഴയിൽ ഭൂമിയ്ക്കു വേണ്ടിയുള്ള സമരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷക സംഘത്തിന്റെയും നേതൃത്വത്തിൽ അതിശക്തമായി നടന്നിരുന്നു. 1957ൽ നിയമസഭ പാസാക്കിയതും 1970 ൽ മാത്രം പ്രാബല്യത്തിൽ വന്നതുമായ കാർഷിക ബന്ധനിയമം നടപ്പിലാക്കി കിട്ടുന്നതിന് വേണ്ടി ആറാട്ടുപുഴയിൽ കള്ളിക്കാടും രാമഞ്ചേരിയിലും ധീരോജ്ജ്വലമായ പോരാട്ടമാണ് നടത്തിയത്. സാമൂഹിക മാറ്റത്തിനു വേണ്ടിയുള്ള ഒട്ടേറെ പ്രക്ഷോഭങ്ങൾക്ക് ധീരമായി നേതൃത്വം നൽകിയ ശ്രീ. പി. ആർ. വാസുവിന് പോലിസിന്റെ ക്രൂരമായ മർദ്ദനത്തിന് ഇരയാകേണ്ടിവന്നിട്ടുണ്ട്. ശ്രീ. പി.ആർ. വാസുവിന്റെ നേതൃത്വത്തിൽ കള്ളിക്കാട്ട് നടത്തിയ, കുടികിടപ്പ് സമരത്തിൽ പോലീസിന്റെ വെടിയേറ്റ് ശ്രീ നിലകണ്ഠനും ശ്രീമതി ഭാർഗ്ഗവിയും രക്തസാക്ഷികളായി. ഈ സമരങ്ങൾ കൊടികുത്തിവാണിരുന്ന ഫ്യൂഡൽ ജന്മിത്വത്തെ അപ്രത്യക്ഷമാക്കി. ഭൂപരിഷ്കരണ നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂമിയുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റം സാമൂഹിക ജീവിതത്തിലും ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

ആറാട്ടുപുഴ പഞ്ചായത്ത് നിലവിൽ വരുന്നതിന് തൊട്ട്മുമ്പ് ഇവിടെ വില്ലേജ് യൂണിയൻ നിലവിൽ വന്നിരുന്നു. ശ്രീ റ്റി.എൻ. നാരായണൻ ആയിരുന്നു വില്ലേജ് യൂണിയന്റെ ആദ്യത്തെ പ്രസിഡന്റ്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നതനേതാവും സാഹിത്യകാരനുമായിരുന്ന ശ്രീ കെ.ജി. നാരായണൻ ആയിരുന്നു പഞ്ചായത്തിലെ തെരഞ്ഞെടുക്കുപ്പെട്ട ആദ്യത്തെ പ്രസിഡന്റ്. 1955 മുതൽ 1957 വരെ പ്രസിഡന്റായി അദ്ദേഹം തുടർന്നു. കെ.ജി. നാരായണൻ ദേവസ്വം ബോർഡ് മെമ്പറായതിനെ തുടർന്ന് ശ്രീ. എം. ഉസ്മാൻ പ്രസിഡന്റായി. 1967 ൽ ശ്രീ എം. ഉസ്മാൻ വീണ്ടും പ്രസിഡന്റായി. ഒരു ധനാഢ്യകുടുംബത്തിൽ ജനിച്ച അദ്ദേഹം തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങളോട് കൂറ് പുലർത്തുകയും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് ശ്രീ. എം. ഗോപിയും ശ്രീ. എം.വി. കുമാരനും പ്രസിഡന്റുമാരായി. 1971 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി.ആർ. വാസു പ്രസിഡന്റായി. ശേഷം 1989 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എ.എ. ജലീൽ പ്രസിഡന്റായി തുടർന്നു. 1995 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കമലാലയം സദാശിവൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം പൂർണ്ണമല്ലെങ്കിലും സാമാന്യമായി പ്രതിപാദിച്ചിട്ടുണ്ടെന്ന് കണക്കാക്കാം. കാലഗതിയിൽ തപ്പിയും തടഞ്ഞും മുന്നോട്ട് പോകുമ്പോൾ - ഒന്ന് തിരിഞ്ഞ് നോക്കിയാൽ ഭൂതകാല പൈതൃകവും രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ ഉള്ള വളർച്ചയും നമ്മെ ചാരിതാർത്ഥ്യമുള്ളവരാക്കിയേക്കാം. പക്ഷെ ഉൽപ്പാദന മേഖല മുരടിച്ച് നിൽക്കുന്നു. ! തൊഴില്ലിലായ്മ തുടരുന്നു. സ്ത്രീ പിഡനവും അവരോടുള്ള അവഹേളനവും വർദ്ധിച്ച് വരുന്നു. മതനിരപേക്ഷതയുടെ മുമ്പിൽ ഉയരുന്ന വെല്ലുവിളികളും ഭൂഷണമല്ല. കാർഷിക മേഖല ഉത്തേജിപ്പിച്ചാൽ മാത്രമേ സാമ്പത്തിക വളർച്ച കൈവരിക്കാൻ കഴിയു. തൊഴില്ലിലായ്മ പരിഹരിക്കണം. ഇച്ഛാശക്തിയുള്ള യുവ തലമുറയെ വാർത്തെടുക്കണം എങ്കിൽ മാത്രമേ സംസ്കാരവും നീതിനിഷ്ഠയുമുള്ള ഒരു സമൂഹം കെട്ടിപ്പെടുത്താൻ കഴിയു. ഇവ പരിഹരിക്കാനുള്ള ഊർജ്ജം സമ്പന്നമായ ഭൂതകാലത്തിൽ നിന്ന് സമാഹരിക്കാമെന്നുള്ള ദൃഢ വിശ്വാസത്തോടെ നമുക്ക് മുന്നേറാം.



3

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി

ആലപ്പുഴ ജില്ലയുടെ തെക്കേയറ്റം അറബി കടലിനോട് ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിനെ കായംകുളം കായൽ രണ്ടായി വിഭജിക്കുന്നു കായലിന് പടിഞ്ഞാറ് 9 വാർഡുകളും കിഴക്ക് മൂന്ന വാർഡുകളും ഉൾക്കൊള്ളുന്നു. വടക്ക് തൃക്കുന്നപ്പുഴ പഞ്ചായത്തും കിഴക്ക് കാർത്തികപ്പള്ളി, ചിങ്ങോലി, മുതുകുളം, കണ്ടല്ലൂർ എന്നീ പഞ്ചായത്തുകളും തെക്ക് കായംകുളം പൊഴിയും പടിഞ്ഞാറ് അറബിക്കടലും അതിരുകളായി സ്ഥിതി ചെയ്യുന്നു കാർത്തികപ്പള്ളി വരെയും കുട്ടനാട്ടിൽ കൂടി തൃക്കുന്നപ്പുഴ വഴിയും. പമ്പാനദിയുടെ ഭാഗങ്ങൾ ഒത്തുചേർന്ന് കായംകുളം കായൽ വഴി അറബി കടലിൽ പതിക്കുന്നു. കടലിന്റെ സാമീപ്യം കൊണ്ട് ഏറിയ കാലവും ഈ കായലിൽ ഉപ്പ് വെള്ളമാണ്. ഉൾനാടൻ മത്സ്യതൊഴിലാളികളുടെയും കക്കാവാരൽ തൊഴിലാളികളുടെയും ആശാകേന്ദ്രമാണ് ഈ കായൽ ദേശീയ ജലപാതയ്ക്കും കായംകുളം താപനിലയത്തിന് വേണ്ടിയും കായൽ ആഴം കൂട്ടുന്നത് കൊണ്ട് തൊഴിലാളികൾ വൻ ഭീഷണിയെ നേരിടുന്നു.

കടൽ തീരത്തോട് ചേർന്ന് കിടക്കുന്ന ഭാഗം മണൽ പ്രദേശവും കായലിനോട് ചേർന്ന ഭാഗം ചെളിയും മണലും കലർന്ന പ്രദേശവുമാണ്. ആയതിനാൽ തെങ്ങ് കൃഷിക്ക് പ്രസിദ്ധമാണ്. പൊതുവെ സമതല പ്രദേശമാണെങ്കിലും കടൽതീരം താരതമ്യേന ഉയർന്ന് നിൽക്കുന്നു.

ഭൂമി സംബന്ധിച്ച് വിവരങ്ങൾ

ഭൂമിയുടെ	വിസ്തൃതി 2130 ഹെക്ടർ 25 ആർ 4 സ്ക്വയർ മീറ്റർ
പുരയിടം (ചിറ, തോട്, നികന്നത്)	853 ഹെക്ടർ 13 ആർ 11 സ്ക്വയർ മീറ്റർ
നിലം	46 ഹെക്ടർ 83 ആർ 5 സ്ക്വയർ മീറ്റർ പുറംപോക്ക് 1230 ഹെക്ടർ 28 ആർ 85 സ്ക്വയർ മീറ്റർ

(വില്ലേജ് ആഫീസിൽ നിന്നും ലഭ്യമായ വിവരം)

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം 5480 ഭവനങ്ങളിലായി 29463 ജനങ്ങൾ അധവസിക്കുന്ന അതിൽ 14611 പുരുഷൻമാരം 14852 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 241 സ്ത്രീകൾ കൂടുതലാണ്. ശരാശരി വീടൊന്നിന് 5.3 ആളുകൾ വീതമുണ്ട്. 615 പുരുഷന്മാരും 644 സ്ത്രീകളുമടക്കം ആകെ 1259 പട്ടികജാതി വിഭാഗക്കാരുണ്ട്. ആകെ ജനസംഖ്യയിൽ 23634 പേർ സാക്ഷരരാണ്. അതിൽ 12098 പുരുഷന്മാരും 11536 സ്ത്രീകളുമുണ്ട് വാർഡ്തലത്തിൽ ജനസംഖ്യാ വിവരങ്ങൾ പട്ടിക പെടുത്തിയിരിക്കുന്നു.

ആറാട്ടുപ്പുഴ ഗ്രാമ പഞ്ചായത്ത്

വീടുകൾ ജനസംഖ്യ എന്നിവയെക്കുറിച്ചുള്ള പട്ടിക (1991 സെൻസസ് പ്രകാരം)

			ആകെ ജനസംഖ്യ			പട്ടികജാതി			സാക്ഷരത		
വാർഡുകൾ	ആകെ വീടുകൾ	താമസമുള്ള വീടുകൾ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	532	532	1175	1286	2461	77	96	173	974	978	1952
2	468	465	1318	1306	2624	179	186	265	1149	1036	2185
3	527	520	1883	1680	3563	57	53	110	1595	1318	2913
4	583	579	1683	1598	3281	83	64	147	1380	1245	2625
5	456	451	1137	1244	2381	35	40	75	963	988	1951
6	635	635	1656	1692	3348	68	83	151	1354	1340	2694
7	451	441	1288	1219	2507	43	61	104	1048	934	1982
8	498	497	1447	1411	2858	38	30	68	1134	1059	2193
9	419	419	934	1017	1951	22	12	34	786	790	1576
10	482	482	973	1237	2210	6	8	14	800	948	1748
11	463	459	1117	1162	2279	7	11	18	915	900	1815
ആകെ	5514	5480	14611	14852	29463	615	644	1259	12098	11536	23634

വിദ്യാഭ്യാസ രംഗത്ത് ആലപ്പുഴ ജില്ലയിൽ താരതമ്യേന പിന്നോക്കം നിൽക്കുന്ന ഒരു തീരദേശ പഞ്ചായത്താണിത്. എന്നാൽ സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി കുറെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് ആവശ്യമായ സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന വരെ കുറിച്ചുള്ള സ്ഥിതി വിവിര കണക്കുകൾ (1991 സെൻസസ് പ്രകാരം)

പ്രധാന തൊഴിലിൽ ഏർപ്പെട്ടവർ		കർഷക തൊഴിലാളികൾ		മത്സ്യബന്ധനം		കക്കാവാരൽ		കുടിൽ വ്യവസായം		കുടിൽ വ്യവസായ മേഖലയിൽ ഉൾപ്പെടാത്തവൻ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
6248	2164	317	54	3248	17	73	24	117	299	498	1398

നിർമ്മാണ തൊഴിലാളികൾ		വ്യാപാര മേഖല		ഗതാഗതം വാർത്താവിനിമയം		മറ്റ് സേവനങ്ങൾ		ഭാഗിക ജോലികൾ		തൊഴിലില്ലാത്തവർ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
211	12	777	72	198	6	726	303	171	238	8192	12450

അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയെങ്കിൽ മാത്രമേ ഇതിന് തെല്ലെങ്കിലും പരിഹാരം കാണാൻ കഴിയൂ

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന തെങ്ങ് കൃഷി ഇന്ന് ആനാകർഷകമായിട്ടുണ്ട്. മറ്റ് തൊഴിൽ മേഖലകളിലേക്കുള്ള കടന്ന് കയറ്റം വർദ്ധിച്ചിരിക്കുകയാണ്. പരമ്പരാഗത തൊഴിൽ മേഖലകളായ കയറും മത്സ്യ ബന്ധനവും ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. തൊഴിലെടുക്കുവാൻ ശേഷിയുള്ളവരിൽ മൂന്നിലൊന്ന് വിഭാഗത്തിന് യാതൊരു തൊഴിലുമില്ല. താരതമ്യേന ജാതീയ ചിന്തകളും വിഭാഗീയ താൽപ്പര്യങ്ങളും കുറവുള്ള ഒരു പഞ്ചായത്താണിതെന്ന് നമ്മുക്ക് അഭിമാനിക്കാം 100% വും പിന്നോക്ക ജാതിക്കാർ മാത്രം ഉൾക്കൊള്ളുന്ന പഞ്ചായത്താണിത്.

ജലപ്രകൃതി

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന കാലവർഷവും ഒക്ടോബർ നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് ഈ പ്രദേശത്തെ പ്രധാന ജലലഭ്യത. ഈ പഞ്ചായത്തിൽ 18 കുഴൽകിണറുകളും, 4 പൊതു കിണറുകളും, 478 ടാപ്പുകളും, 9 തോടുകളുമുണ്ട്. ഇവയ്ക്ക് പുറമെ സ്വകാര്യ കിണറുകളും കുളങ്ങളും, നിരവധിയുണ്ട്. കുടിവെള്ളം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ആവശ്യാനുസരണം എല്ലായ്പ്പോഴും ലഭിക്കുന്നില്ല. തോടുകളും കായലുകളും മറ്റ് ജല സ്രോതസ്സുകളും ഉള്ളതിനാൽ വരൾച്ച ഒരു പ്രധാന പ്രശ്നമല്ല. ഏപ്രിൽ, മെയ് മാസങ്ങളിലാണ് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.





4

വികസന മേഖല അവലോകനം



4.1 കൃഷി ജലസേചനം

ആറാട്ടുപുഴയിലെ നാണ്യവിള നാളീകേരമാണ്. കായംകുളം കായൽ ഈ ഗ്രാമത്തെ രണ്ട് ഭാഗങ്ങളാക്കി മാറ്റുന്നു. അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ഈ തീരദേശ ഗ്രാമത്തിന് 13.8 കി. മി. നീളമുണ്ട്.

മുഖ്യ കൃഷി തെങ്ങാണ്. ഇടവിളയായി കിഴങ്ങ് വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, വാഴ എന്നിവ കൃഷി ചെയ്യുന്നു. പഴയ കാലത്ത് മുഖ്യജീവനോപാധി മത്സ്യ ബന്ധനവും കയർ വ്യവസായവും കൃഷിയും അനു ബന്ധ തൊഴിലുകളുമായിരുന്നു ഗ്രാമത്തിന്റെ ആകെ വിസ്തീർണ്ണം 2130 ഹെക്ടർ ആണ്. ഇതിൽ 1647 ഹെക്ടർ പുരയിടവും, കൃഷിയോഗ്യമായ 130 ഹെക്ടർ തരിശ് ഭൂമിയും, 230 ഹെക്ടർ പുറംപോക്ക് കൈവശ ഭൂമിയും കൃഷിയോഗ്യമല്ലാത്ത 76 ഹെക്ടർ ഭൂമിയും 47 ഹെക്ടർ മുണ്ടക നിലവുമുണ്ട്.

പഞ്ചായത്തിലെ ഭൂമി പൊതുവെ സമനിരപ്പാണ്. സാധാരണ തോടുകൾ നമ്മുടെ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്. പഞ്ചായത്തിന്റെ തെക്കേ അതിർത്തി യിൽ വല്ല്യഴീക്കൽ പൊഴി സ്ഥിതി ചെയ്യുന്നു. പഞ്ചായ ത്തിന്റെ കിഴക്ക് ഭാഗം സമുദ്ര നിരപ്പിൽ നിന്ന് ഒരു കി. മി. താഴെയും പടിഞ്ഞാറ് ഭാഗം 1 മുതൽ 2 വരെ മീറ്റർ ഉയരത്തിലുമാണ്. കായലിനും കടലിനുമിടയിൽ ഉണ്ടാ യിരുന്ന ഭൂപ്രദേശത്തിന്റെ വീതി 50 വർഷങ്ങൾക്ക് മുമ്പ് ഉദ്ദേശ്യം രണ്ട് കിലോമീറ്ററിൽ അധികമായിരുന്നു. കൃഷി യിടം കഴിഞ്ഞ് കൈതക്കാടുകളും അടമ്പി, കടമുള്ളി, കള്ളിമുൾ ചെടി ഇടയ്ക്കിടയ്ക്ക് കൊച്ചു കൊച്ചു മൺകൂനകൾ ചെറിയ തോടുകൾ എന്നിവയും ഈ തീരഭൂമിക്ക് ചാരുതയേകുന്നു.

ഭൂരിഭാഗം ഭൂമിയുടെയും ഉടമസ്ഥാവകാശം മുൻകാലങ്ങളിൽ കുറെ എണ്ണപ്പെട്ട ജന്മികളിൽ ഒതുങ്ങി നിന്നിരുന്നു. ഈ ജന്മികളിൽ പലരും തദേശവാസിക ളായിരുന്നില്ല. ഭൂ ഉടമകളിൽ പ്രധാനികൾ എസ്.ബി. ശങ്കരയ്യർ, കെ.സി. രാമൻകുഞ്ഞ്, തോപ്പിൽ കുടുംബം, ആലുംമൂട്ടിൽ കുടുംബം, കെയിമാർ, തോട്ടാപ്പള്ളിശ്ശേരി കുടുംബം, വട്ടപറമ്പ് കൊണ്ടേശ്ശേരി, തെക്കടുത്തയ്യപ്പൻ, കൊടിക്കകത്ത് കൂട്ടി പണിക്കർ, ഹാജി മൂസാ സേട്ട്, കണ്ടങ്കേരി, പുളിമൂട്ടിൽ കഴിക്കേതിൽ, കുന്നനാശ്ശേരി എന്നിവരായിരുന്നു.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും തെങ്ങ് കൃഷിക്കായിരുന്നു. ഇന്നും അത് തുടരുന്നു. പൂർണ്ണ മായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണ യോടെ സംരക്ഷിച്ചിരുന്നു. ജൈവ വളങ്ങളും കായൽ മണ്ണും പുരയിടത്തിന് ചുറ്റുമുള്ള തോടുകളിലെ എക്കലും തെങ്ങ് കൃഷിക്കായി ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള പരിചരണം പൂർണ്ണ അള വിൽ നടക്കുന്നില്ല.

ഭൂമിയുടെ തരംതിരിപ്പ്

ഗ്രാമത്തിന്റെ ആകെ വിസ്തീർണ്ണം	പുരയിടം	കൃഷിയോഗ്യമായ തരിശ്	പുറംപോക്ക് കൈവശം	കൃഷിയോഗ്യ മല്ലാത്തത്	കായൽ നിലം (മുണ്ടകൻ)
2130 ഹെക്ടർ	1647	130	230	76	47

കരിമണ്ണും, ചൊരിമണ്ണും, ചെളിമണ്ണും ആയത് കൊണ്ട് ഈ പ്രദേശത്ത് തെങ്ങ് വളരുന്നു. കടൽ തീരത്തും കായൽ തീരത്തും ഒരു വർഷ ശരാശരി ഒരു തെങ്ങിൽ നിന്നും 150 നാളീകേരം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ശരാശരി 75 നാളീകേരത്തിൽ കൂടുതൽ കാണുന്നില്ല.

കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമ മാത്രമായ കർഷകർ 1 ഹെക്ടറിന് താഴെ	ചെറുകിട കർഷകർ 1 മുതൽ 2 വരെ ഹെക്ടർ	വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ
1	542	45	11
2	527	43	8
3	508	39	10
4	537	42	9
5	516	39	10
6	520	42	9
7	532	44	13
8	557	40	13
9	554	46	8
10	580	45	14
11	553	43	10
12	583	45	12

കൈവശ ഭൂമിയുടെ 90% തെങ്ങ് കൃഷിക്ക് ഉപയോഗിക്കുന്നു. മുൻ കാലങ്ങളിൽ ഒരു ഏക്കറിൽ 90 തെങ്ങുകൾ കൃഷി ചെയ്തിരുന്നത് ഇന്ന് 110 ആയി വർദ്ധിച്ചിട്ടുണ്ട്. തന്മൂലം കായ് ഫലം കുറഞ്ഞ് പോയിട്ടുണ്ട്. ഓരോ കൃഷിക്കാരനും ആവശ്യമുള്ള തെങ്ങിൻ തൈകൾ സ്വന്തമായി ഉൽപ്പാദിപ്പിച്ചിരുന്നു. അതിനായി ആരോഗ്യമുള്ള തെങ്ങുകളെ തെരഞ്ഞെടുത്ത് വിത്തു തേങ്ങാ ശേഖരിച്ചിരുന്നു. ആറാട്ടുപുഴ തെങ്ങിൻ തൈകൾ പ്രസിദ്ധമായിരുന്നു. എന്നാൽ ഇപ്പോൾ അന്യ സ്ഥലങ്ങളിൽ നിന്ന് തെങ്ങിൻ തൈകൾ വാങ്ങി കൃഷി ചെയ്യുന്നവരുമുണ്ട്.

ദീർഘകാല കടലാക്രമണ കാരണത്താൽ തെങ്ങ് കൃഷി ഏറിയ പങ്കും നഷ്ടമായിട്ടുണ്ട്. കടൽ കയറി നിറഞ്ഞൊഴുകുന്നതിനാലും തെങ്ങ് കൃഷി നശിച്ച് വരുന്നു.

കുടികിടപ്പവകാശത്തിന്റെ പേരിൽ ഭൂമി സ്വന്തമായി ലഭിച്ചപ്പോൾ ഓരോരുത്തരും തെങ്ങിന് സംരക്ഷണം നൽകിയതിനാൽ കൂടുതൽ ആദായം ലഭിച്ച് തുടങ്ങിയിട്ടുണ്ട്.

കായലിന്റെ കിഴക്കേകരയിൽ മുണ്ടക നിലങ്ങളിൽ ഓർ വെള്ളം കയറുന്നതിനാൽ കൃഷി തീരെ ഇല്ലാതായി.

1958 ൽ കായംകുളം കായലിൽ 1200 ഏക്കറിൽ വെള്ളം വറ്റിച്ച് നെൽകൃഷിയും തെങ്ങ് കൃഷിയും നടത്തി വന്നത് താപനിലയത്തിന് എടുത്തത് കാരണം കൃഷി ഇല്ലാതായി. തോടുകളും കുളങ്ങളും സംരക്ഷിക്കാത്തതു കാരണം കൃഷിക്ക് ദോഷം സംഭവിച്ചിട്ടുണ്ട്. തോടുകളിൽ വെള്ളം കെട്ടിനിൽക്കുന്നത് കാരണം കൊതുകുകൾ വർദ്ധിച്ച് പകർച്ചവ്യാധികളുണ്ടാകാനും

തോടുകൾ നികന്നതു കാരണം തെങ്ങ് കൃഷിക്കും ഗതാഗതത്തിനും ദോഷം സംഭവിക്കുന്നതിനും കാരണമായിട്ടുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ വിള വിസ്തീർണ്ണവും ഉൽപ്പാദനവും കാണിക്കുന്ന പട്ടിക III താഴെ ചേർക്കുന്നു.

വിസ്തീർണ്ണവും ഉൽപ്പാദനവും (പട്ടിക 3)

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത ഹെക്ടറിൽ നിന്ന്
നെല്ല്	ഇല്ല	ഇല്ല	ഇല്ല
പയർ (ഇടവിള)	20 ഹെക്ടർ	7.5 MT	375 Kg.
എള്ള്	ഇല്ല	ഇല്ല	ഇല്ല
പച്ചക്കറികൾ (ഇടവിള)	17 ഹെക്ടർ	29.75 MT	1750 Kg.
തെങ്ങ്	1647 ഹെക്ടർ	15646500 MT Year Average	9500 Nuts 1 ൽ നിന്ന് 38 / Year
വാഴ (ഇടവിള)	45 ഹെക്ടർ	472.5 MT	10500 Kg. 10.5 Kg. @ Plants
മരച്ചീനി (ഇടവിള)	15 ഹെക്ടർ	112.5 MT	7500 Kg.
കുരുമുളക് (ഇടവിള)	18 ഹെക്ടർ	14.4 MT	800 Kg.
പ്ലാവ്	ഇല്ല	ഇല്ല	ഇല്ല
കശുമാവ് (ഇടവിള)	10 ഹെക്ടർ	6.4 MT	640 Kg.
മാവ് ഇടവിള	14 ഹെക്ടർ	33.6 MT	2400 Kg.
റബ്ബർ	ഇല്ല	ഇല്ല	ഇല്ല
കമുക് (ഇടവിള)	30 ഹെക്ടർ	1800000 ലക്ഷം Nuts / Year	60000 Nuts / Year
ഇഞ്ചിവിള (ഇടവിള)	2 ഹെക്ടർ	2000 Kg.	1000 Kg.
കിഴങ്ങ് വർഗ്ഗ വിളകൾ (ഇടവിള)	225 ഹെക്ടർ	270000 Kg.	1200 Kg.

രാസവളപ്രയോഗം

ഈ പഞ്ചായത്തിലെ കൃഷിക്ക് രാസവളം ചെറിയതോതിൽ മാത്രമേ ഉപയോഗിക്കുന്നുള്ളു. ജൈവവളങ്ങളാണ് ഉപയോഗിക്കുന്നത്. ഇടവിള കൃഷി ഇവിടെ വേണ്ടത്ര അഭിവൃദ്ധിപ്പെടുന്നില്ല. മണ്ണിന്റെ പ്രത്യേകതയും ജലസേചനത്തിന്റെ അപ്യപ്തതയും കാരണമാണ് കൃഷി അഭിവൃദ്ധിപ്പെടാത്തത്. തെങ്ങ് കൃഷി നേരിടുന്ന പ്രധാന വെല്ലുവിളികൾ മണ്ട ചീയൽ കാറ്റ് വീഴ്ച, ചെന്നീരൊഴിപ്പ്, കീടങ്ങളുടെ ശല്യം, വേര് രോഗം, മുതലായവയാണ്. എലിശല്യം കൃഷിക്ക് വലിയ തടസ്സമുണ്ടാക്കുന്നു. കീടനാശിനിയുടെ പ്രയോഗം അശാസ്ത്രീയമായിട്ടാണ് നടക്കുന്നത്. നേരത്തെ ഉണ്ടായിരുന്ന കേര സംരക്ഷണ സമിതി നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

കൂലിനിരക്ക്

പുരയിടം കിളയ്ക്കുക, തോട് കോരുക, വളം ഇടുക, തെങ്ങ് കയറുക എന്നിവയാണ് കാർഷിക രംഗത്തെ പ്രധാന ജോലികൾ. ഇവയ്ക്ക് ഏകീകൃതമായ കൂലിയില്ല. പൊതുവായ കൂലി നിരക്ക് ഏർപ്പെടുത്തുന്നതിന് ഈ പ്രദേശത്ത് യാതൊരു സംവിധാനവും ഇല്ല. തൊഴിലാളികളെ ലഭ്യമല്ല. തൊഴിലിന്റെ മാഹാത്മ്യം കണക്കിലെടുത്ത് പുതിയ വിഭാഗം ജനം ഏറ്റെടുക്കേണ്ടതാണ്. സഹകരണ സംഘങ്ങളിൽ നിന്ന് 356000 രൂപ കർഷകർക്ക് ഒരു വർഷം വായ്പയായി നൽകിവരുന്നു എട്ടാം പദ്ധതി കാലത്ത് കാർഷികാഭിവൃദ്ധിക്ക് വേണ്ടി ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നെങ്കിലും അവ വേണ്ടത്ര പ്രാപ്തിയിൽ എത്തിയില്ല. തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ പട്ടിക രൂപത്തിൽ കൊടുക്കുന്നു.

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗംബാധിച്ച് തെങ്ങ്					
	തെങ്ങ് കൃഷി ഹെ.	കായ്കാത്ത തെങ്ങ്	കായ്ക്കുന്ന തെങ്ങ്	ആകെ	റൂട്ട് വിൽട്	ലീഫ് റോട്ട	ബെഡ് റോട്ട	സ്റ്റം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	137	6500	32500	39000	10500	4500	1500	1600	1800	19900
2	130	6600	31500	38000	9800	4100	1600	1500	1700	18700
3	136	6200	32300	38500	9500	3900	1400	1800	1900	18500
4	135	6100	32000	38100	9600	4000	1500	1300	2100	18500
5	137	6700	32200	38900	11500	4100	1300	1500	1900	20300
6	134	6400	31100	37500	9400	3600	1200	1400	1700	17300
7	138	6800	32100	38900	10400	4600	1600	1500	1900	20000
8	140	7100	33100	40200	11400	5100	1700	180	2100	22100
9	139	6900	32900	39800	11200	4900	1800	1500	2300	21700
10	145	8700	34200	42900	11500	5500	2300	2100	2900	24300
11	136	6100	32200	38300	9600	3700	1500	1700	1800	18300
12	140	7200	33200	40400	11500	5000	1900	1700	2200	22300

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ തെങ്ങ് കൃഷി ചെയ്ത വരുന്നത്. ഇടവപാതി വർഷവും തുലാ വർഷവുമാണ് പ്രധാനമായിട്ടുള്ളത്. പഞ്ചായത്തിലെ തോടുകൾ കായംകുളം കായലുമായി ബന്ധപ്പെട്ട കിട ക്കുന്നു. നദികൾ ഒഴുകി കായലിൽ പതിക്കുന്നു.

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

വാർഡ് നമ്പർ	പൊതു ജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആകെ കെട്ടു ഹെക്ടർ
1	ഇല്ല	3	1	ഇല്ല	ഇല്ല
2	ഇല്ല	7	ഇല്ല	ഇല്ല	ഇല്ല
3	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
9	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
10	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
12	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല

മണ്ണ് ജലസംരക്ഷണം

അതിർത്തിയിൽ മരങ്ങൾ വച്ച് പിടിപ്പിച്ചും വര മ്പുകൾ പിടിച്ചും പറമ്പുകൾ സംരക്ഷിക്കുന്നു. പറമ്പു കൾക്കിടയിലുള്ള തോടുകൾ കാലാകാലങ്ങളിൽ വെട്ടി ജലം സംരക്ഷിക്കണം. ഭൂമിയെ ചെറു തുണ്ടുകളാക്കി യതും കാർഷിക വൃത്തിയോട് വന്ന വിരക്തിയും മണ്ണി ന്റെയും ജലത്തിന്റെയും സംരക്ഷണത്തെ ബാധിച്ചു.

നഴ്സറി

ഈ പഞ്ചായത്തിൽ രണ്ടാം വാർഡിൽ ഒരു നഴ്സറിയുണ്ട്. കൂടുതൽ നഴ്സറി തുടങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

കൃഷിഭവൻ

1987 സെപ്തംബർ 1 നാണ് കൃഷിഭവൻ നിലവിൽ വന്നത് നീളത്തിൽ കിടക്കുന്ന ഈ പഞ്ചായത്തിൽ എല്ലാ വാർഡിലും കൃഷിഭവന്റെ പ്രവർത്തനം എത്തിയിട്ടില്ല. കൃഷി ഓഫീസറെ കൂടാതെ മൂന്ന് കൃഷി അസിസ്റ്റന്റുമാരും 2 ഫാം വർക്കേഴ്സും ജീവനക്കാരായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കടലാക്രമണം മൂലം നൂറ് കണക്കിന് ഏക്കർ ഭൂമി നഷ്ടമാകുന്നു.

2. ജലസാന്ദ്രത കൂടുതലായത് കാരണം താമസ്സത്തിന് വേണ്ടി കൂടുതൽ ഭൂമി മാറ്റിവയ്ക്കേണ്ടതായി വരുന്നു.

3. കീടബാധയുടെ ശല്യം മൂലം തെങ്ങ് കൃഷി നശിക്കുന്നു.

4. ജലസേചനത്തിന് ഗതാഗതത്തിനും ഉപയോഗിച്ച് കൊണ്ടിരിക്കുന്ന തോടുകൾ നികത്തപ്പെടുന്നു.

5. പ്രത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും ജൈവ വളങ്ങളും യന്ത്രോപകരണങ്ങളും ആവശ്യത്തിന് ലഭിക്കുന്നില്ല.

6. ഓര് വെള്ളം കാരണം മുണ്ടകനിലങ്ങൾ തരിശ്ശാകുന്നു.

7. തോടുകൾ നികത്തുന്നത് നിമിത്തം നീർക്കെട്ടുകൾ ഉണ്ടാകുന്നു.

8. നാളീകേരത്തിന്റെ ആശാസ്ത്രീയമായ വിലനിലവാരം കാരണം കൃഷി ആഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നില്ല.

9. ഉൽപ്പന്നങ്ങൾ സംഭരിച്ച് ന്യായവിലയ്ക്ക് വിൽക്കാനുള്ള സംവിധാനമില്ല.

10. തെങ്ങുകേറ്റ തൊഴിലാളികളുടെ അഭാവം മൂലം കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു.

11. കൃഷിക്കാർക്ക് കൃത്യമായി വായ്പകൾ ലഭിക്കുവാൻ എല്ലാ വാർഡിലും സഹകരണ സംഘങ്ങൾ ഇല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വള പ്രയോഗങ്ങളെപ്പറ്റി കൃഷിക്കാർക്ക് ധാരണ നൽകണം.

2. ഗ്രൂപ്പ് ഫാമിംഗ് തെങ്ങ് കൃഷിക്ക് വ്യാപകമാക്കണം.

3. കർഷക സമിതികളെ പുനരുജ്ജീവിപ്പിക്കണം.

4. പച്ചക്കറി കൃഷി വ്യാപകമാക്കുവാൻ കൃഷിഭവൻ ആവശ്യമായ സഹായം ചെയ്യണം.

5. ഉൽപ്പാദനശേഷിയുള്ള വിത്തനങ്ങൾ യഥാസമയം കർഷകർക്ക് ലഭിക്കണം.

6. നല്ലയിനം തൈകൾ നഴ്സറി മുഖേന ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുക.

7. ഔഷധ സസ്യങ്ങൾ കണ്ടെത്തി ഉൽപ്പാദിപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തണം.

8. തെങ്ങിന്റെ രോഗങ്ങൾ കണ്ട് പിടിച്ച് കീടനാശിനികളോ, മരുന്നുകളോ സ്പ്രേ ചെയ്യുന്നതിനുള്ള സ്ഥിരം സംവിധാനം ചെയ്യണം. കേരസംരക്ഷണ സമിതി നേതൃത്വം നൽകണം.

9. ഇടവിള കൃഷി ചെയ്യുന്നതിനുള്ള വിത്തിനങ്ങളും സഹായവും ചെയ്യണം.

10. മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിന് മുള കൃഷി തെങ്ങിന് ദോഷമില്ലാത്ത തരത്തിൽ കൃഷിചെയ്യുക.

11. അനുയോജ്യമായ കുളങ്ങളിലും ജലാശയങ്ങളിലും താമര കൃഷിചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

12. കുറ്റിമുല്ല, ഫ്ളോറി കൾച്ചർ, ആന്തൂറിയം, ഓർക്കിഡ് എന്നിവ നഴ്സറികളുടെ സഹായത്തോട് കൃഷി ചെയ്യണം. കൂൺ കൃഷി വ്യാപകമാക്കേണ്ടതാണ്.

13. കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കണം.

14. പയർ വർഗ്ഗം, തീറ്റപുല്ല് എന്നിവ കൃഷി ചെയ്യേണ്ടതാണ്.

15. കമുകു കൃഷി വ്യാപകമാക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യണം.

16. വിള ഇൻഷ്വറൻസ് എല്ലാ കർഷകർക്കും ഭൂമിയുടെ വിസ്തീർതി പരിഗണിക്കാതെ ഏർപ്പെടുത്തേണ്ടതാണ്.

17. കൃഷിക്കാവശ്യമായ സാമ്പത്തിക സഹായം വരുമാന പരിധി നോക്കാതെ നൽകണം.

18. വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകേണ്ടതാണ്.

19. ജലസേചന പ്രവർത്തനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കണം.

20. കൃഷി സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളെപ്പറ്റി കാലാകാലങ്ങളിൽ കർഷകർക് കൃഷിഭവനിൽ കൂടി ആവശ്യമായ ബോധവൽക്കരണം നൽകേണ്ടതാണ്.

21. നാളീകേരത്തിന്റെ ഉപയോഗം വൈവിധ്യവൽക്കരിക്കേണ്ടതാണ്.

22. കോഴി, താറാവ് എന്നിവയുടെ ഉദ്പാദനം വർദ്ധിപ്പിച്ച് മുട്ടയുടെ ലഭ്യത വർദ്ധിപ്പിക്കേണ്ടതാണ്.

23. നാളീകേരം പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ മാർക്കറ്റുകൾ സ്ഥാപിക്കണം.

24. ജൈവവളത്തിന്റെ അഭാവം പരിഹരിക്കാൻ ശീമക്കൊന്ന, ഡെയിംച, ചണം എന്നിവ വച്ച് പിടിപ്പിക്കുവാൻ പ്രോത്സാഹനം നൽകണം.

25. തെങ്ങ് കൃഷിക്ക് ജലസേചനം അഭിവൃദ്ധിപ്പെടുത്തുക.

26. പൂവരശു (ശീലാന്തി) കൃഷി പരിപോഷിപ്പിക്കണം.

27. പ്രകൃതിക്ഷോഭം മൂലം തെങ്ങ് നശിക്കുന്നവർക്ക് അർഹമായ സാമ്പത്തിക സഹായം നൽകണം.

താഴെ പറയുന്ന പട്ടികയിലുള്ള തോടുകൾ ആഴം കൂട്ടിയും, പിച്ചിംഗ് കെട്ടിയും ആവശ്യമുള്ളയിടങ്ങലിൽ സ്ലൂയസ് നിർമ്മിച്ച് സംരക്ഷിക്കേണ്ടതാണ്.

ക്രമ നമ്പർ	വാർഡ് നമ്പർ	സംരക്ഷിക്കേണ്ട തോടുകളുടെ വിവരം
1	1	മംഗലം പതിയാങ്കര അതിർത്തി തോട്
2		പാണ്ട്യാല തോട്
3		സൊസൈറ്റി തോട്
4	2	വളവിങ്കര തോട്
5		പുത്തൻകണ്ടത്തിൽ വടക്കുവശത്തെ തോട്
6		മുട്ടേൽ തോട് (S.N. മന്ദിരം തെക്കുവശം)
7	3	ചൂരപറമ്പിൽ ചാപ്രായിൽ തെക്കുവശം
8		കരുത്തറ വടക്കുവശമുള്ള തോട്
9		195 - നമ്പർ സൊസൈറ്റിയുടെ തെക്കുഭഗത്തെ തോട്
10		ആലും ചിറ തോട്
11		മീനത്തു പുതുവലിൽ തോട്
12	4	തുണ്ടത്തിൽ തോട്
13		പടന്നമ്പറമ്പിൽ വടക്കേ തോട്
14		പമ്പുഹൗസിനു തെക്കുവശമുള്ള തോട്
15	5	ഇടശ്ശേരിക്കാട്ടിൽ തോട്
16		പള്ളിയുടെ വടക്കുവശത്തെ തോട്
17	6	പഴയതോട്ടിൽ തോട്
18		ആലും മൂട്ടിൽ തോട്
19		പുല്ലന്തറ തോട്
20		ഉപ്പത്തും തോട്
21		നല്ലാണിക്കൽ സൊസൈറ്റി തോട്
22		മരയ്ക്കാശ്ശേരിൽ തോട്
23		നല്ലാണിക്കൽ കടത്തുകടവ് തോട്
24		വട്ടച്ചാൽ കടത്തുകടവുതോട്
25	7	രാമഞ്ചേരി വലിയ ചിറയുടെ തെക്കുവശമുള്ള തോട്
26	9	കടവത്തു തോട്

ക്രമ നമ്പർ	വാർഡ് നമ്പർ	താഴെപ്പറയുന്ന തോടുകളിൽ സൈഡുവാൾ കെട്ടി ചീപ്പിടുക
1	10	മുണ്ടുതറ കായൽ വാരം തോട്
2		ബംഗ്ളാവിൽ തെക്കുവശത്തെ തോട്
3		പനയ്ക്കൽ മണ്ണേൽ തോട്
4		ഒറ്റത്തെങ്ങിൽ കായൽ വാരം
5		മുട്ടത്തുകാരൻ ചിറ തോട്
6		പട്ടോളി മാർക്കറ്റ് തോട്
7	11	വലിയ തോട്
8		പുഴക്ക തോട്
9		ചക്കിട്ട തോട്
10		കോയിത്തറ തോട്
11		കനകക്കുന്നു തോട്
12		പാണ്ടിക്കുന്നേൽ തോട്
13		കന്നേൽ കായലിൽ തോട്
14		കണ്ടങ്കേരിചിറ തോട്
15		വെട്ടത്തുകടവു തോട്
16	12	വാഴവന തോട്
17		മൊറാശ്ശേരി തോട്
18		മീനത്തേരിൽ തോട്
19		പുത്തൻപറമ്പു തോട്
20		കന്നേൽ തോട്
21		അരശ്ശേരി തോട്
22		വടക്കേടക്കു തോട്
23		കൊടിക്കകത്തു തോട്
24		പുത്തോട്

ഉപസംഹാരം

കാർഷിക പുരോഗതിക്ക് അത്യാവശ്യം വേണ്ട ചില പദ്ധതികളുടെ മുൻഗണനാക്രമത്തിലുള്ള വിവരങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. പുതിയൊരു വികസന സംസ്കാരത്തിന്റെ അന്തഃസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ഇവ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമം ബന്ധപ്പെട്ടവരിൽ നിന്നും പ്രതീക്ഷിച്ചുകൊണ്ട് റിപ്പോർട്ട് ഉപസംഹരിക്കുന്നു.



4.2

മത്സ്യബന്ധനം മൃഗപരിപാലനം

മത്സ്യബന്ധനം

ആറാട്ടുപുഴ പഞ്ചായത്തിന്റെ വടക്കേ അറ്റമായ മംഗലം മുതൽ തെക്ക് വല്ല്യഴീക്കൽവരെ (കായംകുളം പൊഴി) കായംകുളം കായലിന്റെ പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന 9 വാർഡുകളും കായലിന്റെ കിഴക്കേതീരത്ത് വടക്ക് മുണ്ടുകാട് മുതൽ തെക്ക് കിളിമുക്ക് വരെയുള്ള മൂന്ന് വാർഡുകളും ചേർന്ന് കിടക്കുന്ന പ്രദേശമാണ് ആറാട്ടുപുഴ പഞ്ചായത്ത്. പഞ്ചായത്തിലെ 50% ത്തിലേറെ കുടുംബങ്ങൾ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ പരമ്പരാഗതമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നു.

കടലിൽ മത്സ്യബന്ധനം നടത്തുന്നവർ-പരമ്പരാഗത മത്സ്യ തൊഴിലാളികൾ എന്നും. കായലിലും ഉൾനാടൻ ജലാശയങ്ങളിലും പണിയെടുക്കുന്നവർ ഉൾനാടൻ മത്സ്യ തൊഴിലാളികളെന്നും അറിയപ്പെടുന്നു.

ഉൾനാടൻ മത്സ്യ തൊഴിലാളികളെ സംബന്ധിച്ച വിവരം

(മത്സ്യതൊഴിലാളി ക്ഷേമ സംഘത്തിൽ നിന്ന് ലഭിച്ചത്)

ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ	497
ക്ഷേമനിധിയിൽ അംഗങ്ങളായവർ	255
വള്ളങ്ങളുടെ എണ്ണം	170
പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ	67

താങ്ങുവല, കമ്പവല, കെട്ടിവലി, ചൂണ്ട, ചൂടവല എന്നിവ പരമ്പരാഗത മത്സ്യ ബന്ധന രീതികളാണ്. പൂർണ്ണമായും മനുഷ്യ അധ്വാനം മാത്രം ഉപയോഗിച്ചിരുന്ന മുൻകാല മത്സ്യബന്ധന രീതികളായിരുന്നു ഇവ. എന്നാൽ ഇന്ന് ഈ രീതിക്ക് സമൂലമായ മാറ്റം വന്നിരിക്കുന്നു. യന്ത്രവൽകരണ മത്സ്യബന്ധനം സാർവത്രികമായിരിക്കുന്നു. കോരുവല, നീട്ടുവല, വട്ടവല, വീശുവല, ചാട്ടവള്ളം, വിരളി, ചീനവല, കുറ്റിവല എന്നിവ ഉൾനാടൻ മത്സ്യബന്ധന രീതികളാണ്.

മത്സ്യസംഘങ്ങൾ വഴി എൻ.സി.ഡി.സി. പദ്ധതി പ്രകാരം മത്സ്യഫെഡ് വിവിധ സൊസൈറ്റികളിലൂടെ വിതരണം ചെയ്ത വായ്പ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	വിവരങ്ങൾ	വല്ല്യഴീക്കൽ ആറാട്ടുപുഴ DF (A) 43	ആറാട്ടുപുഴ DF 63	കള്ളിക്കാട് DF 62	തറയിൽകടവ് DF 61	വല്ല്യഴീക്കൽ DF 60	
1.	സൊസൈറ്റികൾ മുഖേന മത്സ്യഫെഡ് വിതരണം ചെയ്ത വായ്പ (NCDC)						
	(a) മൊത്തം മുടക്കുമുതൽ	445150	521900	2596354	3855910.40	923519	8342833.40
	(b) ലോൺ	339362	405175	2094703	3097582.90	770639.28	6707462.18
	(c) സബ്സിഡി	105788	116725	501651	758327.50	152879.72	1635371.22
2.	വായ്പ കൊടുത്ത ഗ്രൂപ്പുകൾ	6	5	18	20	3	52
3.	വായ്പതിരിച്ചടച്ചത്	47000	241071	1218463	1143388	538277	3188199
4	ലേലകമ്മീഷൻ	9026	11372	70277	66046	20079	176800
5.	ധനസഹായം ലഭിച്ച മത്സ്യവില്പനക്കാരായ സ്ത്രീകളുടെ എണ്ണം	40	26	12	ഇല്ല	ഇല്ല	78

പ്രശ്നങ്ങൾ

മത്സ്യബന്ധന രംഗത്ത് ഭീഷണി ഉയർത്തി കൊണ്ട് വിദേശ ട്രോളറുകളും, മത്സ്യബന്ധന ഷിപ്പുകളും വൻതരം ബോട്ടുകളും പരിധി ലംഘിച്ച് തീരദേശത്ത് മത്സ്യബന്ധനം നടത്തുന്നു. രാത്രി കാലട്രോളിങ്ങ് പ്രജനന കാലത്ത് മത്സ്യബന്ധനം നടത്തൽ എന്നിവമൂലം മത്സ്യസമ്പത്ത് നശിച്ച് കൊണ്ടിരിക്കുന്നു ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ യന്ത്രവൽക്കരണ ബോട്ടുകളുടെയും ട്രോളറുകളുടേയും മത്സ്യബന്ധനം പൂർണ്ണമായും നിരോധിക്കുക എന്നതാണ് പരിഹാര മാർഗ്ഗം.

പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് മുമ്പ് ലഭിച്ചിരുന്ന മത്സ്യത്തിന്റെ 50% പോലും ഇന്ന് ലഭിക്കുന്നില്ല. ബഹുഭൂരിപക്ഷം തെഴിലാളികളുടെയും സ്ഥിതി പരമ ദയനീയം തന്നെ.

മത്സ്യഫെഡ് നേരിട്ട് നൽകിയ ധനസഹായ പദ്ധതി

പദ്ധതി	തൊഴിലാളികളുടെ എണ്ണം	തുക
N.B.C.F.D.C.	19	90250
വീട് നിർമ്മാണ പദ്ധതി	55	770000
കക്കൂസ് നിർമ്മാണം	238	464100

ബഹുഭൂരിപക്ഷവും കുടിലുകളിൽ താമസ്സിക്കുന്നവരാണ്. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇന്നും വിദൂര സ്വപ്നം മാത്രമാണ്. വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗം വളരെ പിന്നിലാണ്. ഓട്ട് ബോഡ് ഏൻജിനുകൾക്ക് റേഷൻ വിലയ്ക്ക് ആവശ്യത്തിന് ഇന്ധനം ലഭ്യമല്ല. ഈ രംഗത്ത് തൊഴിലാളികൾ വൻചൂഷണത്തിന് വിധേയരാകുന്നു.

വിവിധകാലങ്ങളിൽ ലഭിക്കുന്ന കടൽ മത്സ്യങ്ങൾ

മാസം	മത്സ്യലഭ്യത
ജനുവരി	മത്തി, അയല, സ്രാവ്
ഫെബ്രുവരി മാർച്ച് ഏപ്രിൽ മെയ്	മത്തി, അയല, ഏട്ട ചൂടുകാലം തരതമ്യേന മത്സ്യലഭ്യത കുറവ് ചൂടുകാലം തരതമ്യേന മത്സ്യലഭ്യത കുറവ് ചൂടുകാലം തരതമ്യേന മത്സ്യലഭ്യത കുറവ്
ജൂൺ ജൂലൈ ആഗസ്റ്റ്	ട്രോളിംഗ് നിരോധനകാലം (വള്ളം ഉപയോഗിച്ചുള്ള മത്സ്യ ബന്ധനത്തിന്റെ ഫലമായി ചെമ്മീൻ, അയല, മത്തി തുടങ്ങിയവ ലഭിക്കുന്നു.)
സെപ്റ്റംബർ	ചെമ്മീൻ, അയല, മത്തി, നെത്തോലി, ചൂടൻ, മങ്കട (ചാകര കാലഘട്ടം)
ഒക്ടോബർ നവംബർ ഡിസംബർ	മത്തി, അയല, സ്രാവ്, മാച്ചാൻ, ആകോലി

മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയുടെ പുരോഗതിക്കും നിലനിൽപ്പിനും വേണ്ടി ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുഴുവൻ മത്സ്യതൊഴിലാളികളെയും സഹകരണ മേഖലയിൽ സംഘടിപ്പിച്ച് മത്സ്യബന്ധനം നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ (വള്ളം, വല, ഏൻജിൻ തുടങ്ങിയവ) 50% സബ്സിഡിയോട് ലഭ്യമാക്കുക.

2. അനധികൃത ഇന്ധന പെർമിറ്റുകൾ കണ്ടെത്തി റദ്ദു ചെയ്യുകയും അർഹരായവർക്ക് ന്യായമായ വിലയ്ക്ക് ആവശ്യാനുസരണം ഇന്ധനം ലഭിക്കുന്നതിനു വേണ്ട നടപടികൾ പഞ്ചായത്ത് സമിതികൾ മുഖേന നടപ്പിലാക്കുക.

3. സ്പെയർ പാർട്സുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുവാൻ പഞ്ചായത്ത് തലത്തിൽ വർക്ക്ഷോപ്പോടുകൂടിയ ഒരു സ്റ്റാൾ സ്ഥാപിക്കുക.

4. ഔട്ട് ബോർഡ് എൻജിനുകൾ റിപ്പയർ ചെയ്യുന്നതിന് മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് പരിശീലനം നൽകുക.

5. മത്സ്യം കേട് കൂടാതെ സൂക്ഷിച്ച് വിപണനം നടത്തുന്നതിന് കോൾഡ് സ്റ്റോറേജുകൾ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

6. മത്സ്യബന്ധത്തിൽ ഏർപ്പെടുമ്പോൾ അപകടത്തിൽപെടുന്ന മത്സ്യതൊഴിലാളികളെ രക്ഷിക്കുന്നതിനാവശ്യമായ ആധുനിക രക്ഷാപ്രവർത്തനം വിപുലമാക്കുക.

7. സ്വന്തമായി വീടില്ലാത്തവരും ചെറ്റക്കുടിലുകളിൽ താമസ്സിക്കുന്നവരുമായ മുഴുവൻ പരമ്പരാഗത ഉൾനാടൻ മത്സ്യതൊഴിലാളികൾക്കും സൗജന്യമായി വീട് നൽകുക.

8. പാവപ്പെട്ട മുഴുവൻ മത്സ്യതൊഴിലാളി ഭവനങ്ങളും സൗജന്യമായി വൈദ്യുതീകരിക്കുക.

9. മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

10. മത്സ്യ തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കണം.

11. മുഴുവൻ മത്സതൊഴി ലാളികളെയും സൗജന്യജന്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

12. കടൽക്ഷോഭത്തിൽപ്പെട്ട് വീടും പുരയിടവും നഷ്ടപ്പെട്ട മത്സ്യ തൊഴിലാളികളെ പുന:രധിവസിപ്പിക്കണം.

13. പഞ്ചായത്തിന്റെ മുഴുവൻ കടൽ തീരവും കടൽ ഭിത്തി കെട്ടി സംരക്ഷിക്കുകയും നിലവിലുള്ളവയ്ക്ക് അറ്റകുറ്റപണികൾ നടത്തുകയും ചെയ്യണം.

14. മത്സ്യ തൊഴിലാളികളുടെ കൈവശഭൂമിക്ക് പട്ടയം നൽകണം.

15. മത്സ്യ തൊഴിലാളികൾക്ക് ന്യായ വിലയ്ക്ക് ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നതിന് മത്സ്യ മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം.

16. വ്യാപകമായ മത്സ്യ രോഗം കാരണം ദുരിതമനുഭവിക്കുന്ന ഉൾനാടൻ മത്സ്യ തൊഴിലാളി കുടുംബങ്ങൾ അടക്കം ദാരിദ്ര്യം അനുഭവിക്കുന്ന മുഴുൻ കുടുംബങ്ങളും എടുത്ത വായ്പകളുടെ കുടിശ്ശിക എഴുതി തള്ളുക.

17. തീരക്കടൽ ട്രോളിംഗ്, രാത്രികാല ട്രോളിംഗ്, മറ്റ് രാത്രികാല മത്സ്യ ബന്ധനം, വിദേശ ട്രോളറുകൾ എന്നിവ നിരോധിക്കണം.

18. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ട്രോളിംഗ് നിരോധനം പൂർണ്ണമായും നടപ്പിലാക്കുക.

19. മത്സ്യ മേഖലയുടെ സമഗ്രവികസനത്തിനുതകുന്ന നിർദ്ദിഷ്ട കായംകുളം ഹാർബറിന്റെ നിർമ്മാണപ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കണം.

20. ഉൾനാടൻ മത്സ്യതൊഴിലാളികള്ക്ക് ഏറ്റവും ഭീഷണിയായി നില്ക്കുന്ന, കായലിൽ ചകരിച്ചോറു നിക്ഷേപിക്കുന്ന പ്രക്രിയ അടിയന്തിരമായി തടയണം.

21. കായൽ നികത്തുന്നതും കുറ്റിയടിച്ച് തൂപ്പിട്ട് കായൽ കയ്യേറുന്നതും തടയണം.

22. ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമ സഹകരണസംഘങ്ങൾ രൂപീകരിച്ച് മത്സ്യബന്ധന ഉപകരണങ്ങളും മറ്റും 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

23. രാത്രി കാലമത്സ്യ ബന്ധനത്തിലേർപ്പെടുന്ന ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ പെർമിറ്റ് നൽകണം.

24. ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യ കച്ചവടം നടത്തുന്നതിന് വെമ്പുഴ, ചൂളത്തെരുവ്, കനകക്കുന്ന്, കൊച്ചിയുടെ ജെട്ടി തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യലേല സ്റ്റാളുകൾ സ്ഥാപിക്കുകയും, ചൂളത്തെരുവിൽ ഒരു മത്സ്യ വിൽപ്പന കേന്ദ്രം ആരംഭിക്കുകയും വേണം.

25. 7-ാം വാർഡിലുള്ള ഭവതരണി കായലിൽ സഹകരണ അടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്തുന്നതിന് പദ്ധതി തയ്യാറാക്കണം.

26. ദേശീയ ജലപാതയുടെയും താപനിലയത്തിന്റെയും നിർമ്മാണ പ്രക്രിയയുടെ ഫലമായി തൊഴിലും താമസ്സ സ്ഥലവും നഷ്ടപ്പെടുന്ന തൊഴിലാളികളെ പുന: അധിവസിപ്പിക്കുകയും തൊഴിൽ നൽകുകയും ചെയ്യണം.

27. പരമ്പരാഗത ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് ക്ഷേമനിധി ഓഫീസിന്റെ പ്രയോജനം ലഭ്യമാക്കണം. ഓരോ ക്ഷേമ നിധി ഓഫീസ് സബ് സെന്ററുകൾ പഞ്ചായത്തിൽ ആരംഭിക്കണം.

28. തീരദേശ പരിപാലന നിയമത്തിൽ നിന്നും മത്സ്യ തൊഴിലാളി മേഖലയെ പൂർണ്ണമായും ഒഴിവാക്കണം.

മൃഗപരിപാലനം

കഴിഞ്ഞ മൂന്ന് ദശാബ്ദ കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹ്യ സാമ്പത്തിക വളർച്ചയ്ക്ക് മൃഗ സംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട് ഹ്രസ്വകാല ആടിസ്ഥാനത്തിൽ ചുരുങ്ങിയ മുലധന മുടക്കിൽ കൂടുതൽ സമ്പത്ത് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94% വും ഗ്രാമ പ്രദേശങ്ങളിലാണ്. കന്നുകാലിയുടമകളിൽ ബഹു. ഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. മൃഗ സംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പത് ഘടനയെ സമ്പുഷ്ടമാക്കുമെന്നുള്ളത് വ്യക്തമാണ്. കഴിഞ്ഞ രണ്ട് ദശാബ്ദ കാലയളവിൽ മൃഗ സംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലിയുടെ വംശവർദ്ധനവും ജനിതക ഗുണമേന്മ വർദ്ധനവും ഉൽപ്പാദന ക്ഷമതാ വർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കന്നുകാലികളെ സംബന്ധിച്ച വിവരങ്ങൾ

നാടൻ പശുക്കൾ	361	സങ്കരയിനം പശുക്കൾ	1283	കാളകൾ	എരുമ
പാൽതരുന്നത്	211	പാൽത്തരുന്നവ	449	215	9

(മൃഗസംരക്ഷണ വകുപ്പിന്റെ സെൻസസ് അനുസരിച്ച്)

മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ വളർച്ചാ നിരക്ക് പ്ലാനിംഗ് കമ്മീഷന്റെ മാൻ പവർ ഡിവിഷന്റെ കണക്കനുസരിച്ച് 5% ആണ്. ഇതിൽ കാർഷിക മേഖലയെക്കാൾ ഇരട്ടിയാണ്. കാർഷിക രംഗത്ത് നിന്നുള്ള മൊത്തവരുമാനത്തിന്റെ 25% ത്തിലേറെ മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. ഇത് സംസ്ഥാനത്തെ ആകെ വരുമാനത്തിന്റെ 10% ആണ്.

ഉൽപ്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ ഉൽപ്പന്നങ്ങളുടെ സംഭരണം സംസ്കരണം വിപണനം എന്നിവയ്ക്ക് മുൻഗണന നൽകുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. അവയുടെ ഗുണഫലം താഴ തട്ടിലേക്കെത്തിക്കാൻ കഴിയണം. ഈ രംഗത്ത് കാണാൻ കഴിയുന്ന പരമപ്രധാനമായ ന്യൂനത ഇത് തെല്ലും സ്വയം പര്യാപ്തമല്ല എന്നുള്ളതാണ്. അതു കൊണ്ട് ഇപ്പോൾ നാം അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചു വരുന്നു.

82 നും 87 നും ഇടയ്ക്ക് മറ്റ് പഞ്ചായത്തുകളിൽ എന്ന പോലെ ഇവിടെയും കാലിസമ്പത്തിന്റെ വർദ്ധനവും ഗണ്യമായിരുന്നു എന്നാണ് സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാടൻ പശുക്കളിൽ നിന്നും മേൽത്തരം ജനിസുകളിലേക്കുണ്ടായ പരിവർത്തനവും അതുവഴി അവയെ ഉപയോഗിച്ചുള്ള പാൽ ഉൽപ്പാദനത്തിലെ കൂടുതൽ ശ്രദ്ധയുമാണ് പശുക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുവാനും എരുമകളുടെ എണ്ണത്തിൽ കുറവുണ്ടാകുവാനും ഇടയാക്കിയത്. കഴിഞ്ഞ ദശാബ്ദ കാലയളവിനുള്ളിൽ പാൽ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാധാരണ പശുക്കളുടെ ഉൽപ്പാദനം 30% മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളുടെ ഉൽപ്പാദനം 80% വരെ ഉയരുകയുണ്ടായി. ഈ വർദ്ധനവിന്റെ 80% ത്തോളം നാം കൃത്രിമ ബീജ സങ്കലനത്തിലൂടെ വികസിപ്പിച്ചെടുത്ത മേൽത്തരം പശു ജനുസുകളുടെ സംഭാവന ആയിരുന്നു.

മൃഗസംരക്ഷണ മേഖലയെ ഉൽപ്പാദന മേഖല, സേവന മേഖല, വിപണന മേഖല, എന്നിവയായി തരം തിരിക്കാവുന്നതാണ്.

1. ഉൽപ്പാദന മേഖല : നമ്മുടെ പ്രദേശത്തിന് ആവശ്യമായ പാൽ, മുട്ട, ഇറച്ചി മുതലായവ നാം തന്നെ ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ്. ഈ മേഖല കൊണ്ട് ഉദ്ദേശിക്കുന്നത്.

2. സേവന മേഖല : മേൽപറഞ്ഞ ഉൽപ്പന്നങ്ങളുടെ വർദ്ധനവിന് വേണ്ടി ആവശ്യമായ സഹായങ്ങളും സാങ്കേതിക ജ്ഞാനങ്ങളും നൽകുന്ന മേഖലയാണിത്. ഈ മേഖലയിൽ മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ (സ്വന്തമായി കെട്ടിടം, വാഹനസൗകര്യം, ടെലിഫോൺ, ലബോറട്ടറി സൗകര്യങ്ങൾ തുടങ്ങിയവ) പ്രതിരോധ കുത്തിവയ്പുകൾ, ആധുനിക വൽക്കരിച്ച കശാപ്പ് ശാലകൾ, പേവിഷ നിയന്ത്രണം, വിജ്ഞാന വ്യാപന സൗകര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു)

3. വിപണന മേഖല : സേവന മേഖലയിലൂടെ കർഷകർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ ഉപയോഗിച്ച് നേടിയെടുക്കുന്ന ഉൽപ്പന്നങ്ങൾ ശരിയായ രീതിയിൽ വിപണനം നടത്തുകയും ഉല്പാദന ചിലവിനെക്കാൾ കൂടിയ വില ലഭിക്കുകയും ചെയ്താൽ മാത്രമേ കർഷകർക്ക് പ്രയോജനമുള്ള. പാൽ സൊസൈറ്റി, മുട്ട സൊസൈറ്റി തുടങ്ങിയവ കർഷകനുമായി ചേർന്ന് കൂട്ടു ഉത്തരവാദിത്വത്തോട് കൂടി പ്രവർത്തിക്കുക എന്നുള്ളതാണ് ഈ മേഖലയുടെ ഉയർച്ചയ്ക്ക് നിദാനം. വിപണന മേഖലയിലേക്ക് സ്ത്രീകളെ കൂടുതൽ ആകർഷിക്കാവുന്നതാണ്. പാൽ, പാൽ ഉൽപ്പന്നങ്ങൾ, സംസ്കരിച്ച ഇറച്ചി, മുട്ട, ഇറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം വനിതകളുടെ അഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

കോഴി താറാവ് എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ

കോഴി	താറാവ്
18060	6085

(മൃഗസംരക്ഷണ വകുപ്പിന്റെ സെൻസസ് അനുസരിച്ച്)

പ്രശ്നങ്ങൾ : നമ്മുടെ നാടിന്റെ സാമ്പത്തിക വളർച്ചയിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണിത് അതു കൊണ്ടുതന്നെ ഈ മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ട്.

a. ഉൽപ്പാദകനു കിട്ടുന്ന പാൽ വില ഉൽപ്പാദന ചിലവിന് അനുസൃതമല്ല.

b. ഭാരിച്ച ചികിത്സാചിലവ്.

c. കർഷകരെ സഹായിക്കുന്ന കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖത.

d. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.

e. തീറ്റപുല്ലിന്റെ ദൗർലഭ്യം.

f. സാങ്കേതിക വൈദഗ്ധ്യം ഇല്ലാത്തവരുടെ നാടൻ ചികിത്സാ രീതി.

g. മൃഗാശുപത്രികളിലെ അടിസ്ഥാന സൗകര്യക്കുറവ്.

h. വനിതാ പങ്കാളിത്വത്തിന്റെ കുറവ്.

i. മാംസത്തിന്റെ ഗുണമേന്മാക്കുറവ്.

j. പേവിഷബാധ നിയന്ത്രണത്തിലെ പോരായ്മ

പരിഹാരമാർഗ്ഗങ്ങൾ

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണ അടിസ്ഥാനത്തിൽ തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം.

2. പഞ്ചായത്ത് പുറംപോക്ക് സ്ഥലങ്ങൾ തരിശായി കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ തുടങ്ങിയവ തീറ്റപുൽ കൃഷിക്ക് വേണ്ടി ലേല വ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

3. പാൽ വിപണനത്തിന് ആവശ്യമായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.

4. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ പാൽ സൊസൈറ്റികളും വായ്പ ലഭിക്കുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളും ഉണ്ടാകേണ്ടതാണ്.

5. മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.

6. വികസന സമിതികൾ രൂപീകരിക്കണം.

7. മൊബൈൽ യൂണിറ്റുകൾ ഉണ്ടാക്കണം.

8. കർഷകർക്ക് കാലാകാലങ്ങളിൽ ബോധവൽക്കരണം നടത്തണം.

9. പക്ഷി മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക.

10. കൃത്രിമ ബീജ സങ്കലന സ്ഥാപനം ആരംഭിക്കുക.

11. ആധുനിക രീതിയിലുള്ള അറവ് ശാലകൾ സ്ഥാപിക്കണം.

12. മൃഗങ്ങളെ കശാപ്പ് ചെയ്യുമ്പോൾ കിട്ടുന്ന ഉപോൽപ്പന്നങ്ങൾ ലാഭകരമായി ഉപയോഗിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

13. എല്ലാ വളർത്തു നായ്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നടത്തുകയും അലഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

14. നായ് വളർത്തലിന് പഞ്ചായത്തിൽ ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

15. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.

16. വനിതാ സംരഭകർക്കുള്ള പശു വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

17. ആടു വളർത്തലിനെ പോഷിപ്പിക്കുക.

18. കോഴി, താറാവ് എന്നിവ വ്യാപകമായ തോതിൽ വളർത്തുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കണം.

19. ഇറച്ചികോഴി വളർത്തലിനെ പോഷിപ്പിക്കണം.

20. സ്കൂൾ പൗൾട്രി ക്ലബ്ബ് സ്ഥാപിക്കുക.

21. എഗ്ഗർ നഴ്സറി ഏർപ്പെടുത്തുക

22. താറാവ് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കണം.

23. മുയൽ വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കണം.

24. സഹകരണ അടിസ്ഥാനത്തിൽ ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുക.

25. പഞ്ചായത്ത് തല മൃഗ സംരക്ഷണ മേള സംഘടിപ്പിക്കുക.

26. ഗോ രക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുക.

27. ലാബറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തണം.

മത്സ്യസമ്പത്തും മൃഗസമ്പത്തും നമ്മുടെ നാടിന്റെ നിലനിൽപ്പിന്റെ ആണി കല്ലുകളാണ്. ബഹുഭൂരിപക്ഷത്തിന്റെയും ജീവനോപാധി എന്ന നിലയിലും നമ്മുടെ നാടിന്റെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്ന ഘടകങ്ങൾ എന്ന നിലയിലും ഈ മേഖലകളെ സംരക്ഷിക്കേണ്ടത് പരമ പ്രധാനമാണ്. മുകളിൽ ഉന്നയിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സമൂലമായി അപഗ്രഥിച്ച് നടപ്പാക്കാൻ കഴിഞ്ഞാൽ ഈ രംഗത്ത് നമ്മുക്ക് വളരെയധികം മുന്നേറാൻ കഴിയും.





4.3

വിദ്യാഭ്യാസം

"വിദ്യാധനം സർവ്വധനാൽ പ്രധാനം"

ആലപ്പുഴ ജില്ലയുടെ തെക്കേയറ്റത്ത് തീരപ്രദേശത്തോട് ചേർന്ന് കിടക്കുന്ന മേഖലയാണ് ആറാട്ടുപുഴ പഞ്ചായത്ത്. മത്സ്യ തൊഴിലാളികളും, കയർ തൊഴിലാളികളും ഇവിടെ തിങ്ങിപ്പാർക്കുന്നു നിരക്ഷരനരായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിൽ ഉയർന്ന നിലവാരം പുലർത്തുവാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള TKMM കോളേജും (നങ്ങ്യാർകുളങ്ങര) കായംകുളം എം.എസ്.എം. കോളേജുമാണ് കോളേജ് വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങൾ. ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ആറാട്ടുപുഴ എം. എൽ.പി. സ്കൂളാണ്. 1951-52 കാലത്ത് സ്ഥാപിക്കപ്പെട്ട മംഗലം ഗവ: ഹൈസ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ. ആദ്യകാലങ്ങളിൽ ആവശ്യമായ ബോധവൽക്കരണം ലഭിക്കാതിരുന്നതിന്റെ ഫലമായി ആകെ ജനങ്ങളിൽ ഒരു ന്യൂനപക്ഷം മാത്രമാണ് സ്കൂളുകളിൽ പോയിരുന്നത്. അതു കൊണ്ട് തന്നെ അക്ഷരാഭ്യാസത്തിൽ ഈ പഞ്ചായത്ത് പിന്നിലായിരുന്നു. അക്കാലത്ത് മുസ്ലീം സ്ത്രീകൾ താരതമ്യേന വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്നു. എന്നാൽ കാലത്തിന്റെ പുരോഗതിയും, ഗവ: പ്രോത്സാഹനവും, മുസ്ലീം സമുദായത്തിലെ പുരുഷന്മാരുടെ സമ്മർദ്ദവും കാരണം ക്രമേണ ഇതിന് അത്ഭുതാവഹമായ മാറ്റം വന്നതായി കാണാം.

മംഗലം, വല്ല്യഴീക്കൽ ഹൈസ്കൂളുകളുടെ അവിർഭാവത്തോടെ ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം ലഭിച്ചു അതിനുമുമ്പ് വള്ളത്തിൽ കയറി കിഴക്കൻ പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിനായി പോകേണ്ടിയിരുന്നതിനാൽ സാമ്പത്തികമായി ഉയർന്നവർക്ക് മാത്രമേ ഉന്നത വിദ്യാഭ്യാസം നേടുവാൻ കഴിഞ്ഞിരുന്നുള്ളു. കൊല്ലം ചങ്ങനാശ്ശേരി തിരുവനന്തപുരം തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ നിന്നാണ് കോളേജ് വിദ്യാഭ്യാസം നേടിയിരുന്നത്.

29463 ജനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ 2 ഹൈസ്കൂളുകളും 2 യു.പി. സ്കൂളുകളും 5 എൽ.പി. സ്കൂളുകളും മംഗലം ഗവ: എൽ.പി. സ്കൂളിനോട് ചേർന്ന് ഒരു പ്രീ-പ്രൈമറി വിദ്യാലയവുമാണ് നിലവിലുള്ളത്. കായംകുളം കായലിന് കിഴക്ക് ഭാഗത്തുള്ള മുന്ന് വാർഡുകളിലും ഒറ്റ വിദ്യാലയം പോലും ഇല്ല എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്. മേൽ പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ 29 അംഗൻവാടികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 2 ഹൈസ്കൂളുകളും 1 എൽ.പി. സ്കൂളും, പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള മറ്റ് ഒരു എൽ.പി. സ്കൂളും ഒഴികെയുള്ള സ്ഥാപനങ്ങൾ എല്ലാം സ്വകാര്യ മേഖലയിലാണ്.

ഇപ്പോഴും വിദ്യാഭ്യാസ നിലവാരത്തിൽ നമ്മുടെ പഞ്ചായത്ത് ആശാവഹമായ പുരോഗതിയിൽ എത്തിയിട്ടില്ല. ഈ പ്രശ്നം നമ്മുടെ നിയന്ത്രണത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഈ രംഗത്ത് അദ്ധ്യാപക - രക്ഷകർതൃ സംഘടനകൾക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും.

(പട്ടിക 1 ശ്രദ്ധിക്കുക)

വിദ്യാർത്ഥികളെ സ്കൂളിൽ അയയ്ക്കുന്നതോട് കൂടി തങ്ങളുടെ ഉത്തരവാദിത്വം പൂർണ്ണമായി എന്ന മനോഭാവത്തിൽ രക്ഷകർത്താക്കൾക്ക് മാറ്റം ഉണ്ടാകണം. കുട്ടികളുടെ പഠനകാര്യത്തിൽ ഏറെ ശ്രദ്ധിക്കേണ്ടത് രക്ഷകർത്താക്കളാണ്. ട്യൂട്ടോറിയലുകൾ വഴി സമാന്തര വിദ്യാഭ്യാസ മേഖല വികസിച്ച് വരുന്നത് ഈ രംഗത്തെ തകർച്ചയ്ക്ക് തെല്ലൊരു ആശ്വാസമാണെങ്കിലും ആവശ്യമായ യോഗ്യത നേടിയവരല്ലാത്ത അദ്ധ്യാപകരുടെ നേതൃത്വം വേണ്ടത്ര പ്രയോജനം ലഭിക്കുവാൻ സഹായകമല്ല എന്ന വസ്തുത ഓർക്കേണ്ടതാണ്. എസ്.എസ്.എൽ.സി. യുടെ വിജയ ശതമാനം നമ്മുടെ വിദ്യാഭ്യാസ നിലവാര തകർച്ചയ്ക്ക് ഒരു ഉദാഹരണം മാത്രമാണ്. നമ്മുടെ വിദ്യാലയങ്ങൾക്കെല്ലാം ഇല്ലായ്മകളുടെ കഥകളെ പറയുവാനുള്ള.

അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച് വിവരങ്ങൾ

	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
സ്കൂളുകൾ	ആണ്	പെണ്	ആകെ	ആണ്	പെണ്	ആകെ
1	2	3	4	5	6	7
H.S.	19	23	42	613	560	1173
U.P.S.	12	35	47	810	677	1487
L.P.S.	8	30	38	881	808	1689
ആകെ	39	88	127	2304	2045	4349

പഠനത്തിന്റെ കാര്യത്തിലെന്നപോലെ കലാകായിക രംഗത്തും നമ്മുടെ വിദ്യാർത്ഥികൾ പിൻതള്ളപ്പെട്ടിരിക്കുന്നു. സാങ്കേതി വിദ്യാഭ്യാസ രംഗത്ത് നമ്മുടെ മേഖല വളരെ പിന്നിലാണ്. ദൂരദേശങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്യാനുള്ള ബുദ്ധിമുട്ടും സാമ്പത്തിക പരാധിനതയും ഇതിന് തടസ്സം നിൽക്കുന്നു. പഞ്ചായത്തുക്കൾക്ക് കൂടുതൽ ഭരണാധികാരം കിട്ടിയതോട് കൂടി ഗുണപരമായ മാറ്റത്തിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കുള്ള പുന: പരിശീലന ക്ലാസ്സുകൾക്ക് തുടക്കം കുറിച്ചത് ശുഭോദർകമാണ്.

വിദ്യാഭ്യാസ മേഖലയിലെ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. പഞ്ചായത്തിലെ മദ്ധ്യ ഭാഗം കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം (I.T.I.) ആരംഭിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലകളിലെ എൽ.പി. സ്കൂളുകളോട് അനുബന്ധിച്ചും കിഴക്കൻ മേഖലയിലെ 10, 11, 12 വാർഡുകൾക്കായി ഓരോ പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കണം.

3. മംഗലം വല്ല്യഴീക്കൽ ഗവ: ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്ലസ് ടു കോഴ്സോ വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളോ അടിയന്തിരമായി ആരംഭിക്കണം.

4. 11, 12 വാർഡുകളിലേ വിദ്യാർത്ഥികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസ സൗകര്യത്തിനായി 11-ാം വാർഡിനോട് ചേർന്ന് മുതുകുളം തെക്ക് പ്രവർത്തിക്കുന്ന കുമാരനാശാൻ മെമ്മോറിയൽ യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

5. 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് എൽ.പി. സ്കൂൾ, യു.പി. സ്കൂൾ ആയി ഉയർത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കണം.

6. വിദ്യാലയങ്ങളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

7. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സുകൾ രൂപീകരിച്ച് അദ്ധ്യാപകർക്ക് പുന: പരിശീലനം നൽകണം.

8. പഞ്ചായത്തിലെ ഓരോ ഹൈസ്കൂളിൽ നിന്നും എസ്.എസ് എൽ. സി. ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് യഥാക്രമം 1000, 750, 500 രൂപാ ക്രമത്തിൽ സമ്മാനം ഏർപ്പെടുത്തണം.

9. വികലാംഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സഹായ ഉപകരണങ്ങൾ വാങ്ങി കൊടുക്കുകയോ ഗ്രാന്റ് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

10. അംഗൻവാടി വിദ്യാർത്ഥികൾക്ക് വേണ്ടി പഞ്ചായത്ത് തലത്തിൽ കായിക മത്സരങ്ങൾ നടത്തി പ്രതിഭ

കളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

11. നല്ല രീതിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് പ്രോത്സാഹാന സമ്മാനങ്ങൾ നൽക്കുക.

12. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്യുക.

13. അംഗൻവാടി ടീച്ചർമാർക്ക് പരിശീലനം നൽകണം.

14. എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കണക്കാകാതെ സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കുന്നതിന് ആവശ്യമായ നിയമ നടപടികൾക്ക് പരിശ്രമിക്കണം

15. സ്കൂൾ കോംപ്ലക്സിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ ഏകീക്രിത പരീക്ഷാ സമ്പ്രദായത്തിന് രൂപം നൽകണം.

16. വിദ്യാഭ്യാസ വിദഗ്ധരെയും ജനപ്രതിനിധികളെയും പി.റ്റി.എ. പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി കൊണ്ട് അക്കാഡമിക്ക് കൗൺസിൽ രൂപീകരിക്കുകയും വിദ്യാലയങ്ങളുടെ കാര്യക്ഷമത പരിശോധിക്കുകയും വേണം. വിദ്യാസമ്പന്നരായ ജനതയാണ് നാടിന്റെ സമ്പത്ത്.

നിലവിലുള്ള മൂല്യ തകർച്ചയ്ക്ക് ഏക പ്രതിവിധി വിദ്യാഭ്യാസം ആർജ്ജിക്കുക എന്നതാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി നിരക്ഷരത ഒരളവ് വരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ഈ രംഗത്തെ തുടർ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത ആർജ്ജിച്ച അറിവുകൾ നഷ്ടപ്പെടുന്ന തരത്തിലേക്ക് നിങ്ങികൊണ്ടിരിക്കുന്നു. ക്രിയാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങൾ സാക്ഷരതാ രംഗത്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തെ നിസ്സംഗത മാറ്റി ചലാനാത്മകമാക്കാൻ കൂട്ടായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ പുരോഗതിക്കായി ത്യാഗ പൂർണ്ണമായ സംഘടിത പ്രവർത്തനത്തിലൂടെ നമുക്ക് മുന്നേറാം. ഭാവി ഭാസുരമാക്കാം.



പട്ടിക 1
അക്കാദമിക്ക് നിലവാരം

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					S.S.L.C. വിജയശതമാനം				
		30% ന് താഴെ കുട്ടികൾ	30–40 മാർക്ക് നേടുന്നവർ	40–50% മാർക്ക് നേടുന്നവർ	50–60% നേടുന്നവർ	60% ത്തിൽ കൂടുതൽ നേടുന്നവർ	91–92	92–93	93–94	94–95	95–96
1	2	3	4	5	6	7	8	9	10	11	12
3	472	222	79	73	40	58					
4	456	192	78	61	54	71					
5	458	204	99	50	54	51					
6	471	260	82	40	40	49					
7	558	299	95	51	59	54					
8	412	248	91	38	21	14					
9	418	255	92	38	20	13					
10	343	216	49	37	23	18	26%	28%	28%	32%	31%



4.4

ആരോഗ്യം കുടിവെള്ളം

പൊതുജന ആരോഗ്യം എന്നാൽ അതുര ശുശ്രൂഷ എന്നത് മാത്രമല്ല ശുദ്ധജലം, പരിസര ശുചിത്വം, മലീമസമല്ലാത്ത അന്തരീക്ഷ വായു എന്നി വയെല്ലാം അടങ്ങിയതാണ്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞാൽ പൊതുജനാരോഗ്യ രംഗത്ത് വമ്പിച്ച ഒരു മുന്നേറ്റം ഉണ്ടാ ക്കാൻ കഴിയും. കുടിവെള്ളത്തിനായി പൈപ്പ് ജലത്തെ മാത്രം അശ്രയിച്ചു ജീവിക്കുന്ന നമ്മുടെ പ്രദേശത്തെ ജനങ്ങൾക്ക് ശുദ്ധ ജലവിതരണം ചെയ്യുന്നതിന് 478 പബ്ളിക്ക് ടാപ്പുകൾ പൊതുവിൽ സ്ഥാപിച്ചിട്ടുണ്ട് ഈ ടാപ്പുകൾ 316 എണ്ണം പടിഞ്ഞാറെകരയിലും 162 എണ്ണം കിഴക്കേകരയിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് കൂടാതെ ശുദ്ധജല വിതരണത്തിനായി 1383 ഹൗസ് കണക്ഷനു കളും നിലവിലുണ്ട്. ഈ കണക്കിൽ നിന്നു തന്നെ കുടി വെള്ളത്തിന്റെ ആവശ്യം നിറവേറ്റുവാൻ പൈപ്പ് ജല ത്തിനുള്ള പ്രാധാന്യം ബോധ്യപ്പെടുത്താവുന്നതാണ്. 1964 മുതൽ ശുദ്ധജലവിതരണത്തിനായി നടപ്പടികൾ ആരംഭിച്ചു എങ്കിലും 32 വർഷങ്ങൾ പിന്നിട്ട ഇന്നും ശുദ്ധജലം പഞ്ചായത്തിന്റെ എല്ലാഭാഗത്തും പൂർണ്ണ മായി എത്തിയിട്ടില്ല. പൈപ്പ് ജലം ലഭ്യമാക്കുന്നതിന് മുമ്പ് കുടിനീരിനായി ഉപയോഗിച്ചിരുന്ന കുളങ്ങളും കിണറുകളും ഉപയോഗ ശൂന്യമായി കിടക്കുന്നതിനാൽ പൈപ്പ് ജലവിതരണം മുടങ്ങിയാൽ ശുദ്ധ ജലം ലഭ്യമ ല്ലാത്ത അവസ്ഥയാണ് ഇന്നും ഉള്ളത്.

ജലസ്രോതസ്സുകൾ

പട്ടിക - 1

കിണറുകൾ		കുളങ്ങൾ		കുഴൽ കിണറുകൾ
പൊതുകിണറുകൾ	സ്വകാര്യ കിണറുകൾ	സ്വകാര്യകുളങ്ങൾ	പൊതുകുളങ്ങൾ	
4	142	115	ഇല്ല	18

(പഠനപര്യടന സർവ്വേശിൽ നിന്ന് ലഭിച്ചത്)

ശുദ്ധജലവിതരണ പദ്ധതികൾ

പട്ടിക - 2

R.W.S.S LIC	L.I.C. Assi: Sce:	പൊതുടാപ്പുകൾ	ഹൗസ്കണക്ഷനുകൾ
1. മംഗലം. 2. വെട്ടത്തുകടവ് 3. ആറാട്ടുപുഴ ബസ്സ് സ്റ്റാന്റ് 4. വല്യഴീക്കൽ 5. പട്ടോളിമാർക്കറ്റ്	മംഗലം - രാമഞ്ചേരി (പുതിയപദ്ധതി)	478	1383

വാട്ടർസപ്ളൈ സ്കീമുകളെ മാത്രം ആശ്രയിച്ചു പോരുന്ന നമ്മുടെ പഞ്ചായത്തിൽ കുടിനീർ ലഭ്യതയിൽ ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നു.

നിലവിലുള്ള പ്രശ്നങ്ങൾ:-

1. നിലവിലുള്ള മംഗലം വെട്ടത്തുകടവ് ശുദ്ധജല വിതരണപദ്ധതികൾ കാലഹരണപ്പെട്ടതുമൂലം ശുദ്ധജലവിതരണം കാര്യക്ഷമമല്ല.

2. ചൂളത്തെരുവിൽ പ്രവർത്തിച്ചിരുന്ന വാട്ടർസപ്ളൈ പദ്ധതി പ്രവർത്തനക്ഷമമല്ലാത്തതു നിമിത്തം കിഴക്കേ കരയിലുള്ള വാർഡുകളിൽ ശുദ്ധജലക്ഷാമം അനുവഭവപ്പെടുന്നു.

3. വല്യഴീക്കൽ പ്രദേശത്തെ മാലിശ്ശേരിൽ ഭാഗംവരെ പൈപ്പ്ലൈൻ എത്തിയിട്ടുള്ളൂ. 9-ാം വർഡിലെ ശേഷിക്കുന്ന പ്രദേശത്ത് ശുദ്ധജലക്ഷാമം രൂക്ഷമാണ്.

4. രണ്ടാം വാർഡിന്റെ പടിഞ്ഞാറെഭാഗവും മൂന്നാം വാർഡിന്റെ എം 5. കരണ്ടിനെ മാത്രം ആശ്രയിച്ചുള്ള ശുദ്ധജല വിതരണമായതിനാൽ ഏറിയ സമയത്തും കറന്റില്ലാത്ത കാരണത്താൽ ശുദ്ധജലക്ഷാമം ഉണ്ടാക്കുന്നു.

6. ശുദ്ധജലവിതരണരംഗത്തെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ ശുദ്ധജലവിതണത്തിൽ പോരായ്മകൾ സൃഷ്ടിക്കുന്നു.

പരിഹാരനിർദ്ദേശങ്ങൾ :

1. നിർദ്ദിഷ്ട LIC സഹായം ഉപയോഗിച്ചു നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മംഗലം രാമഞ്ചേരി പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കി മംഗലം മുതൽ രാമഞ്ചേരി വരെയുള്ള വാട്ടർ സപ്ളൈ ലൈനുകൾ പരസ്പരം ബന്ധിപ്പിച്ചു ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക.

2. ചൂളത്തെരുവിൽ നിലവിലുണ്ടായിരുന്ന പദ്ധതി പ്രവർത്തനക്ഷമമല്ലാതായസാഹചര്യത്തിൽ ആ പദ്ധതി പ്രദേശത്തെ ശുദ്ധജലവിതരണത്തിന് പുതിയപദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

3. കാലഹരണപ്പെട്ടു പ്രവർത്തനശേഷി കുറഞ്ഞ വെട്ടത്തുകടവ് പദ്ധതിക്കുപകരം പുതിയപദ്ധതി ആവിഷ്കരിക്കണം.

4. ശുദ്ധജലവിതരണത്തിന് ഏറിയസമയവും തടസ്സം സൃഷ്ടിക്കുന്ന കറന്റിനു പകരം വിൻഡുപൈപ്പു ഉപയോഗിച്ചുള്ള ശുദ്ധജലവിതരണപദ്ധതികൾ നടപ്പാക്കുകയും ആ പദ്ധതികളെ മറ്റു ശുദ്ധജലവിതരണലൈനുകളുമായി ബന്ധപ്പെടുത്തുകയും വേണം.

5. പൊതുകിണറുകളും കുളങ്ങളും വൃത്തിയാക്കി ഉപയോഗ്യയോഗ്യമാക്കിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും കറന്റില്ലാത്ത സന്ദർഭങ്ങളിലും ഉപയോഗിക്കുവാൻ കഴിയും. ഇതിനായി സന്നദ്ധ-സംഘടനാ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

6. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ഓരോ വാട്ടർ ടാങ്കിനെ കേന്ദ്രീകരിച്ചു മോണിട്ടറിംഗ് സമിതി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കേണ്ടതാണ് ഒപ്പം മേലധികാരികളുടെ ഭാഗത്ത് നിന്നും ഫലപ്രദമായ പരിശോധനകളും മറ്റ് നടപടികളും ഉണ്ടാവേണ്ടതാണ്.

7. ജനങ്ങളുടെ ആവശ്യകത ബോധ്യപ്പെട്ട് പബ്ളിക്ക് ടാപ്പുകൾ സ്ഥാപിക്കുന്നതിന് പകരം അനിയന്ത്രിതമായി ടാപ്പുകൾ സ്ഥാപിച്ചത് മൂലം ഒട്ടേറെ പബ്ളിക്ക് ടാപ്പുകൾ ഇന്ന് ഉപയോഗശൂന്യമാണ്. ഇത് മൂലം ഒരു ടാപ്പിന് 875 രൂപ പ്രകാരം വർഷംതോറും വലിയ ഒരു സംഖ്യയാണ് ചിലവിടുന്നത്. മേലിൽ ഈ ഇനത്തിലെ ആനാവശ്യമായ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കാനും, ഫലപ്രദമായി ടാപ്പിന്റെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യം വേണ്ടിടത്ത് വാട്ടർ കമ്മറ്റികളുടെ പ്രവർത്തനം സംഘടിപ്പിച്ച് കൊണ്ട് വാട്ടർ ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

8. പുതിയ ടാപ്പുകൾക്കായി ആവശ്യപ്പെടുന്ന പ്രദേശങ്ങളിൽ ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് വാട്ടർ ചാർജ്ജ് അടയ്ക്കുന്ന ചുമതല അവരിൽ ഏൽപ്പിച്ചു കൊണ്ട് ടാപ്പുകൾ സ്ഥാപിക്കുന്നതിനു കഴിയണം. ഈ സംവിധാനം ഏർപ്പെടുത്തുന്നതോടെ ശുദ്ധജലം പാഴാക്കുന്നത് തടയാനും, പഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള ചിലവ് ചുരുക്കാനും കഴിയുന്നതാണ്.

9. ഇന്ന് ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ പലതും കാളിറ്റി കുറഞ്ഞവയാണ്. അത് ഉപയോഗിക്കുന്നത് നിമിത്തം ശുദ്ധജല വിതരണത്തിൽ ഒട്ടേറെ പാഴായിപോകുന്നു. ഇത് വളരെ ഗൗരവപരമായ ഒരു പ്രശ്നമാണ്. ഇതിന് ഫലപ്രദമായി പരിഹാരം കാണേണ്ടിയിരിക്കുന്നു. ഈ വഴിക്ക് ചിന്തിക്കുമ്പോൾ ജനകീയ കമ്മിറ്റികളുടെ സാന്നിദ്ധ്യത്തിൽ ഈ ഉപകരണങ്ങളുടെ ഉപയോഗം നടത്തുന്നതിന് കഴിഞ്ഞാൽ ഗുണകരമായിരിക്കും.

വാർഡ്തല നിർദ്ദേശങ്ങൾ

ഇവ പരിഹരിക്കുന്നതിന് ആവശ്യമായ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. മംഗലത്ത് ഇടയ്ക്കാട്ട് ക്ഷേത്രത്തിന് പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്ന പമ്പ്ഹൗസിനു വാട്ടർ ടാങ്ക് കെട്ടി പഞ്ചായത്തിന്റെ ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക.

2. 7-ാം വാർഡിൽ രാമഞ്ചേരിയിൽ ഉണ്ടായിരുന്ന വാട്ടർ ടാങ്ക് പൊളിച്ച് മാറ്റിയിരിക്കുന്നു. ടി ടാങ്ക് കന്നേൽ ഗോപി സൗജന്യമായിത്തരാമെന്ന് പറഞ്ഞ സ്ഥലത്ത് പണികഴിപ്പിച്ച പഞ്ചായത്തിന്റെ VI, VII, VIII എന്നീ

വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

3. 11-ാം വാർഡിലെ നല്ലീകടവിലെ വിന്റ് പൈപ്പ് ഉപയോഗപ്രദമാക്കി അവിടെയുള്ള ജലക്ഷാമം പരിഹരിക്കുക.

4. 12-ാം വാർഡിൽ ചൂളത്തെരുവിന് വടക്കുവശമുള്ള വാട്ടർ ടാങ്ക് പ്രവർത്തന ക്ഷമമാക്കി ടി പ്രദേശത്ത് ജല ക്ഷാമം പരിഹരിക്കണം. കൂടാതെ ഈ പ്രദേശത്ത് മൂന്ന് കിണറ് സ്ഥാപിച്ചാൽ ഒരു പരിധിവരെ ജല ക്ഷാമം പരിഹരിക്കാം.

5. കനകക്കുന്നിൽ ഉപയോഗശൂന്യമായ കുഴൽകിണറിന്റെ അറ്റകുറ്റപണി അടിയന്തിരമായി നടത്തുക.

6. 8-ാം വാർഡിലെ ശ്രീ. കുറുയിപ്പശ്ശേരിൽ ദേവീക്ഷേത്രത്തിന് സമീപം സ്ഥാപിച്ച ട്യൂബുവെൽ ഉപയോഗശൂന്യമാണ്. അയതിനാൽ ടി ട്യൂബവെൽ പ്രവർത്തന ക്ഷമമാക്കി വാർഡിന്റെ തെക്കും വടക്കും മേഖലകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാം.

7. പത്തിശ്ശേരി ജംഗ്ഷന് തെക്കും വടക്കും ഭാഗത്തുള്ള പൈപ്പ്ലൈനുമായി ആറാട്ടുപുഴ ബസ് സ്റ്റാന്റിൽ നിന്ന് പമ്പ് ചെയ്യുന്ന വെള്ളം ലഭിക്കുന്നതിന് ബസ് സ്റ്റാന്റ് മുതൽ പടിഞ്ഞാറ് മുസ്ലിം പള്ളിവരെ ലൈൻ സ്ഥാപിക്കുക.

8. 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പമ്പ് ഹൗസും ടാങ്കും കാലാവധികഴിഞ്ഞ് ജീർണ്ണിച്ചതിനാൽ പുതിയ ടാങ്കും പമ്പ് ഹൗസും കെട്ടുക.

9. പഞ്ചായത്തിലെ 5-ാം വാർഡിൽ വില്ലേജ് ആഫീസിന് പടിഞ്ഞാറ് വശം ഒരു വാട്ടർ ടാങ്ക് കെട്ടുക.

10. 6-ാം വാർഡിൽ പഞ്ചായത്ത് എൽ.പി.സ്കൂളിന്റെ ഗ്രൗണ്ടിൽ Central Water Scheme 1988-ൽ നടപ്പിലാക്കിയ സ്കീം പരാജയപ്പെട്ടു. ഈ സ്കീം പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

11. കൊച്ചിയുടെ ജെട്ടിക്കും, മണിവേലിക്കടവിനും ഇടയ്ക്ക് അടിയന്തിരമായി ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് 10-ാം വാർഡിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുക. കൂടാതെ നിലവിലുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് കാരാവള്ളി ടാങ്കിൽ നിന്നും 4 ഇഞ്ച് വ്യാസമുള്ള പൈപ്പ് ഉപയോഗിച്ച് 10-ാം വാർഡിലെ കോമളിൽകായൽ വാരം ജംഗ്ഷനുമായി ബന്ധിക്കുക.

പഞ്ചായത്ത് തലത്തിൽ ഉടനടി നടപ്പാക്കേണ്ട പൊതു നിർദ്ദേശങ്ങൾ

1. തുരുമ്പും അഴുക്കും, ക്രിമികളും ഇല്ലാത്ത ശുദ്ധജലം ലഭിക്കുന്നതിന് പൈപ്പ് ലൈൻ "സ്കവർ വാൽവ്" വെയ്ക്കാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുക.

2. പബ്ളിക്ക് ടാപ്പിന് ചുറ്റും പ്ലാറ്റ്ഫോം കെട്ടി അധികം ജലം ഒഴുക്കുവാനുള്ള സംവിധാനം പഞ്ചായത്തിലുടനീളം നടപ്പിലാക്കുക.

3. ഓരോ വാർഡിലും വെള്ളം മലിനമാകാതെ ശുദ്ധജല ലഭ്യതയ്ക്കായി പരിചയ സമ്പന്നരെ ഉൾകൊള്ളിച്ച് കൊണ്ട് വാർഡ് വാട്ടർ കമ്മിറ്റി ഉണ്ടാക്കുവാൻ പഞ്ചായത്ത് ഭരണസമിതി വളരെ മുൻഗണന നൽകണം.

4. പഞ്ചായത്തിൽ വെള്ളം പൂർണമായും ക്ലോറിനേഷൻ നടത്തി മാത്രം വിതരണം ചെയ്യുക.

5. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വെള്ളം സുലഭമായി ലഭിക്കുന്നതിന് ഓരോ വാർഡിനും നിലവിലുള്ള ടാപ്പുകൾക്ക് പുറമെ പതിനഞ്ച് ടാപ്പുകൾ വീതം അടിയന്തിരമായി ഈ പദ്ധതി കാലയളവിൽ അനുവദിക്കുക.

6. പബ്ളിക്ക് ടാപ്പുകൾ അനധികൃതമായി താഴ്ത്തിവച്ച് വെള്ളം മലിനമാക്കുന്നത് കർശനമായി തടയാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കുക.

7. ശുദ്ധജല വിതരണം മുടക്കം കൂടാതെ ലഭിക്കുന്നതിന് പമ്പ് ഓപ്പറേറ്ററുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുക.

8. ആറാട്ടുപുഴ ആയുർവേദ ആശുപത്രിക്ക് കിഴക്ക് വശമുള്ള ഉപയോഗശൂന്യമായ കിണർ വൃത്തിയാക്കി ശുദ്ധജലം ലഭ്യമാക്കുക.

9. കാസ്റ്റ് അയൺ പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുക.

പൊതുജന ആരോഗ്യം

ആരോഗ്യ സമ്പന്നമായ ജനതതി, ഒരു സമൂഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ സമ്പത്താണ്.

ഒരു തീരദേശ ഗ്രാമമായ ആറാട്ടുപുഴയിൽ കയർ മത്സ്യ രംഗത്തെ തൊഴിലാളികൾ ജനസംഖ്യയിൽ മുഖ്യ ഘടകമായതിനാൽ ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളുടെ വർദ്ധിച്ച ലഭ്യത അത്യന്താപേക്ഷിതമാണ്.

1991 ലെ ജനസംഖ്യ സെൻസസ് അനുസരിച്ച് 29463 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ തൊണ്ടഴുക്കൽ കുഴികളും, തോടുകളും, കായലുകളും ഒക്കെ കൂടിയ ഭൂപ്രദേശം എന്ന നിലയിൽ മലിനീകരണ സാദ്ധ്യതകളും കൂടുതലാണ്. ജീവിതത്തിന്റെ താഴെ തട്ടിലുള്ള പരമ്പരാഗത തൊഴിലാളികളുടെ ഇടയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവുകൾ കുറവായത് കൊണ്ട് തന്നെ ബോധവൽകരണ നടപടികൾ ഇനിയും വ്യാപകമാക്കേണ്ടിയിരിക്കുന്നു. എന്നാൽ നിലവിലുള്ള സംവിധാനത്തിന്റെ ചരിത്രവും പ്രവർത്തനവുമൊക്കെ ഒന്ന് പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ പരിപാലന രംഗത്ത് ആദ്യം പ്രവർത്തനം ആരംഭിച്ചത് ആറാട്ടുപുഴ ആയുർവ്വേദ ഡിസ്പെൻസറിയാണ്. 1958 ലാണ് ഈ സ്ഥാപനം പ്രവർത്തിച്ച് തുടങ്ങിയത് പിന്നീട് നീണ്ട പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷമാണ് മറ്റൊരു സ്ഥാപന മായ ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപി തമായത്.

ആറാട്ടുപ്പുഴ പി.എച്ച് സംന്ററിലെ രോഗികളെയും രോഗങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ

	ഗേരങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)					
വർഷം	ഇൻ പേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	ത്വക്ക് രോഗം	പകർച്ചവ്യാധികൾ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93		12244	702	503	10039	12244
1993-94		6026	502	272	5252	6026
1994-95		5718	601	292	4825	5718
1995-96		5023	401	325	4297	5023

10-09-1970 ൽ ആറാട്ടുപുഴ മത്സ്യ ഉൽപ്പാദക സഹകരണ സംഘം വാടകയ്ക്ക് നൽകിയ കെട്ടിട ത്തിൽ പ്രവർത്തിച്ച് വന്ന പി.എച്ച്.സി. 1995 ലാണ് സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റിയത്. 30-03-1986 ൽ പഞ്ചായത്തിലെ 8-ാം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചു ഇത് കൂടാതെ 1994 ൽ പ്രവർത്തിച്ചു തുടങ്ങിയ ഒരു ഫിഷറീസ് ആശുപത്രിയും തറയിൽ കടവ് പ്രദേശത്തും പ്രവർത്തിക്കുന്നു.

മേൽപറഞ്ഞ സർക്കാർ സ്ഥാപനങ്ങളെ കൂടാതെ നിരവധി സ്വകാര്യ സ്ഥാപനങ്ങളും നമ്മുടെ പഞ്ചായ ത്തിലെ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സംവി ധാനങ്ങളൊക്കെ ഇന്നു പ്രവർത്തിക്കുന്നുണ്ടെങ്കിലും ആരോഗ്യ രംഗത്ത് സംസ്ഥാന നിലവാരത്തോടൊപ്പം എത്തിച്ചേരുന്നതിന് നമ്മുക്ക് കഴിഞ്ഞിട്ടില്ല അതിനു പ്രധാനകാരണം പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ജനങ്ങളുടെ ബോധനിലവാരത്തിലുള്ള കുറവുമാണ്.

പൊതുജന ആരോഗ്യ രംഗത്തെ നിലവിലുള്ള പ്രശ്ന ങ്ങൾ.

1. ഭൂമി ശാസ്ത്ര പരമായ പ്രത്യേകതകളെ കണക്കിലെ ടുത്ത് ആരോഗ്യ സംരക്ഷണ പരിപാടികൾ നടപ്പാക്കാൻ കഴിയാത്തത്.

2. ജനങ്ങളുടെ ആരോഗ്യ കാര്യത്തിൽ നിർണായകമായ സ്ഥാനമുള്ള ശുദ്ധജലവിതരണ രംഗത്തെ പോരായ്മ കൾ.

3. ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലെ അപര്യാ പ്തതകൾ.

4. ഗതാഗത സംവിധാനത്തിലെ പോരായ്മകൾ.

5. ശുചീകരണ പദ്ധതികളുടെ അപര്യാപ്തത.

6. സാനിട്ടേഷൻ രംഗത്തെ പ്രശ്നങ്ങൾ.

7. ആരോഗ്യ സംരക്ഷണ കാര്യങ്ങളിൽ ജനങ്ങളുടെ അറിവില്ലായ്മ.

പൊതുജന ആരോഗ്യ സംരക്ഷണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേ ശങ്ങൾ സമർപ്പിക്കുന്നു.

1. a. ആറാട്ടുപുഴ പ്രൈമറി ഹെൽത്ത് സെന്ററിൽ നില വിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് O.P. ബ്ലോക്ക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവ പണി യുക.

b. കയർ വാർഡിന്റെ പണി ത്വരിതപ്പെടുത്തുക.

c. പി.എച്ച്.സി. യോട് ചേർന്ന് പുതിയ വാർഡ് പണി യുക.

d. കോട്ടേഴ്സ് പണിക്ക് ജീവനക്കാരുടെ സേവനം ഫല പ്രദമായി ഉപയോഗപ്പെടുത്തുക.

e. പി.എച്ച്.സി. യിൽ ലാബറട്ടറി സൗകര്യം ഏർപ്പെടു ത്തുക.

f. ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടുക.

പട്ടിക 2

ആറാട്ടുപുഴ പഞ്ചായത്തിലെ ആരോഗ്യ സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	സ്ഥാപിച്ച വർഷം
1.	പ്രൈമറി ഹെൽത്ത് സെന്റർ, ആറാട്ടുപുഴ	4	1970
2.	കുടുംബക്ഷേമ കേന്ദ്രം, മംഗലം	1	1970
3.	കുടുംബക്ഷേമ കേന്ദ്രം, ആറാട്ടുപുഴ വടക്ക്	2	
4.	കുടുംബക്ഷേമ കേന്ദ്രം, ആറാട്ടുപുഴ തെക്ക്	5	
5.	കുടുംബക്ഷേമ കേന്ദ്രം, കനകക്കുന്ന്	11	
6.	ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, ആറാട്ടുപുഴ	2	1958
7.	ഗവൺമെന്റ് ഫിഷറീസ് ആശുപത്രി, തറയിൽകടവ്	8	1994
8.	ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, പെരുമ്പള്ളി	8	1986

2. ഈ പി.എച്ച്.സി. ക്ക് കീഴിൽ പ്രവർത്തിക്കുന്ന 4 കുടുംബക്ഷേമ കേന്ദ്രങ്ങളിൽ മംഗലം കേന്ദ്രത്തിന് മാത്രമേ സ്വന്തം കെട്ടിടമുള്ളു ശേഷിക്കുന്ന മൂന്ന് കേന്ദ്രങ്ങൾക്കും കെട്ടിടം പണിയണം.

3. വല്ല്യഴീക്കൽ കേന്ദ്രമാക്കി ഉപകേന്ദ്രം അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

4. ആറാട്ടുപുഴ ഫിഷറീസ് ഡിസ്പെൻസറി മിനി പ്രാഥമിക കേന്ദ്രമാക്കി ഉയർത്താൻ നടപടി സ്വീകരിക്കണം. അവിടെ കുഞ്ഞുങ്ങൾക്ക് കുത്തിവയ്പ്പ് നൽകാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

5. തീരപ്രദേശത്ത് ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശമാകയാൽ പകർച്ചവ്യാധി പടർന്ന് പിടിക്കുവാൻ സാധ്യതകൂടുതലാണ്. അതിന്റെ പ്രതിരോധം എന്ന നിലയിൽ

a. തോടുകളിൽ സ്ഥാപിച്ചിരിക്കുന്ന കക്കൂസ് മാറ്റുക

b. പരിസര ശുചികരണത്തിന് ജനങ്ങളിൽ ബോധവൽകരണം നടപ്പാക്കുക.

c. ഭൂഗർജലം നേരിട്ട് ലൈനിലേക്ക് പമ്പ് ചെയ്യുന്ന നടപടി, രോഗങ്ങൾ വിളിച്ച് വരുത്തും. അത് പരിഹരിക്കാൻ ടാങ്കുണ്ടാക്കി ശുദ്ധീകരിച്ച് ലൈനിലേക്ക് വിടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

d. പൊട്ടിപൊളിഞ്ഞ കുഴലുകൾ നന്നാക്കുകയും ടാപ്പ് കമ്മിറ്റി ഉണ്ടാക്കി ടാപ്പ് സംരക്ഷിക്കുകയും ചെയ്യുക.

e. ഹോട്ടലുകൾക്കും, ചായക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കുക, ഇത് ചാകര പ്രദേശത്തെ ഓലമറച്ചുണ്ടാക്കുന്ന കടകൾ നിർത്തലാക്കുവാൻ സഹായിക്കും.

f. ചെമ്മീൻ പൊളിക്കുന്നതിനും, ഇറച്ചി വെട്ടുന്നതിനും ലൈസൻസ് ഏർപ്പെടുത്തുക. ഇത് പരിസര മലിനീകരണം തടയാൻ സഹായിക്കും.

g. അംഗനവാടികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കണം. ഇന്നത്തെ അംഗനവാടികൾ കൂടുതലും കുഞ്ഞുങ്ങളുടെ അനാരോഗ്യം വളർത്തുന്നവയാണ്.

h. മാർക്കറ്റുകൾ ആധുനികവൽക്കരിയ്ക്കുന്നതിന് നടപടി സ്വീകരിക്കണം.

i. ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

j. മെഡിക്കൽ ക്യാമ്പുകളും തുടർചികിത്സാ സംവിധാനവും ഏർപ്പെടുത്തുക.

k. മാതൃശിശു സംരക്ഷണ പദ്ധതികളിലും, സ്കൂൾ ഹെൽത്ത് പ്രോഗ്രാമിലും ഹോമിയോ മരുന്നുകൾക്ക് അർഹമായ പരിഗണനകൾ നൽക്കുക.

l. സാംക്രമിക രോഗങ്ങൾക്ക് പ്രതിരോധ മരുന്ന് നൽകുന്നതിന് സർക്കാർ മുൻകൈയ്യെടുത്ത് പദ്ധതികൾ തയ്യാറാക്കുക.

m. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങാൻ സർക്കാർ അലോട്ട് ചെയ്യുന്ന തുക 50,000 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക.

നിരവധി പ്രശ്നങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും കുടുംബക്ഷേമത്തിനുമായി കാര്യമാത്ര പ്രസക്തമായ നിർദ്ദേശങ്ങൾ മുൻഗണനാ ക്രമത്തിൽ സമർപ്പിക്കുന്നു.

1. പഞ്ചായത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളായ രണ്ട്, മൂന്ന്, അഞ്ച്, ഒമ്പത്, പത്ത്, പന്ത്രണ്ട് എന്നീ വാർഡുകളിൽ അത്യാവശ്യമായും ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ച് ആരോഗ്യ പ്രവർത്തനം ലഭ്യമാക്കണം.

2. രണ്ടാം വാർഡിലെ ആശുപത്രിക്കും, എട്ടാം വാർഡിലെ ഹോമിയോ ആശുപത്രിക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് കിടത്തി ചികിത്സിക്കുന്നതിന് സൗകര്യം ഉണ്ടാക്കണം.

3. എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന തറയിൽ കടവ് ഫിഷറീസ് ആശുപത്രി സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഡോക്ടറുടെയും നേഴ്സിന്റെയും പൂർണ്ണ സമയ സേവനം ലഭ്യമാക്കുക. കൂടാതെ പ്രാഥമിക കാര്യങ്ങൾ നടത്തുന്നതിന് കക്കൂസും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുക. ഫിഷറീസ് ആശുപത്രിക്ക് അനുവദിച്ച് സ്ഥലത്ത് താൽകാലിക കെട്ടിടത്തിൽ നിന്നും മാറ്റി പുതിയ കെട്ടിടം സ്ഥാപിച്ച് പ്രവർത്തനം നടത്തുക.

4. പഞ്ചായത്തിലെ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന വീട്ടുകാർക്ക് ഉടനടി സേഫ്റ്റി കക്കൂസ് നിർമ്മിച്ച് നൽകുക. (ഇതിനായി ഡച്ച് ഗവൺമെന്റിന്റെ സ്കീമും, ഗുണഭോക്താവിന്റെ സഹകരണവും, പഞ്ചായത്തിന്റെ ധനസഹായവും പ്രയോജനപ്പെടുത്താം.)

5. കൊതുക് നിവാരണത്തിനായി പ്രാഥമിക ആരോഗ്യ കേന്ദ്രം ആസ്ഥാനമാക്കി കൊതുക് നിയന്ത്രണ കേന്ദ്രം സ്ഥാപിക്കുക. വാർഡുകളിൽ കെട്ടികിടക്കുന്ന വെള്ളത്തിൽ ആഴ്ചയിൽ മൂന്ന് പ്രാവശ്യം ഓയിലിംഗും, പിസ്റ്റിയ ക്ലിയറൻസും വീടുകളിൽ സ്പ്രേയും നടത്തുക.

6. ആരോഗ്യ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബോധവൽകരണത്തിനുമായി ഓരോ വാർഡ് തലത്തിലും ആരോഗ്യ സംരക്ഷണ സമിതി രൂപീകരിക്കാൻ ഭരണതലത്തിൽ കൂടുതൽ പ്രാധാന്യം നൽകണം.

7. ആരോഗ്യ പ്രവർത്തകരുടെ വീട് സന്ദർശനം കർശനമാക്കുക. പഞ്ചായത്തിലെ എല്ലാ വാർഡിലും ഓരോ ആറ് മാസം കുടുമ്പോഴും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും ആരോഗ്യ സംരക്ഷണ സമിതിയുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും സെമിനാറും സംഘടിപ്പിക്കുക.

8. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനസംഖ്യ അനുപാതം നോക്കാതെ തീരദേശ പരിഗണന നൽകി കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകുക.

9. പഞ്ചായത്തിലെ അംഗൻവാടികളിൽ നിലവിലുള്ള രീതിയനുസരിച്ച് വേണ്ടത്ര പോഷക ആഹാരം കുട്ടികൾക്ക് ലഭിക്കുന്നില്ല. അതിനാൽ എല്ലാ അംഗൻവാടികളിലൂടെയും നല്ല പോഷക ആഹാരം വിതരണം ചെയ്യുക.

10. അടുകളയിൽ നിന്ന് ഉയരുന്ന പുകയുടെ ശ്വസനം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ തടയുന്നതിന് പരിക്ഷത്ത് അടുപ്പുകൾ ഉപയോഗിക്കുന്നതിനായി പഞ്ചായത്ത്തല ബോധവൽക്കരണം നടത്തുക.

11. ഗൃഹപരിസരവും, പൊതുസ്ഥലങ്ങളും മലിനമാക്കുന്നത് തടയുന്നതിന് ആരോഗ്യ പ്രവർത്തകരുടെ സേവനം പൂർണ്ണമായും ഉറപ്പുവരുത്തുക.

12. ചകിരിചോറ് ചപ്പ് ചവറുകൾ എന്നിവയിട്ട് തോടുകളിലും കായലുകളിലും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതും അത് മൂലം ഒഴിക്കില്ലാതെ പല സാംക്രമിക രോഗങ്ങൾ ഉണ്ടാവുന്നതും തടയുന്നതിന് കർശന നടപടിയെടുക്കുക.

13. Costal Development Scheme ലുള്ള റേഡിയേഷൻ തെറാപ്പി, ഫീൽഡ് വിസിറ്റ് മുതലായവ കൂടുതൽ പ്രാവർത്തികമാക്കുന്നതിന് വേണ്ടി ശ്രമിക്കുക. ഇതിനായി ആരോഗ്യ സംരക്ഷണ സമിതിയുടെ സേവനം പ്രയോജനപ്പെടുത്തുക.

14. ഫാമിലി ഹെൽത്ത് സർവ്വേ ഓരോ വർഷവും നടത്തുക. ഇതിന്റെ റിപ്പോർട്ട് ഗ്രാമ സഭകളിൽ വെളിപ്പെടുത്തുക.

15. പഞ്ചായത്തിലെ തീരപ്രദേശത്തെ ഏകആശ്രയമായ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ രണ്ട് ഡോക്ടർമാരെ നിയമിക്കുക.

16. ഈ കേന്ദ്രത്തിൽ അനുവദിച്ച കയർ വാർഡ് ബെഡുക്കൾക്ക് പുറമെ തീരപ്രദേശ പരിഗണന നൽകി പന്ത്രണ്ട് ബെഡുകൾ കൂടി അടിയന്തിരമായി അനുവദിക്കുക. (ആറാട്ടുപുഴ)

17. ധാരാളം പകർച്ച വ്യാതികൾ ഉണ്ടാകാൻ സാധ്യതയുള്ളത് കൊണ്ട് പഞ്ചായത്തിന്റെ തീര പ്രദേശങ്ങളിൽ മണലിൽ മത്സ്യം ഉണക്കുന്നത് തടഞ്ഞ് ഇതിനുവേണ്ടി കയറ്റുപായ് ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

18. മൂന്നാം വാർഡിൽ ഒരു പൊതു ശ്മശാനം ഉണ്ടാക്കുക. ഇത് ഒന്ന് മുതൽ അഞ്ചു വരെ വാർഡുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

19. നാലാം വാർഡിൽ ഇത് വരെ ഒരു അംഗൻവാടി പോലുമില്ല. ആയതിനാൽ ടി വാർഡിൽ ഉടനടി ഒരു അംഗൻവാടി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

20. ഏഴാം വാർഡിൽ ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്ത് വക ശ്മശാനം ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി ഉപയോഗിക്കുക.

21. നാലാം വാർഡിലെ ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടുക.

22. ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുക.

ആരോഗ്യമുള്ള ഒരു ജനതയാണ് നാടിന്റെ സമ്പത്ത്. നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ മാലിന്യ പ്രശ്നങ്ങളുണ്ട്. തുറസ്സായ സ്ഥലങ്ങളിലെ മല വിസർജ്ജനം നിരുത്സാഹപ്പെടുത്തേണ്ടതാണ്. കക്കൂസുകളുടെ കുഴലുകൾ വെള്ളത്തിലേക്ക് നീട്ടിയിരിക്കുന്നതിനാൽ ജലം മലിനമായി ആരോഗ്യ പ്രശ്നങ്ങൾ രൂക്ഷമാകുന്നു.

പരിസരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ശരിയായ ബോധവൽക്കരണം ഈ ദിശയിലേക്ക് നടത്തേണ്ടിയിരിക്കുന്നു.

ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ പൊതുജന സഹകരണം തേടണം. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ആ വഴിക്ക് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയില്ലെങ്കിൽ പൊതുജനാരോഗ്യരംഗത്ത് കഴിഞ്ഞ കാലങ്ങളിൽ നാം ആർജ്ജിച്ച പുരോഗതി ആർത്ഥശൂന്യമാകും.





4.5

ഗതാഗതം ഊർജ്ജം

ഗതാഗതം

ഗതാഗതം നമ്മുടെ പഞ്ചായത്തിന്റെ സർവ്വോതോന്മുഖമായ പുരോഗതിക്ക്, നിർണ്ണായകമായ ഒരു ഘടകമാണ് ഗതാഗത സൗകര്യങ്ങളുടെ വിപുലീകരണം.

അറബികടലിന്റെ തീരത്ത്, കായംകുളം കായലിന്റെ ഇരുകരകളിലുമായി വ്യാപിച്ചുകിടക്കുന്ന ഒരു പഞ്ചായത്തു പ്രദേശമായതിനാൽ ഗതാഗത രംഗത്തെ വിസന പ്രവർത്തനങ്ങൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടെണ്ടിവരുന്നു. 1991 ലെ സെൻസസ് അനുസരിച്ച് 29463 ഓളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു ഇനിയും ഒട്ടോറെ മുന്നോട്ട് പോകേണ്ടി വരുന്നു. കായംകുളം താപനിലയം, കായംകുളം ഫിഷിംഗ് ഹാർബർ എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ ഗതാഗത വികസനത്തിന് ഒട്ടേറെ സാദ്ധ്യതകളാണ് വന്നു ചേരുന്നത്.

റോഡു ഗതാഗതത്തിന്റെ വരവിന് മുമ്പ്, ജല മാർഗ്ഗ ഗതാഗതമാണ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്നത്. യാത്രയ്ക്കും, ചരക്കു ഗതാഗതത്തിനും ജലമാർഗ്ഗ ഗതാഗതത്തിനെയാണ് ആശ്രയിച്ചിരുന്നത്. ഇന്ന് അത് പാടെ ഉപേക്ഷിച്ചമട്ടിലാണ്, റോഡ് ഗതാഗതത്തിന് നമ്മുടെ പഞ്ചായത്തിൽ ആദ്യം നിർമ്മിച്ചത് തൃക്കുന്നപ്പുഴ – വല്ല്യഴീക്കൽ റോഡാണ്, ഈ റോഡ് കടലാക്രമണം മൂലം നിരവധി തവണ നഷ്ടപ്പെടുകയുണ്ടായി, അടുത്ത കാലത്തായി റോഡ് പുന: സ്ഥാപ്പിച്ച് ഗതാഗതം ആരംഭിച്ചിട്ടുണ്ട്. ഈ ആറാട്ടുപുഴയിൽ നിന്ന് തെക്കോട്ടുള്ള റോഡ് തറയിൽക്കടവ് ചാലായിൽ പടിഞ്ഞാറുവശം അവസാനിക്കുന്നു. അവിടെ നിന്നു തെക്കോട്ട് വല്ലഴിക്കൽ വരെയുള്ള റോഡ് നിർമ്മിച്ച് ഈ പ്രദേശത്തെ ബാഹ്യലോകവുമായി ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആറാട്ടുപുഴയ്ക്ക് തെക്ക് ഭാഗത്തുള്ള അഞ്ച് വാർഡുകളിലെ യാത്രാ ക്ലേശം വിവരണാതീതമാണ് പഞ്ചായത്തിന്റെ തെക്കൻ മേഖലകൾ ഏതാണ്ട് ഒറ്റപ്പെട്ട അവസ്ഥയിലാണ്. ഈ മേഖലയിലെ യാത്രാ ക്ലേശം പരിഹരിച്ച് നമ്മുടെ പഞ്ചായത്തിന്റെ ശോച്യാവസ്ഥ മാറ്റി എടുക്കേണ്ടത് പരമപ്രധാന കടമയാണ്.

ഗതാഗതരംഗത്തെ നിലവിലുള്ള പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. തൃക്കുന്നപ്പുഴ – വല്ല്യഴീക്കൽ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ ബുദ്ധിമുട്ട്.

2. മണിവേലിക്കടവ് – കിളിമുക്ക് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കത്തത് മൂലമുണ്ടകുന്ന ബുദ്ധിമുട്ട്.

3. അത്യാവശ്യമായ മേഖലകളിലേക്ക് ലിങ്ക് റോഡുകളും അപ്രോച്ച് റോഡുകളും നിർമ്മിക്കാത്തത് കൊണ്ടുള്ള അസൗകര്യങ്ങൾ.

4. ജലമാർഗ്ഗ ഗതാഗതത്തിന് പ്രാദേശികമായി ഉപയോഗിച്ചിരുന്ന കനാലുകൾ കൈയേറി നികഴ്ത്തിയതും ഗതാഗതയോഗ്യമല്ലാതാക്കി മാറ്റിയതും.

5. ജലമാർഗ്ഗ ഗതാഗതത്തിന് മുമ്പ് ഉപയോഗിച്ചിരുന്ന ബോട്ട് സർവ്വീസുകൾ നിർത്തലാക്കിയത്.

6. അത്യാവശ്യം വേണ്ട കടത്തുകടവുകളിൽ ആവശ്യം വേണ്ടുന്ന കടത്തു വള്ളങ്ങൾ ഏർപ്പെടുത്താൻ കഴിയാത്തത്.

7. യഥാസമയങ്ങളിൽ നിലവിലുള്ള റോഡുകളുടെ അറ്റ കുറ്റപണിക്കൾ നടത്താൻ കഴിയാത്തത്.

8. ജനങ്ങളുടെ ആയത്തിന്റെ തോതിന് അനുസൃതമായി ബസ്സ് സർവ്വീസുകൾ ആരംഭിക്കാൻ കഴിയാത്തത്,.

9. വാഹന ഗതാഗതത്തിന് അനുയോജ്യമായ വിധം കലുങ്കുകളും പാലങ്ങളും നിർമ്മിക്കാൻ കഴിയാത്തത്.

10. കനാൽ ഗതാഗതം സുഗമമാക്കാൻ കനാലുകളുടെ ആഴം വർദ്ധിപ്പിക്കാൻ കഴിയാത്തത്.

മേൽപ്പറഞ്ഞ ഒട്ടേറെ പ്രശ്നങ്ങൾ നില നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ പുതിയ പദ്ധതികളുടെ പ്രവർത്തനത്തോടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു ഗ്രാമം എന്ന നിലയിൽ ഗതാഗതവികസനത്തിന് നിർണ്ണായകമായ സ്ഥാനമാണുള്ളത് ഈ നിലകൂടി പരിഗണിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

നിർദ്ദേശങ്ങൾ

1. തൃക്കുന്നപ്പുഴ - വല്ല്യഴീക്കൽ റോഡിന്റെ ശേഷിക്കുന്ന ഭാഗം (പെരുമ്പള്ളി മുതൽ വല്ല്യഴീക്കൽ വരെ) ഉദ്ദേശം 3 കി. മി ഭാഗത്ത് റോഡ് നിർമ്മിച്ച് പൂർത്തിയാക്കുക. ഇത് പൂർണ്ണമായും ടാർ ചെയ്യണം.

2. രണ്ടാം വാർഡിലെ എസ്.എൻ മന്ദിരത്തിന് വടക്ക് വശത്ത്കൂടി തത്തമംഗലം വഴി വെള്ളേക്കാട്ടിൽ റേഷൻ കടയ്ക്ക് സമീപം പത്തിശ്ശേരിൽ ചേരുന്ന റോഡ്.

3. മംഗലം പമ്പ് ഹൗസ്മുതൽ പമ്പ് ഹൗസിന് വടക്ക് വശത്തു കൂടി കിഴക്ക് കായലോരം വരെ ഉള്ള റോഡ്.

4. രണ്ടാം വാർഡിലെ മഠത്തിൽ പുരയിടത്തിൽ നിന്ന് വടക്കോട്ട് 100 മീറ്റർ റോഡ്.

5. 2-ാം വാർഡിലെ എസ്.എൻ. മന്ദിരത്തിന് മുൻവശത്തു നിന്ന് കിഴക്കോട്ട് കൊറ്റിശ്ശേരിൽ പുരയിടം വരെ ഒരു റോഡ്

6. മൂന്നാം വാർഡിലെ എ.സി. പള്ളിമുതൽ കിഴക്കോട്ട് എസ.സി.എസ്. 195 ന്റെ വടക്ക് വശത്തുകൂടി കായൽ ഓരം വരെ ഒരു റോഡ്.

7. 2-ാം വാർഡിലെ പാട്ടത്തിചിറ റോഡ് പൂർത്തിയാക്കുക.

8. മൂന്നാം വാർഡിലെ കുന്നുംപുറം ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് കായലോരം വരെയുള്ള റോഡ്.

9. നാലാം വാർഡിലെ വെട്ടത്തുകടവ് പമ്പ് ഹൗസിനു മുൻവശത്ത് നിന്ന് പടിഞ്ഞാറോട്ട് ക്ലാരിറ്റി വീഡിയോ തീയേറ്ററിന് തെക്ക് വശത്തു കൂടി പടിഞ്ഞാറേ റോഡുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ്.

10. നാലാം വാർഡിലെ എ.കെ.ജി. റോഡ് വെട്ടത്തുകടവ് വരെ പൂർത്തിയാക്കുക.

11. അഞ്ചാം വാർഡിൽ ഓണർ മുക്കിൽ നിന്ന് കിഴക്ക് മുട്ടേൽപാലം വരെ ഒരു റോഡ്.

12. 5-ാം വാർഡിലെ ടെലഫോൺ എക്സചേഞ്ചിന് മുന്നിൽ കിഴക്ക് കായലോരം വരെ ഒരു റോഡ്.

13. അഞ്ചാം വാർഡിൽ പഞ്ചായത്ത് ഓഫീസിനു തെക്ക് വശത്തുകൂടി പടിഞ്ഞാറോട്ട് തൃക്കുന്നപ്പുഴ - വല്ല്യഴീക്കൽ റോഡിൽ ബന്ധിപ്പിക്കുന്ന ഒരു റോഡ്.

14. അഞ്ചാം വാർഡിൽ എ.കെ.ജി. നഗറിനു കിഴക്ക് വശത്തു ചാലുങ്കൽ വീടിന് പടിഞ്ഞാറ് വശത്തു കൂടി മുല്ലശ്ശേരിചിറയിൽ എത്തുന്ന ഒരു റോഡ്.

15. കള്ളിക്കാട് ടെലഫോൺ എക്സ്ചേഞ്ചിന് വടക്ക് വശത്ത് മേടയിൽ ചിറയിൽ കൂടി പടിഞ്ഞാറോട്ട് ഒരു റോഡ്.

16. കള്ളിക്കാട് - പള്ളിക്കടവ് ബോട്ടു ജെട്ടി റോഡ് ടാർ ചെയ്യുക.

17. പഞ്ചായത്ത് പാലം മുതൽ തെക്കോട്ട് ശിശുപാലന്റെ കടയുടെ പടിഞ്ഞാറ് വശത്ത് ബന്ധിപ്പിക്കുന്ന സ്ഥലത്ത് ഉദ്ദേശം 700 മീറ്റർ റോഡ് നിർമ്മിക്കണം.

18. നല്ലാണിക്കൽ പഞ്ചായത്ത് സ്കൂളിന്റെ വടക്ക് വശത്ത് കൂടി കടത്തുകടവിലേക്ക് ഉദ്ദേശം 200 മീറ്റർ റോഡ് നിർമ്മിക്കുക.

19. കള്ളിക്കാട് ശ്രീവേലിൽ ക്ഷേത്രത്തിന് തെക്കുവശത്ത് കൂടി നാല്ചിറയിൽ രമണന്റെ വീടിന് വടക്ക് ഭാഗത്ത് ചിറയിൽ കൂടി കിഴക്കോട്ട് പൊതുവഴിയിൽ ചേരുന്ന ഉദ്ദേശം 300 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.

20. ശാസ്താപറമ്പിൽ വിജയന്റെ വീടിനു തെക്ക് വശത്തുകൂടി കഴിക്കോട്ട് 300 മീറ്റർ റോഡ് നിർമ്മിക്കുക. ഈ റോഡിൽ കാട്ടിൽ രാമകൃഷ്ണന്റെ വീടിന് മുന്നിലുള്ള തോട്ടിൽ പാലവും നിർമ്മിക്കുക.

21. ആറാം വാർഡിലെ മാധവപുരത്ത് ശശീന്ദ്രന്റെ വീടിന് വടക്കു വശത്ത് കൂടി കിഴക്കോട്ട് ഉദ്ദേശം 200 മീറ്റർ വരുന്ന റോഡ് നിർമ്മിക്കുക.

22. പഞ്ചായത്തു പാലം മുതൽ കിഴക്കോട്ട് നിർദ്ദിഷ്ട കായലോര റോഡിൽ ബന്ധിപ്പിക്കുന്ന ഉദ്ദേശം 250 മീറ്റർ റോഡ്.

23. നല്ലാണിക്കൽ ഉണിശ്ശേരിൽ ക്ഷേത്രത്തിന് തെക്ക് വശത്ത് നിന്ന് കിഴക്കോട്ട് ഉദ്ദേശം 300 മീറ്റർ നീളത്തിൽ ഒരു റോഡ്.

24. നല്ലാണിക്കൽ ഗുരുമന്ദിരത്തിന് അടുത്ത് നിന്ന് കിഴക്കോട്ട് ഉദ്ദേശം 200 മീറ്റർ നീളത്തിൽ ഒരു റോഡ്.

25. വട്ടച്ചാൽ കമലന്റെ കടമുതൽ കിഴക്കോട്ട് പഞ്ചായത്ത് പാലം വരെ ഉദ്ദേശം 250 മീറ്റർ നീളത്തിൽ ഒരു റോഡ്.

26. കാവിൽ കറുമ്പന്റെ വീടിന് വടക്ക് വശത്തു കൂടി കിഴക്കോട്ട് ഉദ്ദേശം 250 മീറ്റർ നീളത്തിൽ ഒരു റോഡ്.

27. നല്ലാണിക്കൽ ഉപേന്ദ്രന്റെ വീടിന് തെക്ക് വശത്തു കൂടി കിഴക്കോട്ട് ഉദ്ദേശം 250 മീറ്റർ നീളത്തിൽ ഒരു റോഡ്.

28. മരയ്ക്കാശ്ശേരിൽ പടീറ്റതിൽ രത്നാകരന്റെ വടക്ക് വശത്തുകൂടി കിഴക്കോട്ട് ഉദ്ദേശം 150 മീറ്റർ റോഡ്.

29. മുന്നാം വാർഡിലെ കരിത്തറ ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് ഉദ്ദേശം 250 മീറ്റർ നീളത്തിൽ ഒരു റോഡ്.

30. മെയിൻ റോഡിൽ നിന്നും കുറിയപ്പശ്ശേരിൽ ക്ഷേത്രം വഴി പെരുമ്പള്ളി കടവിലേക്ക് റോഡ് നിർമ്മിക്കുക

31. തറയിൽകടവ് സമഭാവിനി ചിറയിൽ കൂടി കിഴക്കോട്ട് തറയിൽ കടവ് കടത്തുകടവിലേക്ക് റോഡ് നിർമ്മിക്കുക.

32. തറയിൽ കടവിൽ നിന്നും 14-ാം നമ്പരിലേക്ക് ഒരു റോഡ്.

33. തറയിൽകടവ് ദർശനയുടെ വടക്ക് വശത്ത് കൂടി ഉള്ള വഴി ഗ്രാവൽ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

34. തറയിൽ കടവ് ജെട്ടിമുതൽ തെക്കോട്ട് വല്ല്യഴിക്കൽ സ്കൂള് വരെയുള്ള നാട്ട് വഴി ഗ്രാവൽ ചെയ്യുക.

35. കുന്നുംപുറത്ത് വാസുദേവന്റെ വസതിക്ക് മുൻവശം മുതൽ പടിഞ്ഞാറോട്ട് വല്ല്യഴിക്കൽ ബസ് സ്റ്റോപ്പ് വരെയുള്ള റോഡ്.

36. തറയിൽ കടവിലെ കൽപ്പനാ ടൈലേഴ്സ് മുതൽ തെക്കോട്ട് കൊച്ചുതെക്കതിൽ ദത്തന്റെ വസതിക്ക് പടിഞ്ഞാറ് വശത്തുകൂടി വേലിയിൽ പുരയിടത്തിൽ എത്തുന്ന റോഡ്.

37. തുണ്ടയ്യത്ത് വാസുപിള്ളയുടെ വസതിമുതൽ പടിഞ്ഞാറോട്ട് ഇടയിലെ വീട് വരെ ഉള്ള പ്രദേശം ഇട വഴി ഗ്രാവൽ ചെയ്ത് റോഡ് നിർമ്മിക്കുക.

38. പത്താം വാർഡിൽ മണിവേലിക്കടവ് റോഡുമായി ബന്ധപ്പെടുത്തുന്നതിന് നാല് റോഡുകൾ (ഉദ്ദേശം 500 മീറ്റർ വീതം നീളം) റോഡ് നിർമ്മിക്കാം.

39. 11-ാം വാർഡിലെ തെക്ക് വടക്കുള്ള റോഡിലേക്ക് വന്ന് ചേരുന്ന പണ്ടാലക്കുന്നേൽ വടക്ക് വശത്ത് നിന്നും പടിഞ്ഞാറോട്ട് കുന്നനാശ്ശേരി ചിറയിൽ കൂടി ഒരു റോഡ് നിർമ്മിക്കുക.

40. കുറുങ്ങാട്ട് ചിറയിൽ നിന്ന് പടിഞ്ഞാറോട്ട് കവിഞ്ചേരി ചിറ വരെ റോഡ് നിർമ്മിക്കുക.

41. പഴയ വില്ലേജ് ഓഫീസിന് പടിഞ്ഞാറ് വരെ, വടക്കോട്ടുള്ള വഴി വീതികൂട്ടി റോഡ് നിർമ്മിക്കുക.

42. കായലിൽ തങ്കപ്പന്റെ വീടിന് തെക്ക് വശമുള്ള വഴി കിഴക്കോട്ടും പടിഞ്ഞാറോട്ടും വീതികൂട്ടി റോഡ് നിർമ്മിക്കുക.

43. തറയിൽ കാട്ടിൽ പുരയിടത്തിൽ നിന്ന് പടിഞ്ഞാറോട്ട് ഫിഷറീസ് ആശുപത്രിയിലേക്ക് ഒരു റോഡും പാലവും നിർമ്മിക്കുക.

44. പുത്തൻ മണ്ണേൽ പ്രഭാകരന്റെ വീടിന് പടിഞ്ഞാറോട്ട് നെടിയാത്ത് മുരുകാനന്ദന്റെ പുരയിടം വരെ റോഡും പാലവും നിർമ്മിക്കുക.

45. കുന്നത്ത് ശിശുപാലന്റെ വീടിന് കിഴക്ക് ഭാഗത്ത് വടക്കോട്ടുള്ള പൊതുവഴി ആൽത്തറമുട്ടിൽ വെളുത്ത കുഞ്ഞിന്റെ കിഴക്ക് ഭാഗത്ത് ചേർന്ന് പോകുന്ന താച്ചയിൽ പുരയിടത്തിൽ എത്തുന്ന പൊതുവഴിയിൽ റോഡും പാലവും നിർമ്മിക്കുക.

46. സമഭാവിനി ചിറയിൽ നിന്നും വടക്കോട്ട് ഹരിജൻ കോളനിയിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

47. നങ്കശ്ശേരിൽ സുരേന്ദ്രന്റെ കിഴക്ക് വശത്തുള്ള മെയിൻ റോഡിൽ നിന്ന് കിഴക്കോട്ട് പീക്കാട്ടിൽ പുരയിടത്തിൽ എത്തുന്ന പൊതുവഴിയിൽ റോഡും പാലവും നിർമ്മിക്കുക.

48. പെരുമ്പള്ളിൽ മെയിൻ റോഡിൽ നിന്ന് കിഴക്കോട്ട് ഹോമിയോ ആശുപത്രിയിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

49. കിളിമുക്ക് മണിവേലിക്കടവ് റോഡ് പൂർത്തീകരിക്കുക. പഞ്ചായത്തിന്റെ കായലിന് കിഴക്കേതീരത്ത് കൂടി നിർമ്മിച്ചിരിക്കുന്ന ഈ റോഡിന്റെയും പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ കലുങ്കുകൾ പണിത് റോഡ് പൂർണ്ണമായും ടാർ ചെയ്യുക.

50. കായംകുളം കായലിന്റെ പടിഞ്ഞാറേ തീരത്ത് കൂടി "തൃക്കുന്നപ്പുഴ – വല്ല്യഴിക്കൽ കായലോര റോഡ്" പുതുതായി നിർമ്മിക്കുക. ഈ പഞ്ചായത്തിൽ വീരാംപറമ്പ് മുതലാണ് റോഡ് നിർമ്മിക്കേണ്ടത്. ശേഷിക്കുന്ന ഭാഗം തൃക്കുന്നപ്പുഴ പഞ്ചായത്തിന്റെ ഏരിയ ആയതിനാൽ രണ്ട് പഞ്ചായത്ത് ഏരിയായിൽ കൂടി കടന്ന് പോകുന്ന റോഡ് എന്ന നിലയിൽ ഇതിന്റെ നിർമ്മാണ ചുമതല ബ്ലോക്ക് പഞ്ചായത്തിനെയോ ജില്ലാ പഞ്ചായത്തിനെയോ ഏൽപ്പിക്കേണ്ടതാണ്. ഈ റോഡ് നിർമ്മിക്കുവാൻ നിർദ്ദേശിക്കുന്ന ഏരിയ നിർദ്ദിഷ്ട ദേശീയ ജലപാതയുടെ പടിഞ്ഞാറെകരയിലൂടെ ആകയാൽ ജലപാതയ്ക്ക് വേണ്ടി ഡ്രഡ്ജ് ചെയ്യുന്ന മണ്ണ് ഉപയോഗിച്ച് തീരം നികത്തി റോഡ് നിർമ്മിക്കാവുന്നതാണ്.

51. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ ബന്ധപ്പെടുത്തുന്നതിന് താഴെ പറയുന്ന ലിങ്ക് റോഡുകൾ നിർമ്മിക്കേണ്ടതാണ്.

1. കൊല്ലീട കിഴക്കതിൽ ഹരിജൻ കോളനി റോഡിൽ മൂന്നാം വാർഡിന്റെ വടക്കേ അതിർത്തിയായ കൂട്ടപന യ്ക്കൽ ചിറയിൽ, പടിഞ്ഞാറ് തൃക്കുന്നപ്പുഴ – വല്ല്യഴീ ക്കൽ റോഡിൽ നിന്ന് കിഴക്ക് നിർദ്ദിഷ്ട കായലോര റോഡുമായി ബന്ധിപ്പിക്കുക.

2. MES ആശുപത്രി റോഡ് മൂന്നാം വാർഡിലെ MES ആശുപത്രിക്ക് വടക്ക് വശത്ത് കൂടി പടിഞ്ഞാറുള്ള പ്രധാനറോഡിൽ നിന്ന് ആരംഭിച്ച് കിഴക്ക് തെക്ക് പട ന്നയിൽ വീടിന് പടിഞ്ഞാറുവശത്തു കൂടി വടക്കോട്ട് പണിത് കൊല്ലീട കിഴക്കതിൽ ഹരിജൻ കോളനി റോഡിൽ എത്തിക്കണം.

3. ആറാട്ടുപുഴ ബസ് സ്റ്റാന്റ് – പഞ്ചായത്ത് ഓഫീസ് റോഡ് 3, 4, 5 വാർഡ് ഏരിയാകളിൽ കൂടെ കടന്ന് പോകുന്ന ഈ റോഡ് ആറാട്ടുപുഴ ബസ് സ്റ്റാന്റിൽ നിന്ന് ആരംഭിച്ച്, പഞ്ചായത്ത് ഓഫീസ് വരെ പണിതാൽ മേൽപ്പറഞ്ഞ വാർഡുകളിലെ ഗതാഗതം സുഗമമാക്കാം.

53. പ്രധാന ലിങ്ക് റോഡുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് താഴെപറയുന്ന ഗ്രാവൽ റോഡ് നിർമ്മിക്കുക.

1. ഒന്നാം വാർഡിൽ മംഗലം ഹൈസ്കൂൾ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് രണ്ടാം വാർഡിലെ പള്ളിമുക്കിൽ ചേരുന്ന വളവുങ്കരവരെ ഉള്ള റോഡ്.

ടാർ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ക്രോസ് റോഡുകൾ

1. കുറിച്ചിക്കൽ – തൈപുതുവൽ റോഡ്

2. പത്തിശ്ശേരി – പള്ളിമുക്ക് റോഡ്

3. മീശമുക്ക് – പള്ളിക്കടവ് റോഡ്

4. രാമഞ്ചേരി തിങ്കേഴ്സ് ജംഗ്ഷൻ മുതൽ കടത്തുക ടവ് വരെയുള്ള റോഡ്.

5. പെരുമ്പള്ളി കടത്തുകടവിലേക്കുള്ള റോഡ്.

6. കുറിയപ്പശ്ശേരി റോഡ് ടാർ ചെയ്യുക.

7. തറയിൽ ഭക്തന്റെ ജെട്ടി റോഡ് ടാർ ചെയ്യുക.

54. ഇന്ദിരാ ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് കണ്ടല്ലൂർ അതിർത്തി വരെയുള്ള റോഡിന് വീതികൂട്ടുക.

55. 11-ാം വാർഡിലെ കാട്ടിൽ രാഘവന്റെ വീടിന് തെക്ക് വശത്ത് നിന്ന് കിഴക്കോട്ട് ആലുമൂട്ടി ചിറവരെ ഇന്നുള്ള വഴി റോഡ് നിർമ്മിക്കുക.

പാലങ്ങളും കലുങ്കുകളും

നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിക്ക് വളരെ പ്രയോ ജനകരമായിരിക്കും പുതിയ ചില പാലങ്ങൾ നിർമ്മി ക്കുന്നത്. ഗതാഗത സൗകര്യങ്ങളുടെ വിപുലീകരണ ത്തോടൊപ്പം, വാണിജ്യ – വ്യവസായ അഭിവൃദ്ധിക്കും ഈ പാലങ്ങളുടെ നിർമ്മാണത്തോടെ കഴിയുന്നതാണ്.

1. കൊച്ചിടെ ജെട്ടി പാലം : കായംകുളം കായലിന്റെ ഏറ്റവും വീതികുറഞ്ഞ ഭാഗമായ പെരുമ്പള്ളികടവും, കൊച്ചിടെ ജെട്ടിയുമായി ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുക എന്നത് നാട്ടുകാരുടെ ഒരു ചിരകാല അഭി ലാഷമാണ്. ഇരുകരകളുമായി ഏകദേശം 300 മീറ്റർ അകലമുള്ള ഇവിടെ ഒരു പാലം നിർമ്മിച്ചാൽ പഞ്ചായ ത്തിന്റെ തെട്ടടുത്ത പട്ടണമായ കായംകുളത്ത് എത്തി ച്ചേരുന്നതിന് ഏകദേശം 20 കി. മി. ദൂരം കുറഞ്ഞ് കിട്ടും. കായംകുളം ഫിഷിംഗ് ഹാർബർ പ്രവർത്തനക്ഷമമാ കുന്നതോടെ സുലഭമായി ലഭിക്കുന്ന മത്സ്യസമ്പത്ത് പ്രധാനമാർക്കറ്റുകളിൽ എത്തിക്കുന്നതിനും ഈ പാലം ഉപകാരപ്രദമായിരിക്കും.

2. വെട്ടത്തുകടവ് പാലം : പഞ്ചായത്തിന്റെ മദ്ധ്യഭാഗ മായ വെട്ടത്തുകടവിൽ ഇരുകരകളുമായി ബന്ധിപ്പി ക്കുന്ന ഒരു പാലം നിർമ്മിക്കേണ്ടതാണ്. ഈ പാലം നിർമ്മാണം പൂർത്തിയായാൽ നമ്മുടെ പഞ്ചായത്തിലെ 4, 5 വാർഡുകളുടെ അതിർത്തിയായ AKG റോഡിലൂടെ വെട്ടത്തുചന്തവഴി ചേപ്പാട് റെയിൽവേസ്റ്റേഷനിൽ എത്താവുന്നതാണ്. കായംകുളം താപനിലയ പദ്ധതി പ്രദേശത്തിന്റെ തെക്കേയറ്റത്ത് നിർമ്മിക്കുന്ന ഈ പാലം താപനിലയത്തിന്റെ പ്രവർത്തനത്തിന് സഹായ കരമാകും.

3. പഞ്ചായത്ത് ഏരിയായിലെ വിവിധ വാർഡുകളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനായി പട്ടികയിൽ പറയുന്ന പ്രദേശങ്ങളിൽ പാലങ്ങൾ നിർമ്മിക്കേണ്ട താണ്. (വിവിധ ഗ്രാമ സഭകളിൽ ഉന്നയിച്ച നിർദ്ദേശ ങ്ങൾ അവലംബം)



ക്രമ നമ്പർ	വാർഡ് നമ്പർ	പാലം നിർമ്മിക്കേണ്ട സ്ഥലത്തിന്റെ പേര്
1	9	കടവത്തുപാലം
2	3	MES ആശുപത്രിക്ക് കിഴക്കുള്ള പാലം
3	3	ആറാട്ടുപുഴ MLP സ്കൂളിന് കിഴക്കുവശമുള്ള ആലിൻചിറ പാലം
4	3	മുട്ടേകുന്നേൽ പാലം
5	4	വെട്ടത്തുകടവ് പമ്പ് ഹൗസിന് തെക്കുവശത്തെ പാലം
6	5	തോപ്പിൽ തോട്ടിൽ കൊച്ച് പറമ്പ് വീടിന് കിഴക്ക് വശമുള്ള പാലം
7	5	മുല്ലശ്ശേരി പാലം
8	6	പഞ്ചായത്ത് ആഫീസിനു സമീപമുള്ള പാലം
9	6	വട്ടച്ചാൽ കടത്തുകടവിന് സമീപമുള്ളപാലം
10	7	രാമഞ്ചേരിയും ഇടമണ്ണുമായി ബന്ധിപ്പിക്കുന്ന പാലം

വെള്ളംകെട്ടിനിന്ന് പൊതുവഴികൾ സഞ്ചാരയോഗ്യമല്ലാതാക്കുന്നതും ആരോഗ്യഭീഷണി ഉയർത്തുന്നതും ഒഴിവാക്കാൻ താഴെ പട്ടികയിൽ പറയുന്ന സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിക്കേണ്ടതാണ്.

ക്രമ നമ്പർ	വാർഡ് നമ്പർ	കലുങ്കും ഓടയും നിർമ്മിക്കേണ്ട സ്ഥലത്തിന്റെ പേര്
1	2	പത്തിശ്ശേരി ക്ഷേത്രത്തിന് തെക്ക് വശം ഓട നിർമ്മിക്കുക
2	2	പള്ളിമുക്ക് പള്ളിക്ക് പടിഞ്ഞാറ് ഭാഗത്ത് റോഡിന് കുറുകെ കലുങ്ക് നിർമ്മിക്കുക
3	5	മുട്ടേൽ പാലത്തിന് കിഴക്ക് ഭാഗത്ത് ഓട നിർമ്മിക്കുക
4	5	ഉച്ചാരിചിറയിൽ നുലിപടന്നയിൽ തെക്കുവശം ഓട
5	6	ചെമ്പിൽ ഭാഗത്തെ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ വടക്കേത്തുറ ശശിയുടെ വീടിന് മുൻവശം ഓട

താൽക്കാലിക തടിപ്പാലങ്ങൾ : വിവിധ പ്രദേശങ്ങളിലെ ജനങ്ങളുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് താൽക്കാലിക പാലങ്ങളെങ്കിലും നിർമ്മിക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ടവ പട്ടികയിൽ ചേർത്തിരിക്കുന്നു

ക്രമ നമ്പർ	വാർഡ് നമ്പർ	താൽക്കാലിക പാലം നിർമ്മിക്കേണ്ട സ്ഥലങ്ങൾ
1	9	പുത്തൻ പറമ്പിലെ കുമാരന്റെ വീടിന് വടക്കുവശം
2	9	തട്ടാനത്ത് മാധവന്റെ വീടിന് പടിഞ്ഞാറ് വശം
3	9	കായൽ വാരത്ത് പത്മനാഭന്റെ വസതിക്ക് കിഴക്ക് വശം
4	9	കുളത്തിന്റെ ചിറയിൽ രാജന്റെ വീടിന് വടക്കുവശം
5	9	കുന്നുപുറത്ത് ഹരിദേവന്റെ വസതിക്ക് വടക്കുവശം
6	9	കിണറ്റിൻ മുട്ടിൽ രാജമ്മയുടെ വസതിക്ക് കിഴക്ക് വശം
7	9	വല്ല്യഴീക്കൽ തെക്ക് ഭാഗം കാട്ടിൽ പ്രദേശവുമായി ബന്ധിപ്പിക്കുന്ന പാലം
8	11	ശാർങ്കമംഗലം പുതുവൽ തോട്
9	11	ചക്കിട്ട പുതുവൽ തോട്
10	11	കണ്ടങ്കേരി പുതുവൽ തോട്

11	11	ആനന്ദേശ്വരം ബലരാമന്റെ വടക്കു വശത്തെ തോട്
12	11	ഇടച്ചിറ വടക്ക് വശത്തെ തോട്
13	11	ഇടച്ചിറ ആനന്ദന്റെ പടിഞ്ഞാറെ തോട്
14	11	കന്നേകായലിൽ വടക്ക് വശത്ത് കിടക്കുന്ന കുഴൽ മാറ്റി പാലം നിർമ്മിക്കണം
15	11	ഭദ്രമംഗലം പുതുവലിൽ വടക്ക് വശത്തെ തോട്
16	11	മണക്കാട്ട് പുതുവലിൽ ജയകുമാറിന്റെ വടക്ക് വശത്തെ പാലം
17	8	തങ്കശ്ശേരി മണ്ണേൽ പ്രദേശം കരയുമായി ബന്ധിപ്പിക്കുക.

കനാലുകൾ

ചരക്ക് ഗതാഗതത്തിന് ഉപയോഗ പ്രദമായ രീതിയിൽ മണ്ണ് വീണ് നികർന്നു അനധികൃത കൈയ്യേറ്റം മൂലം തടസ്സങ്ങളുണ്ടായും കിടക്കുന്ന താഴെ പറയുന്ന കനാലുകൾ ഗതാഗത യോഗ്യമാക്കുക.

1. 2, 3 വാർഡുകളിൽ കൂടി കടന്ന് പോകുന്ന പനന്നിൽകുന്നിൽ തോട്

2. 3-ാം വാർഡിലെ എസ്.സി.എസ്. എ. 195 തെക്ക് വശത്തെതോട്

3. 4-ാം വാർഡിലെ പമ്പ് ഹൗസ് തോട്

4. 5-ാം വാർഡിലെ ഇടശ്ശേരികാട് തോട്

5. 5-ാം വാർഡിലെ കടയിൽ തോട്

6. 7-ാം വാർഡിലെ തിങ്കേഴ്സ് ജംഗ്ഷൻ റോഡിന്റെ തെക്ക് വശത്ത് കടത്തുകടവിലേക്കുള്ള തോട്

7. തറയിൽക്കടവ് ജെട്ടിയുടെ തെക്ക് വശത്ത് കിഴക്ക് പടിഞ്ഞാറുള്ള തോട്

8. 8-ാം വാർഡിലെ കുറിയപ്പശ്ശേരി ക്ഷേത്രത്തിന് പടിഞ്ഞാറ് വശം തെക്ക് വടക്കായും വടക്ക് ചെന്നിട്ട് പടിഞ്ഞാറോട്ട് പോകുന്ന് തോട്.

9. 8-ാം വാർഡിലെ കാട്ടുപുരയിടത്തിൽ ഗോവിന്ദന്റെ വീടിന്റെ വടക്ക് വശം പടിഞ്ഞാറോട്ടുള്ള തോട്

പുത്തൻ മണ്ണേൽ സുകുമാരന്റെ വീടിന് പടിഞ്ഞാറ് ഭാഗത്ത് തെക്കോട്ടുള്ള കനാൽ ഗതാഗത യോഗ്യമാക്കുക.

ബോട്ട് സർവ്വീസ്

ജലസമ്പത്തിനാൽ അനുഗ്രഹീതമായ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ മുൻകാലങ്ങളിൽ ഗതാഗതത്തിന് ബോട്ട് സർവ്വീസുകളെ ആശ്രയിച്ചിരുന്നു. എന്നാൽ റോഡ് ഗതാഗതത്തിന്റെ വികസനത്തോടെ ബോട്ട് സർവ്വീസുകൾ നിലച്ചു. ഇന്ന് ഗതാഗത സൗകര്യങ്ങൾ കൂടുതൽ കൂടുതൽ വികസിപ്പിക്കേണ്ട ആവശ്യകത വർദ്ധിപ്പിക്കേണ്ട സാഹചര്യത്തിൽ ബോട്ട് സർവ്വീസുകൾ അത്യന്താപേക്ഷിതമായിരിക്കുന്നു അതിനായി അടിയന്തിരമായി താഴെ പറയുന്ന ബോട്ട് സർവ്വീസുകൾ ആരംഭിക്കണം.

1. കൊല്ലം ആലപ്പുഴയായി മുമ്പ് നടത്തിയിരുന്ന ബോട്ട് സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുക

2. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായി വീരാംപറമ്പ് നിന്നും കായംകുളത്തിനും തോട്ടപ്പള്ളിക്കും ആയിരം തെങ്ങിനും ബോട്ട് സർവ്വീസുകൾ ആരംഭിക്കുക

ഫെറി സർവ്വീസ്

പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പരിഷ്കരിക്കുകയും പുതിയ കടത്തു വള്ളങ്ങൾ നടപ്പാക്കുകയും വേണം അതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. വട്ടച്ചാൽ കടത്തുകടവിൽ ഒരു ഗവൺമെന്റ് കടത്തു വള്ള സർവ്വീസ് ആരംഭിക്കുക.

2. കൊച്ചിടെ ജെട്ടി, ജങ്കാർ സർവ്വീസ് വലിയ വാഹനങ്ങൾക്ക് കൂടി കടത്ത് ഇറങ്ങുന്നതിന് പര്യാപ്തമായ രീതിയിൽ ജങ്കാർ യന്ത്ര വൽകരിക്കുക.

3. കടത്ത് വള്ളങ്ങൾ തിരിച്ചറിയുന്നതിന് ഗവ: വള്ളങ്ങളിൽ "സർക്കാർ വള്ളം" എന്ന ബോർഡ് വയ്ക്കുക.

4. ആറാട്ടുപുഴ ജെട്ടി പള്ളിക്കടവ് ജെട്ടി എന്നിവടങ്ങളിൽ കടത്ത് വള്ളം അടുക്കുന്നതിന് കടവ് പണിയുക. ആറാട്ടുപുഴ ജെട്ടി പുതുക്കി പണിയുക.

ബസ് സർവ്വീസുകൾ

നമ്മുടെ പഞ്ചായത്തിൽ ആറാട്ടുപുഴ ബസ് സ്റ്റാന്റിൽ നിന്ന് ഏകദേശം 82 ഷെഡ്യൂൾ അനുസരിച്ച് ബസ് സർവ്വീസ് നടത്തുന്നുണ്ട്. ഈ സർവ്വീസുകൾ സമയ ക്രമീകരണം വരുത്തി ക്രമീകരിക്കുകയും. വല്ല്യഴീക്കൽ വരെ റോഡിന്റെ നിർമ്മാണ പൂർത്തിയാക്കി തിരുവനന്തപുരം കോട്ടയം എറണാകുളം എന്നിവടങ്ങളിലേക്ക് ദീർഘദൂര സർവ്വീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ മണിവേലികടവിൽ നിന്നും കൊച്ചിടെ ജെട്ടി കനകക്കുന്ന് ചുളത്തെരുവ് വഴി കടന്നു പോകുന്ന ഹരിപ്പാട്ടേക്കുള്ള ബസ് സർവ്വീസുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ആലപ്പുഴ കൊല്ലം ജലപാതയിൽ ചരക്ക് ഗതാഗതം സുഗമവും ചിലവ് ചുരുങ്ങിയതും ആക്കുവാൻ വാട്ടർ ട്രയിൻ സംവിധാനം നടപ്പാക്കുവാൻ പദ്ധതി അവിഷ്കരിക്കേണ്ടതാണ്.

നമ്മുട പഞ്ചായത്തിൽ പുതുതായി നിർമ്മിക്കാൻ നിർദ്ദേശിക്കുന്ന കായലോര റോഡ് വികസിപ്പിച്ചാൽ വടക്ക് തോട്ടപ്പള്ളി മുതൽ തെക്ക് വലിയതുറവരെ ഒരു തീരദേശ ഹൈവേയ്ക്ക് സാദ്ധ്യതയുണ്ട്. ഈ ഹൈവേയിൽ ഫിഷിംഗ് ഹാർബറിന് കുറുകെ പാലം കൂടി നിർമ്മിച്ച് കഴിഞ്ഞാൽ ആലപ്പുഴ കൊല്ലം ജില്ലകളുടെ തീരദേശ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയുന്നതിലൂടെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഗതാഗതപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനും അതിലൂടെ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ആക്കം കൂട്ടാനും കഴിയുന്നതാണ്.

ഊർജ്ജം

വികസന കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഊർജ്ജ ആവശ്യത്തിനായി പ്രധാനമായി ആശ്രയിക്കുന്നത് വൈദ്യുതിയെ ആണ്. മണ്ണെണ്ണ, വിറക്, കുക്കിംഗ് ഗ്യാസ് എന്നിവയും ഉപയോഗിക്കുന്നുണ്ട്. ഇതിൽ കുക്കിംഗ് ഗ്യാസിന്റെ ഉപഭോക്താക്കൾ നന്നെ ചുരുക്കമാണ്.

പഞ്ചായത്ത് പ്രദേശത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഉടമസ്ഥതയിലുള്ള പുത്തൻ പദ്ധതികളുടെ ആവിർഭാവം ഊർജ്ജ രംഗത്തെ വിപുലീകരണത്തിന്റെ ആവശ്യകത വളരെ വർദ്ധിപ്പിക്കുന്നു. എന്നാൽ വൈദ്യുതി ഉൽപ്പാദനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലാത്ത സംസ്ഥാനത്തെ ഒരു പിന്നോക്ക പഞ്ചായത്ത് എന്ന നിലയിൽ മറ്റ് ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗത്തിന് കാര്യമായ ഊന്നൽ നൽകേണ്ടതുണ്ട്.

വർദ്ധിച്ച് വരുന്ന ഗാർഹിക ഉപഭോഗ വസ്തുക്കൾക്ക് മറ്റ് ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുക എന്നതാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. അങ്ങനെ ഗാർഹിക ഉപഭോഗത്തിന് മറ്റ് സ്രോതസ്സുകൾ (ബയോ ഗ്യാസ്, സൗരോർജ്ജം, ദക്ഷത കൂടിയ അടുപ്പ്, കുക്കിംഗ് ഗ്യാസ്) ഉപയോഗിക്കുന്നതോടൊപ്പം നിലവിലുള്ള വൈദ്യുതി വിതരണ മേഖലയുടെ വിപുലീകരണം പ്രസന്നത്തിലുണ്ടാകുന്ന നഷ്ടം തടയാനുള്ള നടപടികൾ അനധികൃതവും ആത്യാവശ്യവുമായ കറന്റ് ഉപയോഗം തടയൽ ശാസ്ത്രീയമായ ഉപഭോഗ സംസ്കാരം വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം ഊർജ്ജ രംഗത്തെ വൈദ്യുതേതര ഏജൻസികളുടെ സേവനം ലഭ്യമാക്കൽ ജനപങ്കാളിത്തത്തോടുള്ള പദ്ധതി നിർവ്വഹണം തുടങ്ങിയ നടപടികളിലൂടെ ഊർജ്ജരംഗത്തെ നിലവിലുള്ള പ്രശ്നങ്ങൾക്കു പരിഹാരം കാണാനാകും.

കാർഷിക മേഖല കൊണ്ട് മാത്രം ജീവിക്കാൻ ബുദ്ധിമുട്ടുന്ന ഒരു പ്രദേശം എന്ന തരത്തിൽ പരമ്പരാഗത വ്യവസായ മേഖലയുടെ വികസനത്തിലൂടെ മാത്രമേ പഞ്ചായത്തിന്റെ സമഗ്രമായ പുരോഗതി സാധ്യമാകൂ. ആ ധാരണയിൽ ഊന്നിനിന്ന് കൊണ്ട് പരമ്പരാഗത വ്യവസായ തൊഴിൽ മേഖലയുടെ ആധുനിക വൽക്കരണത്തിന് വൈദ്യുതോർജ്ജം ഉപയോഗിക്കാനും മറ്റ് ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റ് സ്രോതസ്സുകളെ ഉപയോഗപ്പെടുത്താനും ആവശ്യമായ പദ്ധതികൾ ഉണ്ടാവണം.

ഊർജ്ജ മേഖലയിൽ ദീർഘ വീക്ഷണത്തോട് കൂടിയ പദ്ധതി നിർവ്വഹണത്തിലൂടെ മാത്രമേ കായംകുളം തെർമ്മൽ പവർ പ്രോജക്ടിന്റെയും കായംകുളം ഫിഷിംഗ് ഹാർബറിന്റെയും പൂർത്തീകരണത്തിലൂടെ അനുബന്ധ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനും പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കാനും കഴിയൂ.

1954 ൽ മംഗലം പ്രദേശത്താണ് ഈ പഞ്ചായത്തിൽ ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി ആദ്യമായി കടന്നുവന്നത്. 42 വർഷങ്ങൾക്ക് ശേഷവും ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി പൂർണ്ണമായും എത്തിച്ചേർന്നിട്ടില്ല. ഏകദേശം 4000 ത്തോളം ഉപഭോക്താക്കൾ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. 13.8 കി. മി. ദൈർഘ്യമുള്ള പഞ്ചായത്തിന്റെ മൂന്നാം വാർഡിലെ ആറാട്ടുപുഴ ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന ഒരു സബ് ഏൻജിനീയർ ആഫീസ് മാത്രമാണ് വൈദ്യുതി ബോർഡിന്റെ ഏകസ്ഥാപനം.

കരുവാറ്റ, മാവേലിക്കര സബ് സ്റ്റേഷനുകളിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നത്. ആകെയുള്ള ഉപഭോക്താക്കളിൽ 97% ഗാർഹിക ഉപഭോക്താക്കളും 2. 5% വ്യാപാര ഉപഭോക്താക്കളും 0.5% വ്യാവസായിക ഉപഭോക്താക്കളുമാണ്. ഈ ഗുണഭോക്താക്കൾക്കാകെ വൈദ്യുതി വിതരണം ചെയ്യുന്നതിന് 13 ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നു.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ ചേർക്കുന്നു.

നമ്പർ	കപ്പാസിറ്റി	പേര്	നമ്പർ	കപ്പാസിറ്റി	പേര്
1	100 KVA	മംഗലം	8	100 KVM	നല്ലാണിക്കൽ
2	100 KVM	ആറാട്ടുപുഴ	9	100 KVM	വട്ടച്ചാൽ
3	100 KVM	ആറാട്ടുപുഴ വല്യപറമ്പ്	10	100 KVM	പെരുമ്പള്ളി
4	100 KVM	ആറാട്ടുപുഴ പരപ്പുങ്കൽ പുതുവൽ	11	100 KVM	തറയിൽ കടവ്
5	100 KVM	ആറാട്ടുപുഴ കണ്ടങ്കേരിൽ	12	100 KVM	വല്ല്യഴീക്കൽ
6	100 KVM	വെട്ടത്തുക്കാവ്	13	100 KVM	പട്ടോളിമാർക്കറ്റ്
7	100 KVM	കള്ളിക്കാട്			

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗമായ തൃക്കുന്നപ്പുഴ വല്ല്യഴീക്കൽ റോഡിൽ ഭൂരിപക്ഷഭാഗത്ത് ഇന്നും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടില്ല.

2. പഞ്ചായത്ത് വാർഡുകളിൽ ഒന്നും പൂർണ്ണമായി വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുള്ളതല്ല.

3. പല വൈദ്യുത ബോർഡ് ഓഫീസുകളുടെ പരിധിയിൽ പെടുന്ന ഒരു പഞ്ചായത്തായതിനാൽ ഏകോപിതമായ പ്രവർത്തനത്തിലൂടെ സേവനം ലഭ്യമല്ലാത്തതിനാൽ ഉപഭോക്താക്കൾക്ക് പല ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

4. ലൈനിൽ മുട്ടി നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റാത്തതു ബോർഡിന്റെ അശ്രദ്ധയും കാരണം പ്രസരണ നഷ്ടമുണ്ടാകുന്നു.

5. പഞ്ചായത്ത് ഏരിയായിൽ 164 ട്യൂബ് ലൈറ്റുകളും 324 ബൾബുകളും 488 സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ പകുതിപോലും പ്രവർത്തനക്ഷമതമല്ല. പഞ്ചായത്ത് ഈ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് പ്രതിമാസം 7149 രൂപാ വീതം കറണ്ട് ചാർജ്ജ് അടയ്ക്കുന്നുണ്ട്.

6. വൈദ്യുതി ഉപയോഗത്തിലെ ചൂഷണം വളരെ വ്യാപകമാണ്. ഇതു തടയാൻ ഫലപ്രദമായ യാതൊരു സംവിധാനവും ഇന്നില്ല.

7. പഞ്ചായത്തിൽ 1 മുതൽ 9 വരെ വാർഡുകളിൽ മത്സ്യ തൊഴിലാളികൾ പ്രധാന ജനവിഭാഗമാണ്. മത്സ്യ ബന്ധനത്തിനു പോകുന്ന അവർക്ക് ദിക്കറിഞ്ഞ് കരയ്ക്കടുക്കാൻ സഹായകമായ സർച്ച് ലൈറ്റ് ഇന്നില്ല.

8. വൈദ്യുതി ജീവനക്കാരുടെ കാര്യക്ഷമതയില്ലായ്മ മൂലം പ്രദേശത്ത് വൈദ്യുതി വിതരണ തകരാറുകൾ ഇടയ്ക്കിടെ ഉണ്ടാകുന്നു.

9. പ്രദേശത്തെ ജനസംഖ്യകളിൽ പ്രധാന വിഭാഗമായ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിനുള്ള ഇന്ധനം (മണ്ണെണ്ണ) ആവശ്യാനുസരണം ലഭ്യമല്ലാത്തതിനാൽ, ഈ രംഗത്ത് കൊടിയ ചൂഷണം നിലനിൽക്കുന്നു.

10. കുക്കിംഗ് ഗ്യാസ് ഏജൻസികളുടെ സർവ്വീസിംഗ് ഏരിയായിൽ ആറാട്ടുപുഴ ഉൾപ്പെട്ടിട്ടില്ലത്തതിനാൽ, ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

11. വിറകിന് ഉപയോഗിക്കാവുന്ന പാഴ്മരങ്ങളുടെ ലഭ്യത കുറവ്, പാചക ഇന്ധനരംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ ഉണ്ടാകുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ വിതരണത്തിന് കരുവാറ്റ ഫീഡറിൽ നിന്നുള്ള കറന്റാണ് ഉപയോഗിക്കുന്നത്. അത് കരുവാറ്റ ഫീഡറിൽ നിന്നും മാറ്റി നങ്ങ്യാർക്കുളങ്ങര ഫീഡറിൽ ഉൾപ്പെടുത്തിയാൽസ വൈദ്യുതി പ്രസരണത്തിനായി വലിച്ചിട്ടുള്ള ലൈനിന്റെ ദൂരം ഏകദേശം 11 കി. മി. കുറഞ്ഞ് കിട്ടും. തന്മൂലം ദൂരം കൂടുന്നതിലൂടെ ഉണ്ടാകുന്ന പ്രസരണ നഷ്ടം ഒഴിവാക്കാൻ കഴിയുന്നതാണ്.

2. കൊച്ചിടെ ജെട്ടിയിൽ നിന്നും പെരുമ്പള്ളിയിലേക്ക് വലിച്ചിട്ടുള്ള 11 KV ലൈൻ ചാർജ് ചെയ്യുക.

3. വിതരണ ശൃംഖലയിൽ കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വിതരണ ശേഷി വർദ്ധിപ്പിക്കുക. പട്ടിക അന്യത്ര

1. ഒന്നാം വാർഡിൽ മംഗലം പമ്പ് ഹൗസിനു സമീപം

2. അഞ്ചാം വാർഡിൽ വെട്ടത്തുകടവിനു തെക്കുവശം

3. എട്ടാം വാർഡിലെ പെരുമ്പള്ളിയിലും, പതിനാലാം നമ്പരിലും

4. ഒൻപതാം വാർഡിലും വല്ല്യഴീക്കൽ സുബ്രഹ്മണ്യ ക്ഷേത്രത്തിനു സമീപവും

5 പത്താം വാർഡിൽ മണിവേലിക്കടവ്, കൊച്ചിടെ ജെട്ടി

4. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന്, ലൈനിലേക്ക് മുട്ടി നിൽക്കുന്ന വൃക്ഷതലപ്പുകൾ മുറിച്ചുമാറ്റുക. ഇതിന് വാർഡ് അടിസ്ഥാനത്തിൽ സാംസ്കാരിക സംഘടനാ പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പരിപാടികൾ അവിഷ്കരിക്കുക.

5. വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതടക്കം, വൈദ്യുതി ബോർഡിന്റെ സേവനം വേണ്ടവിധം പ്രയോജനപ്പെടുത്താൻ, ആറാട്ടുപുഴ ബസ്റ്റാന്റിൽ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ജൂനിയർ എൻജിനീയറുടെ ആഫീസ്, ഇലക്ട്രിസിറ്റി സെഷൻ ആഫീസായി ഉയർത്തുകയും, പഞ്ചായത്തിന്റെ തെക്കൻ പ്രദേശമായ പെരുമ്പള്ളിയിൽ ഒരു ജൂനിയർ എൻജിനിയർ ആഫീസ് തുറക്കുകയും വേണം. (7, 8, 9 വാർഡുകളിൽ മാത്രം 466 ഗാർഹിക ഉപഭോക്താക്കൾ ഉണ്ട്) കനകക്കുന്ന്, ചൂളത്തെരുവ് എന്നിവിടങ്ങളിൽ കറണ്ടു ചാർജ്ജ് വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പാടു ചെയ്യേണ്ടതാണ്.

വൈദ്യുത ലൈനുകളുടെ വിപുലീകരണം

വൈദ്യുതി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും എത്തിക്കുന്നതിന് നിലവിലുള്ള ലൈൻ വിപുലീകരണം അത്യന്താപേക്ഷിതമാണ്. അതിനായി പട്ടികയിൽ പറയുന്ന സ്ഥലങ്ങളിലേക്ക് ലൈൻനീട്ടുക.

ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ

1 ഒന്നാം വാർഡിലെ കല്ലശ്ശേരി ജംഗ്ഷൻ മുതൽ 2-ാം വാർഡിലെ പത്തിശ്ശേരി ജംഗ്ഷൻ വരെ

2. 2-ാം വാർഡിലെ കാർത്തികേയാ ജംഗ്ഷൻ മുതൽ 3-ാം വാർഡിന്റെ വടക്കേയറ്റം വരെയുള്ള ലൈനുമായി ബന്ധിപ്പിക്കുക.

3. 4-ാം വാർഡിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ 5-ാം വാർഡിലെ AKG ജംഗ്ഷൻ വരെ

4. 6-ാം വാർഡിലെ ശ്രീവേലിക്ഷേത്രം മുതൽ എസ്.സി.എസ്. - 2600 ന് സമീപം വരെ

5. 2-ാം വാർഡിലെ എസ്.എൻ. മന്ദിരത്തിനു വടക്കുവശത്തു നിന്നും കിഴക്ക് പുത്തൻകണ്ടം ഏരിയായിലേക്ക്

6. 9-ാം വാർഡിൽ കാട്ടിൽ പ്രദേശത്തേക്ക്

7. 10-ാം വാർഡിൽ മണിവേലിക്കടവു മുതലുള്ള റോഡിന്റെ ശേഷികുന്ന ഭാഗം

8. 11-ാം വാർഡിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ.

6. ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ലൈൻ വലിക്കേണ്ട വസ്തു ഉടമകളുടെ കൺസന്റ് ലഭിക്കാനുള്ള തടസ്സമാണ് മുഖ്യ പ്രശ്നം. ഈ തടസ്സം ഒഴിവാക്കുന്നതിനു സമഗ്രമായ നിയമ നിർമാണം സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. കൂടാതെ ഇതു സംബന്ധമായ തർക്കങ്ങളിൽ പഞ്ചായത്തു മെമ്പർമാർ ഇടപ്പെട്ട് പരിഹരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

7. ആകെ 468 സ്ട്രീറ്റ് ലൈറ്റുകളുള്ളതിൽ പ്രവർത്തന ക്ഷമമല്ലാത്തവ അടിയന്തിരമായി പ്രവർത്തന ക്ഷമമാക്കണം. പ്രതിമാസം 7149 രൂപ വീതം അഞ്ചു വർഷ കാലം കൊണ്ട് 428540 രൂപാ ചെലവാകുന്നു. ഈ ചെലവ് ക്രമേണ കുറച്ചു കൊണ്ടുവരുന്നതിനും തെരുവു വിളക്കുകൾ തീർത്തും ഉപയോഗപ്പെടുത്തുവാൻ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം. ഇന്നും വൈദ്യുതി എത്താത്ത 9-ാം വാർഡിലെ നങ്കശ്ശേരിമണ്ണേൽ, 12-ാം വാർഡിലെ മുണ്ടുക്കാട് എന്നീ പ്രദേശങ്ങളിലേക്ക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിച്ചാൽ ആ പ്രദേശം മുഴുവൻ വൈദ്യുതികരിക്കാൻ കഴിയുന്നതാണ്.

ഇതു കൂടാതെ പട്ടികയിൽ പറയുന്ന സ്ഥലങ്ങളിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം

I 2-ാം വാർഡിലെ തെക്കേ അതിർത്തിയായ കുട്ടപ്പനയ്ക്കൽച്ചിറയിൽ പടിഞ്ഞാറു റോഡിൽ നിന്നു കിഴക്കേ ചിറവരെ

VI കള്ളിക്കാട് ശ്രീവേലി ക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗം

VII 1. വട്ടച്ചാൽ പഞ്ചായത്ത് ചിറയിൽകൂടി കിഴക്കോട്ട്

2. രാമഞ്ചേരി ജംഗ്ഷൻ മുതൽ കടത്തുകടവ് വരെയുള്ള വഴി

VIII തറയിൽകടവ് ഹോമിയോ ആശുപത്രിയിലേക്കുള്ള വഴി

കുറിയപ്പശ്ശേരി ക്ഷേത്രത്തിലേക്കുള്ള വഴി
14-ാം നമ്പരിലേക്കു പോകുന്ന വഴി

X മണിവേലിക്കടവ്, കിളിമുക്ക് റോഡിൽ പൂർണ്ണമായി (10, 11, 12 വാർഡുകളുടെ ഏരിയായിൽ)

8. ദുർബല വിഭാഗങ്ങൾക്കായി ഗവൺമെന്റു നടപ്പാക്കുന്ന Tribal Subplan, Special component plan എന്നിവ 2565 ഓളം ദുർബ്ബല വിഭാഗങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ നടപ്പാക്കിയും കുതിർ ജ്യോതി, തീര ജ്യോതി പദ്ധതികൾ പ്രയോജന പ്രദമാക്കേണ്ടതുമാണ്. ആലപ്പുഴ ജില്ലയിലെ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ പദ്ധതികളുടെ കൂടുതൽ വിഹിതം നേടിയെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

9. വൈദ്യുതിയുടെ കാര്യത്തിൽ കമ്മിസംസ്ഥാനമായ

കേരളത്തിലെ ഒരു പഞ്ചായത്ത് എന്ന നിലയിൽ വൈദ്യുതിയുടെ അനധികൃത ഉപയോഗങ്ങൾ നിയന്ത്രിക്കേണ്ടതാണ്. അതിനായി പ്രസരണ നഷ്ടം ഇല്ലാത്ത കോംപാക്ട് ഫ്ളൂറസന്റ് ലാംപുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. വൈദ്യുതി ലാഭിക്കാനും, വൈദ്യുതി ചാർജ്ജ് കുറയ്ക്കാനും ഇത് സഹായകമാണല്ലോ. പദ്ധതിയുടെ ആദ്യവർഷം ഒരു വീട്ടിൽ ഒരു കോംപാക്ട് ലാംപ് എന്ന തരത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ ശരാശരി ബൾബ് ഒന്നിന് 60 വോൾട്ട് എന്ന ക്രമത്തിൽ ഏകദേശം 4000 വീടുകളിൽ അധികം ഉപയോഗിക്കുന്ന വൈദ്യുതി ലാഭിക്കാൻ കഴിയും. കോംപാക്ട് ലാംപുകൾ സ്ഥാപിക്കുന്നതിന് അനർട്ടു നടപ്പാക്കുന്ന സബ്സിഡി ഉപയോഗപ്പെടുത്താവുന്നതാണ്.

10. പഞ്ചായത്തിലെ ആകെയുള്ള 7372 വീടുകളിൽ 95 ശതമാനവും വിറകടുപ്പുകളെയാണ് പാചകത്തിനായി ആശ്രയിക്കുന്നത്. ഇത് അഞ്ചുവർഷം കൊണ്ട് പൂർണ്ണമായും ഊർജ്ജക്ഷമതയുള്ള ദക്ഷത കൂടിയ അടുപ്പുകളാക്കി മാറ്റേണ്ടതാണ്. ഇതിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന NPIC, IREP (സംയോജിതാ ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി) എന്നിവപ്രകാരം അനർട്ടുവഴിയും മറ്റും ലഭിക്കുന്ന സബ്സിഡികൾ പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പകൾ ലഭ്യമാക്കുകയും, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രദേശത്തെ മറ്റ് സാംസ്കാരിക സന്നദ്ധ സംഘടനകൾ, നിർമ്മിതി കേന്ദ്രം, പഞ്ചായത്ത് സമിതി എന്നിവയുടെ ഏകോപിതമായ പ്രവർത്തനം സംഘടിപ്പിക്കണം. സർക്കാർ ഏജൻസികൾ നൽകുന്ന സബ്സിഡിയോടൊപ്പം ഗ്രാമപഞ്ചായത്തും കുറഞ്ഞത് 10% സബ്സിഡിയിൽ പദ്ധതി നടപ്പാക്കാവുന്നതാണ്. അടുപ്പുകളുടെ സ്ഥാപനത്തോടൊപ്പം, ഗാർഹിക ഉപയോഗത്തിനായി ഇന്ധനലാഭമുള്ള മണ്ണെണ്ണ സ്റ്റൗ, പ്രഷർ കുക്കർ എന്നിവ പ്രചരിപ്പിക്കുന്നതിനും പദ്ധതികൾ അവിഷ്കരിക്കേണ്ടതാണ്.

11. ഇന്ധനചെലവ് വളരെ ലാഭിക്കാൻ കഴിയുന്ന കുക്കിംഗ് ഗ്യാസിന്റെ ഉപയോഗം നമ്മുടെ പഞ്ചായത്തിൽ ഏറിവരുന്നുണ്ട്. അതു പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഉടമസ്ഥതയിലുള്ള ഗ്യാസ് വിതരണ ഏജൻസികളുടെ സർവ്വീസിംഗ് ഏരിയായിൽ ആറാട്ടുപുഴ കൂടി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. ഇന്ധന ലഭ്യതയുടെ ഒരു സ്രോതസ്സ് എന്ന നിലയിൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പരീക്ഷിക്കാവുന്നതാണ്. താരതമ്യേന താഴ്ന്ന പ്രദേശങ്ങളാകയാൽ പ്ലാന്റ് നിർമ്മാണത്തിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. അനാർട്ട്, KVIC എന്നിവ വഴി ലഭ്യമാകുന്ന 2500/- രൂപാ സബ്സിഡിയും, പ്രാഥമിക സംഘങ്ങളുടെ വായ്പയും, കൃഷി വകുപ്പിന്റെ മറ്റ് സഹായങ്ങളും ഉപയോഗപ്പെടുത്തി പദ്ധതി നടപ്പാക്കേണ്ടതാണ്. ഒരു വാർഡിൽ പ്രതിവർഷം 5 യൂണിറ്റ് എന്ന ക്രമത്തിൽ 5 വർഷം കൊണ്ട് 300 പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

13. പാചകാവശ്യത്തിന് ഉപയോഗിക്കുന്ന വിറകിന്റെ ഇന്നുള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് പാഴ് വൃക്ഷങ്ങൾ നട്ട് വളർത്തുന്നതിന് ഒരു പദ്ധതി അവിഷ്കരിക്കേണ്ടതാണ്. സ്കൂൾ ഗ്രൗണ്ടുകൾ, തീരദേശ ജലപാതയുടെ തീരം, പ്രധാന റോഡുകളുടെ സൈഡുകൾ എന്നിവടങ്ങളിൽ അതാതു പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. പാകമാകുന്ന മരങ്ങൾ പഞ്ചായത്ത് നേരിട്ട് ലേലം ചെയ്ത് വിൽക്കുകയോ, സ്കൂൾ ഉച്ചകഞ്ഞി പരിപാടിക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്യാം. വൃക്ഷങ്ങൾ നട്ടു വളർത്തുന്നതിന് നേതൃത്വം നൽകുന്ന സന്നദ്ധ സംഘടനകൾക്ക് ചെറിയ നിരക്കിൽ ഗ്രന്റുനൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

14. പഞ്ചായത്തിലെ മുഖ്യ തൊഴിലായിട്ടുള്ള മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ ലഭ്യത ഇന്നു വളരെ പരിമിതമാണ്. അതു കൊണ്ടുതന്നെ മണ്ണെണ്ണ വിതരണ രംഗത്ത് വലിയ ചൂഷണമാണ് നിലനിൽക്കുന്നത്. ജലചൂഷണം തടയാൻ മണ്ണെണ്ണ ആലോട്ട്മെന്റു വർദ്ധിപ്പിക്കുകയും ഈ ഇന്ധനത്തിന്റെ വിതരണം, സിവിൽ സപ്ലൈസിന്റെ വിതരണ ഡിപ്പോകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ച് നടപ്പാക്കുകയോ, മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴിയോ വിതരണം ചെയ്യേണ്ടതാണ്.

15. വൈദ്യുതി ഉപയോഗത്തിലെ ചൂഷണം വ്യാപകമായിവരുന്നു. അതു തടയാൻ ആവശ്യമായ ബോധവൽക്കരണവും, കർശനമായ പരിശോധനയും ഏർപ്പാടു ചെയ്യണം. അതോടൊപ്പം തന്നെ വാട്ടർ മീറ്റർ പോലെ വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിനും ഉപഭോക്താവിന്റെ ചുമതലയാക്കുന്നതിനാവശ്യമായ നിയമം കൊണ്ടുവരേണ്ടതാണ്.

ഒരു നാടിന്റെ അഭിവൃദ്ധിക്ക് പരമ പ്രധാനമായ കാര്യങ്ങളാണ് ഗതാഗതവും ഊർജ്ജവും. യാത്ര സൗകര്യങ്ങളുടെ അപര്യാപ്ത നമ്മെ മറ്റുള്ളവരിൽ നിന്നും വേറിട്ടു നിർത്തുന്നു. ഈ രംഗത്ത് നാം ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. ഊർജ്ജത്തിന്റെ ദൗർലഭ്യവും നമ്മെ ബാധിക്കുന്ന ഗൗരവതരമായ പ്രശ്നമാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മെ അലട്ടുന്ന ഈ പ്രശ്നങ്ങൾ ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും എന്ന് നമുക്ക് പ്രത്യാശിക്കാം.



4.6

പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിടം

ആറാട്ടുപുഴ പഞ്ചായത്തിലെ പ്രഥമവും പ്രധാനവുമായ പ്രശ്നമാണ് പാർപ്പിടം. മത്സ്യ, കയർ, കേര കൃഷി മേഖലകളിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണ് ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിപക്ഷവും.7359 ഭവനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. എന്നാൽ ഭവന രഹിതരായ കുടുംബങ്ങളും ഇവിടെയുണ്ട്.

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

വാർഡ്	കോൺക്രീറ്റ്	ഓട്	ഓല മേഞ്ഞത്	ആകെ
1	51	143	356	550
2	52	139	396	587
3	75	170	388	633
4	31	173	302	506
5	58	225	495	788
6	43	143	259	445
7	50	168	535	753
8	20	169	400	589
9	36	201	456	693
10	101	219	265	585
11	81	74	468	623
12	35	245	340	620

സ്ഥല ലഭ്യത ഇല്ലായ്മ കാരണം കായലുകളും തോടുകളും മറ്റും നികത്തി വീട് വയ്ക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. കടലാക്രമണം, കാലവർഷം, സാമ്പത്തിക പരാധീനത എന്നിവ കൊണ്ട് ഭവനരഹിതരാവുന്നവരുടെ എണ്ണവും പ്രശ്നവും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നുമാത്രമല്ല ഈ പ്രദേശത്തുകാർ മറ്റ് പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർക്കാൻ നിർബന്ധിതരാകുകയും ചെയ്യുന്നു.

വിവിധ രീതിയിലെ ഭവനരഹിതർ

1. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർ.

2. കാലവർഷത്തിൽ വീട് തകർന്ന് പോയവർ

3. സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീട് വയ്ക്കുന്നതിനുള്ള സാമ്പത്തികം ഇല്ലാത്തവർ

4. സ്വന്തമായി സ്ഥലവും വീടും ഇല്ലാതെ കഴിയുന്നവർ

5. സുരക്ഷിതമല്ലാത്ത ജീർണ്ണിച്ച ഭവനങ്ങളിൽ കഴിയുന്നവർ

6. കുടികിടപ്പുകളിലെ ഭവനരഹിതർ

പരിഹാരനിർദ്ദേശങ്ങൾ

1. കടൽക്ഷോഭത്താൽ കര കടലാവാതിരിക്കുന്നതിന് ബലവത്തായ കടൽ ഭിത്തി കെട്ടുന്നതിനോടൊപ്പം കടൽ തീരത്തെ ദുർവ്യയം (മണൽവാരൽ) ചെയ്യുന്ന പ്രവണത തടയുകയും ചെയ്യുക.

a. കടലാക്രമണത്തിൽ സ്ഥലം നഷ്ടപ്പെട്ടവരെ പൊതു സ്ഥലത്ത് പുനരധിവസിപ്പിക്കത്തക്ക സൗകര്യം സംജാതമാക്കുക.

b. തീരദേശ നിയമത്തിൽ നിന്നും ഈ ഗ്രാമത്തെ ഒഴിവാക്കികൊണ്ട് (കേരളത്തെ പൊതുവെ ഈ നിയമത്തിൽ നിന്നും ഒഴിവാക്കണം) കടൽ തീരത്ത് ബലവത്തും ചെലവ് ചുരുങ്ങിയതുമായ വീടുകൾ ശാസ്ത്രീയമായി നിർമ്മിക്കുക.

2. കടലാക്രമണത്തെയും കാലവർഷത്തെയും അതിജീവിക്കുന്ന സുരക്ഷിതമായ സ്ഥലത്ത് മാത്രം വീടുകൾ വയ്ക്കാൻ പഞ്ചായത്ത് തലത്തിൽ നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഉണ്ടക്കുക.

3. സ്വന്തമായി സ്ഥലം ഉള്ള ഭവനരഹിതർക്ക് വീട് വയ്ക്കുവാൻ സാമ്പത്തിക സഹായം നൽകുന്ന സർക്കാർ ഏജൻസികളിൽ നിന്ന് സാമ്പത്തിക സഹായം വാങ്ങികൊടുക്കുന്നതിനും ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യം ഉണ്ടാക്കുക.

a. പഞ്ചായത്ത് തലത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം സ്ഥാപിക്കുക.

b. IAY, MWS, JRY, RLEGP എന്നിവ പതിനയ്യായിരം രൂപയിൽ നിന്നും 35000 രൂപയാക്കി ഉയർത്തുക.

c. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 60000 രൂപയാക്കി ഉയർത്തുക

d. പ്രകൃതി ക്ഷോഭ പുനഃരധിവാസ പദ്ധതി 15000 രൂപയിൽ നിന്നും ഉണ്ടായ നഷ്ടത്തിന് ആനുപാതികമായി നൽകാൻ വ്യവസ്ഥ ചെയ്യുക.

e. മത്സ്യ കയർ മേഖലകളിലെ തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും സർക്കാരിൽ നിന്നും സബ്സിഡി വ്യവസ്ഥയിലും ഉപാധി രഹിത വ്യവസ്ഥയിലും നൽകുന്ന സാമ്പത്തിക സഹായം അർഹരായ മുഴുവൻ ആളുകൾക്കും ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാകണം.

f. സർക്കാർ പുതുതായി അവിഷ്ക്കരിച്ച ഭവന നിർമ്മാണ സാമ്പത്തിക സഹായം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നൽകുന്നത് നമ്മുടെ പഞ്ചായത്തിൽ പ്രയോജനപ്പെടുത്തുന്നതിന് ഒരു ഭവന നിർമ്മാണ സന്നദ്ധ സംഘടന സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണം.

g. നിർമ്മിതി കേന്ദ്രവുമായി സഹകരിച്ച് ആധുനികവും നമ്മുടെ പ്രദേശത്തിന് യോജിച്ചതുമായ ചിലവ് കുറഞ്ഞ ഭവനങ്ങൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിനും അവയുടെ പ്രചരണത്തിനും ടി നിർദ്ദേശപ്രകാരം രൂപം കൊള്ളുന്ന സംഘടന പ്രവർത്തിക്കണം.

4. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് മിച്ച ഭൂമി പതിച്ച് നൽകിയും മറ്റ് സാമൂഹ്യ സഹകരണത്തോടെ ഭൂമി വിതരണം ചെയ്തു സർക്കാർ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുവാനുള്ള സമയ ബന്ധിത കർമ്മ പരിപാടി ആസൂത്രണം ചെയ്യണം.

5. ലക്ഷംവീടുകൾ ഉൾപ്പടെയുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ജീർണ്ണിച്ചതും ഭാഗികമായി തകർന്നതുമായ വീടുകൾ ജീർണ്ണോദ്ധാരണം നടത്തി സുരക്ഷിത ഭവനങ്ങളാക്കാനുള്ള ഒരു ഫണ്ട് പഞ്ചായത്ത് തലത്തിൽ സർക്കാർ സഹായത്തോടെ രൂപീകരിക്കുക.

ഭവന നിർമ്മാണ രംഗത്ത് വർദ്ധിച്ച് വരുന്ന കൂലിയും നിർമ്മാണ സാമഗ്രികളുടെ അനുസ്യൂതമായ വിലവർധനവും സാധാരണക്കാരന് വീട് നിർമ്മാണത്തിന് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നു.

ഭവന നിർമ്മാണ തൊഴിലാളികൾ ഇവിടെ ആവശ്യത്തിനുണ്ടെങ്കിലും നിർമ്മാണ സാമഗ്രികൾ എല്ലാം തന്നെ മറ്റ് പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യണം. അതിനും പുറമെ നിർമ്മാണ സാമഗ്രികൾ ഈ പ്രദേശത്ത് എത്തിക്കുന്നതിനുള്ള സുഖമമായ ഗതാഗത സൗകര്യം ഇല്ലായ്മ മറ്റൊരു പ്രശ്നമാണ്.

ആയതിനാൽ ഭവന നിർമ്മാണ ചെലവ് തീരദേശത്തെ മറ്റ് പ്രദേശങ്ങളെക്കാൾ ഇവിടെ കൂടുതലാണ്. നിർമ്മാണ സാമഗ്രികൾ പ്രത്യേക പദ്ധതി പ്രകാരം

സർക്കർ സബ്സിഡി പ്രകാരം വിതരണം ചെയ്തും ഗതാഗത സൗകര്യം മെച്ചപ്പെടുത്തിയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

ഒരു സമയ ബന്ധിത പരിപാടിയോട് കൂടി വിശ്രമ രഹിതമായ അശ്രാന്തം പരിശ്രമിച്ചാൽ പാർപ്പിട പ്രശ്നം പരിപൂർണ്ണമായി 2000 ആണ്ടോട് കൂടി പരിഹരിക്കാം.

6. കുടികിടപ്പുകളിലെ ഭവന രഹിതർക്ക് പരിഹാരം 3 ഉപനിർദ്ദേശ പ്രകാരം വീട് വച്ച് നൽകുക

മറ്റ് പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

ഈ പഞ്ചായത്തിലുള്ളവർക്ക് ഭവന നിർമ്മാണ വായ്പയ്ക്ക് സമീപിക്കാവുന്ന ഒരു സഹകരണ ധനകാര്യ സ്ഥാപനം ആണ് കാർത്തികപ്പള്ളി താലൂക്ക് സഹകരണ കാർഷിക വികസന ബാങ്ക് (ഭൂപണയ ബാങ്ക്) അമിത പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും വായ്പ ലഭിക്കുന്നതിനുള്ള കാലവിളംബവും മറ്റ് ധനകാര്യ ചിലവുകളും വായ്പ ലഭ്യമാക്കുന്നതിൽ സാധാരണക്കാരന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഹൗസിംഗ് ബോർഡിൽ നിന്നുള്ള അനുഭവവും വ്യത്യസ്തമല്ല

സാമൂഹ്യക്ഷേമം

ആറാട്ടുപുഴ പഞ്ചായത്തിൽ അപ്രധാനം അല്ലാത്ത ശ്രദ്ധപതിയേണ്ട ഒരു വിഷയമാണ് സാമൂഹ്യ ക്ഷേമം. പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന രണ്ട് വിഷയങ്ങളാണ് സാമൂഹ്യക്ഷേമവും സാമ്പത്തിക പുരോഗതിയും സർക്കാർ നടപ്പാക്കികൊണ്ടിരിക്കുന്ന സാമൂഹ്യ ക്ഷേമ പരിപാടികളുടെ പൂർണ്ണമായ പ്രായോഗികതയുടെയും സാമൂഹ്യ ക്ഷേമ തൽപരതയുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളിലൂടെയും ദുർബ്ബല ഇടത്തരം വിഭാഗങ്ങൾക്കായി നടപ്പാക്കി കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതി വേണ്ട രീതിയിൽ ഈ പ്രദേശത്ത്കാർക്ക് പ്രയോജനം ചെയ്യുന്നില്ല. ഈ രണ്ട് സ്ഥാപനങ്ങൾ വഴിയുള്ള ഭവന വായ്പാ പദ്ധതിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രയോജനകരമാക്കാം.

1. ജാമ്യ വ്യവസ്ഥ ഉദാരമാക്കുക.

2. പലിശ നിരക്കു 10% ആയി നിജപ്പെടുത്തുത.

3. കാലവിളംബം കൂടാതെ വായ്പകൾ കൃത്യമായി നൽകാനുള്ള ഭരണപരമായ നടപടികൾ ഏർപ്പെടുത്തുക.

4. നിർമ്മാണ ചെലവ് വർദ്ധിച്ചതിന് ആനുപാതികമായി വായ്പാ തുകയുടെ പരിധി വർദ്ധിപ്പിക്കുക.

5. കടൽതീരത്തിനും കായൽ തീരത്തിനും മദ്ധ്യേയും കായലിനു കിഴക്കുവശവും സുരക്ഷിതമായ സ്ഥലത്ത് ഹൗസിംഗ് കോംപ്ലക്സുകൾ സ്ഥാപിച്ച് ഉദാരമായ തവണ വ്യവസ്ഥകളോട് കൂടി സ്ഥലവും വീടും ഇല്ലാത്തവർക്ക് വിതരണം ചെയ്യുക.

സാമൂഹ്യ ക്ഷേമം പരിപോഷിക്കാം. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സർക്കാർ നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾക്ക് അർഹരാണ്.

എട്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് സർക്കാർ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പ്രയോജന ലഭ്യത നമ്മുടെ പഞ്ചായത്തിൽ എങ്ങനെയെല്ലാം എന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടികകൾ വ്യക്തമാക്കുന്നു.

1. I.R.D.P.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	ചിലവഴിച്ച തുക
1992-93	35	264284
1993-94	57	488018
1994-95	52	644714
1995-96	43	799980
1996-97	12	250000

2. ട്രൈസം

വർഷം	പരിശീലനം ലഭിച്ചവരുടെ എണ്ണം
1992-93	ഇല്ല
1993-94	03
1994-95	01
1995-96	13
1996-97	ഇതുവരെ തീരുമാനം ആയിട്ടില്ല

3. D.W.C.R.A.

വർഷം	ഗ്രൂപ്പുങ്ങളുടെ എണ്ണം	ചിലവഴിച്ച തുക
1992-93	ഇല്ല	
1993-94	ഇല്ല	
1994-95	01	132680
1995-96	ഇല്ല	
1996-97	01	പ്രതീക്ഷിക്കുന്നത് 120000

4. J.R.Y. - I.A.Y. വീട് നിർമ്മാണം

വർഷം	വീടുകളുടെ എണ്ണം
1992-93	ഇല്ല
1993-94	01
1994-95	01
1995-96	03
1996-97	ഇല്ല

5. മില്ല്യൻ വെൽ സ്കീം

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	ചിലവഴിച്ച തുക
1992-93	ഇല്ല	
1993-94	11	69838
1994-95	03	18110
1995-96	ഇല്ല	
1996-97	ഇല്ല	

6. C.R.S.P.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	ചിലവഴിച്ച തുക
1992-93	ഇല്ല	ഇല്ല
1993-94	25	62500
1994-95	27	67500
1995-96	21	49500
1996-97	ഇല്ല	ഇല്ല

7. ആധുനിക കൈത്തൊഴിലുപകരണ വിതരണ പദ്ധതി 1995-96 വർഷത്തിൽ 4 പേർക്ക് സഹായം നൽകി

ഗ്രാമവികസന വകുപ്പു നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഗ്രാമങ്ങളിലെ ദാരിദ്ര്യം നിർമാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ്. എന്നാൽ ഗ്രാമ വികസന പദ്ധതികളിലെ ഗുണഭോക്താക്കൾ എല്ലാവരും ദേശീയ ലക്ഷ്യം മനസ്സിലാക്കി പ്രവർത്തിക്കുന്ന അംഗങ്ങൾക്കുമാത്രമേ സഹായം കിട്ടുന്നുള്ളൂ എന്നു ടി പട്ടികകൾ തന്നെ വെളിവാക്കുന്നു. അതു കൊണ്ടു തന്നെ ദാരിദ്ര്യം ഇപ്പോഴും നിലനിൽക്കുന്നു. അയതിനാൽ ടി ക്ഷേമ പദ്ധതികൾ യഥാർത്ഥ അർഹർക്ക് മുൻഗണനാ രൂപത്തിൽ ലഭ്യമാക്കുന്നതിൽ പഞ്ചായത്ത തലത്തിൽ ജനകീയമായ ഒരു കർമ്മ പദ്ധതി നടപ്പാക്കണം.

സാമൂഹ്യ ജീവിത നിലവാരം ഉയർത്തുന്നതിന് സർക്കാർ നൽകുന്ന പെൻഷൻ തുടങ്ങിയ ധനസഹായങ്ങളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടിക വിവരിക്കുന്നു

വർഷം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യ പെൻഷൻ
1991-92	1	8	6
1992-93	13	5	4
1993-94	4	7	3
1994-95	8	3	1
1995-96	10	7	1
ആകെ	36	30	15

പട്ടിക പ്രകാരമുള്ള സഹായധനം നമ്മുടെ പഞ്ചായത്തിൽ അർഹതയുള്ള എല്ലാപേർക്കും കിട്ടുന്നില്ല. അർഹരായവരെ കണ്ടെത്തി സഹായം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകണം.

അംഗൻവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് ശ്രദ്ധേയമായ നേട്ടം കാഴ്ചവയ്ക്കാൻ കഴിയുന്നതും എന്നാൽ മതിയായ സൗകര്യങ്ങളുടെ അപര്യാപ്തതയാൽ അവികസിതമായി നിൽക്കുന്ന ഒരു ക്ഷേമ പദ്ധതിയാണ് I.C.D.S. ന്റെ അംഗനവാടികൾ. നമ്മുടെ പഞ്ചായത്തിൽ പന്ത്രണ്ട് വാർഡുകളിലായി 29 അംഗനവാടികളുണ്ട്. ജനസാന്ദ്രതയ്ക്ക് ആനുപാതികമായി അംഗനവാടികൾ എല്ലാ വാർഡുകളിലും ഇല്ല. സ്വന്തമായി സ്ഥലമോ, കെട്ടിടമോ, കളിപ്പാട്ടങ്ങളോ, മറ്റ് പ്രാഥമിക സൗകര്യങ്ങളോ ഇല്ലാത്തവയാണ് ഇപ്പോൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന അംഗനവാടികൾ. വാർഡ് തലത്തിലുള്ള കൂട്ടായ്മയിലൂടെയും മറ്റ് സർക്കാർ ധനസഹായത്തോടെയും പ്രശ്നങ്ങൾക്ക് സൃഷ്ടിപരമായ പരിഹാരം കണ്ടെത്താവുന്നതാണ്. അംഗനവാടിയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ച് അവരുടെ സേവനം കൂടുതൽ പ്രയോജനകരമാക്കി തീർക്കേണ്ടതുണ്ട്.

ക്ഷേമനിധി

1. കയർ തൊഴിലാളി ക്ഷേമനിധി

ആറാട്ടുപുഴയിലെ പ്രധാന തൊഴിൽ മേഖല യാണ് കയർ. സ്വകാര്യ സഹകരണ അടിസ്ഥാനത്തിൽ ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. എന്നാൽ ഈ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ക്ഷേമനിധിയിൽ അംഗങ്ങളല്ല. ഇവരെ കണ്ടെത്തി ക്ഷേമ നിധിയിൽ അംഗങ്ങളാക്കാനുള്ള ഒരു കർമ്മ പദ്ധതി ഉണ്ടാകണം.

2. മത്സ്യ തൊഴിലാളി ക്ഷേമനിധി

കടൽ ഉൾനാടൻ മത്സ്യ ബന്ധന വിപണന തൊഴിലാളികൾ തിങ്ങി പാർക്കുന്ന ഗ്രാമമാണ് ആറാട്ടുപുഴ. ഈ മേഖലയിൽ പണിയെടുക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും ക്ഷേമ നിധിയിൽ അംഗങ്ങളാണ്.

3. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

കെട്ടിട നിർമ്മാണ തൊഴിലാളികൾ ബഹു ഭൂരിപക്ഷവും ക്ഷേമനിധിയിൽ അംഗങ്ങളാണ്.

ക്ഷേമനിധികളിൽ അംഗമല്ലാത്ത അസംഘടിത മേഖലയിൽ ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരെകണ്ടെത്തി ക്ഷേമനിധികളിൽ അംഗമാക്കി സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു തീവ്രയത്ന

പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പാക്കണം.

പൊതുവിതരണം

a. റേഷൻ ഷോപ്പ്

പഞ്ചായത്തിൽ 12 വാർഡുകളിലായി 23 റേഷൻ ഷോപ്പുകളുണ്ട്. റേഷൻ വിതരണം സംബന്ധിച്ചുണ്ടാകുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കാൻ വാർഡ് അടിസ്ഥാനത്തിൽ ഓരോ ജനകീയ സമിതിയുണ്ടാകണം. പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നത് സംബന്ധിച്ചുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കാർഡ് വിതരണത്തിനുള്ള സംവിധാനം ഉണ്ടാവണം.

b. മാവേലി സ്റ്റോർ

ആറാട്ടുപുഴയിൽ ആവശ്യം വേണ്ടുന്ന ഒന്നാണ് മാവേലി സ്റ്റോർ. സൗകര്യ പ്രദമല്ലാത്ത ഗതാഗതം തുടങ്ങിയ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾ പലതും മറ്റ് പ്രദേശങ്ങളിൽ ഉള്ളതിനേക്കാൾ ഉയർന്ന വിലയ്ക്ക് വാങ്ങാനും വിൽക്കാനും ഇവിടുത്തെ ഉപഭോക്താക്കളും വിൽപനക്കാരും നിർബന്ധിതരാകുന്നു. ആയതിനാൽ അടിയന്തിരമായും പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ച് തുടങ്ങേണ്ടതുണ്ട്.

c. ഉപഭോക്തൃ സംരക്ഷണ സമിതി

ഉപഭോക്താവിന്റെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താനും അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. ഇത് ഉപഭോക്തൃ മേഖലയെ കുറ്റമറ്റതാക്കാൻ കഴിയും.





4.7

സംസ്കാരം

ഏതു ജനതയുടെയും പുരോഗതിക്ക് അടിത്തറ സംസ്കാരമാണ്. സംസ്കാരത്തിന്റെ ആവിർഭാവം നദീമുഖങ്ങളിലും ഫലഭൂയിഷ്ടമായ തീരപ്രദേശങ്ങളിലുമാണ്. കാരണം ചരിത്രാതീത കാലത്തു തന്നെ ഓരോ ഗോത്രക്കാരും സ്ഥിരതാമസം തുടങ്ങിയത് ഫലഭൂയിഷ്ടമായ നദീതീരങ്ങളിൽ കൃഷി ആരംഭിച്ചു കൊണ്ടാണെന്ന് കാണാം. ഈ ലോക ചരിത്ര പാശ്ചാതലത്തിൽ നാം പരിശോധിച്ചാൽ ആറാട്ടുപുഴയിലും പൗരാണിക കാലം മുതൽ തന്നെ ഒരു സംസ്കാരം വളർന്നിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. തന്നെയുമല്ല ഈ പ്രദേശത്തുകാർ ലോകപ്രശസ്ത സംസ്കാരമായ സിന്ധുനദീതട സംസ്കാരം നിലനിന്നിരുന്ന സിന്ധിൽ നിന്ന് കുടിയേറിപാർത്തിരുന്നവർ ആയിരുന്നു എന്ന് കാണാവുന്നതാണ്. ഇവരുടെ പിൻഗാമികൾ ആറാട്ടുപുഴയിലെ ഫലഭൂയിഷ്ടമായ പ്രദേശത്ത് കൃഷി തുടങ്ങി സാമൂഹ്യ – സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചു. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഇവിടെയുണ്ടായിരുന്ന തുറമുഖം വഴി അറബികൾ കച്ചവടം നടത്തി വന്നിരുന്നത്. ഇത് ആറാട്ടുപുഴയുടെ സാംസ്കാരിക പാരമ്പര്യം വൈദേശികവുമായി ബന്ധപ്പെട്ട് കിടക്കുന്നു എന്നതിന് തെളിവാണ്. കേരള ചരിത്രത്തിൽ ജാതിയതയുടെയും അത് വഴിയുള്ള അന്ധവിശ്വാസത്തിന്റെയും നിലനിൽപ്പിനെ ആദ്യമായി ചോദ്യം ചെയ്തു പുതിയൊരു നവോത്ഥാനത്തിന് തുടക്കം കുറിച്ച ആറാട്ടുപുഴ വേലായുധ പണിക്കന് പ്രചോതനമായതും ഈ സംസ്കാരമാണ്.

ഈ പഞ്ചായത്തിന്റെ ദേശീയ പ്രസ്ഥാനത്തിനും ആധുനിക ജനാധിപത്യ കാലഘട്ടത്തിലെ സാമൂഹ്യ വളർച്ചയ്ക്കും നമ്മുടെ സാംസ്കാരിക പൈതൃകം ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. ബ്രിട്ടീഷ് ആധിപത്യത്തിനെതിരേയും അധസ്ഥിതരുടെ മോചനത്തിനു വേണ്ടിയും, സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും കൂടികിടക്കാനുള്ള മൗലികാവകാശത്തിനു വേണ്ടിയും നടത്തിയിട്ടുമുള്ള ജീവൻമരണ പോരാട്ടത്തിന് ആവേശം പകർന്നതും മേൽകാണിച്ച സാംസ്കാരിക പൈതൃകം തന്നെയാണ്. ഇതിനെല്ലാം ആധാരമായി നിൽക്കുന്നത് ഇന്നാട്ടിലെ സാംസ്കാരിക സ്ഥാപനങ്ങളായ കലാലയങ്ങളും, ഗ്രന്ഥശാലകളും, കലാ-കായിക സംഘടനകളുമാണ്. നൂറു ശതമാനവും സാക്ഷരത നേടിയ കേരളത്തിലെ ഈ കൊച്ചു ഗ്രാമം തദനുസ്രുതമായിതന്നെ അഭിമാനാർഹമായി വിദ്യാഭ്യാസം നേടിയിട്ടുണ്ടെന്നുള്ളതും നമ്മുടെ വളർച്ചയെ കാണിക്കുന്നു.

രണ്ട് ഹൈസ്ക്കൂളുകളും രണ്ട് യു.പി. സ്കൂളുകളും അഞ്ച് എൽ.പി. സ്കൂളുകളും 10 ഗ്രന്ഥശാലകളും 50 ന് മേൽ കലാ കായിക സംഘടനകളും ഉള്ള നമ്മുടെ പഞ്ചായത്ത് അതീവഉന്നതമായ സംസ്കാര സമ്പത്തിന്റെ ഉടമതന്നെയാണ്. എങ്കിലും ഈ രംഗത്ത് തരണം ചെയ്യേണ്ട ധാരാളം പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നു. നിലവിലുള്ള ഗ്രന്ഥശാലകളിൽ 50% ത്തോളം മാത്രമേ നാമമാത്രമായി പ്രവർത്തിക്കുന്നുള്ളു. മുൻകാലങ്ങളെ അപേക്ഷിച്ച് വായനാശീലം വളരെ വിരളമാണ്. ദൈനംദിന പ്രശ്നങ്ങളെ വിലയിരുത്തുന്ന ദിനപത്രങ്ങൾ പോലും കൃത്യമായി വായിക്കാൻ വിമുഖത കാണിക്കുന്നവരാണ് ഏറെയും. നമ്മുടെ നാട്ടിൽ കൂൺപോലെ മുളച്ചു പൊന്തിയിട്ടുള്ള കലാകായിക സംഘടനകളിൽ ഏറെയും ചേതനയറ്റവയാണ്. നാമമാത്രമായി പ്രവർത്തിക്കുന്ന സംഘടനകൾ തന്നെ ഒരു വാർഷിക ആഘോഷത്തിലൂടെ സായുജ്യമാടയുന്നു.

ഇത് പറയുമ്പോൾ തന്നെ കലാസാഹിത്യ രംഗത്തു വളർന്നു വന്നിട്ടുള്ള ഏതാനും പ്രതിഭകളെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നുള്ള വസ്തുത അഭിമാനാർഹമാണ്. കായികരംഗത്തു നഷ്ട പ്രതാപത്തിന്റെ ഓർമ്മകൾ മാത്രം ബാക്കി നിൽക്കുമ്പോൾ ഒരു തിരിച്ച് വരവിനു ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു. ഒരു കാല ഘട്ടത്തിൽ ജില്ലയ്ക്കകത്തെ നേതൃത്വം കൊടുത്ത വോളീബോൾ താരങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു എന്നത് എടുത്ത് പറയത്തക്ക വസ്തുതയാണ്. ഇന്ന് കായികരംഗത്ത് നമ്മുടെ പഞ്ചായത്തിൽ മൊത്തത്തിൽ ഒരു മുരടിപ്പ് അനുഭവപ്പെടുന്നുണ്ട്. ക്രിക്കറ്റിന്റെ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ കുറെ പ്രതിഭകൾ വളർന്നു വരുന്നുണ്ടെങ്കിലും ഒരു സംഘടനാ നേതൃത്വത്തിന്റെ പോരായ്മ എടുത്ത് പറയേണ്ടതാണ്. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

I. ഗ്രന്ഥശാല

ഈ പഞ്ചായത്തിൽ 3, 12 വാർഡുകൾ ഒഴികെയുള്ള വാർഡുകളിൽ ഓരോ ലൈബ്രറി വീതം ഉണ്ട്. ഇവയിൽ ഗ്രാന്റ് ലഭിക്കുന്നത് 5 ലൈബ്രറികൾക്ക് മാത്രമാണ്. ഇവയിൽ മൂന്ന് ലൈബ്രറികൾ മാത്രമാണ് നാമമാത്രമായെങ്കിലും പ്രവർത്തിക്കുന്നത്. 5 ലൈബ്രറികൾക്ക് യാതൊരു വിധ സർക്കാർ ധനസഹായവും ലഭിക്കുന്നില്ല. ഇവ പ്രവർത്തിക്കുന്നുണ്ട്.

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ സ്ഥിതി വിവരം

വാർഡ്	ഗ്രന്ഥശാലയുടെ പേര്	ഗ്രാന്റ് ലഭിക്കുന്നുണ്ടോ
1	മഹാകവി കുമാര വൈജയന്തി ഗ്രന്ഥശാല, മംഗലം	ഉണ്ട്
2	ദേശാഭിവർദ്ധിനി ഗ്രന്ഥശാല ആറാട്ടുപുഴ ഇല്ല	
3	ഇല്ല	(ബാധകമല്ല)
4	ബ്രദേഴ്സ് ലൈബ്രറി & റിക്രിയേഷൻ ക്ലബ്ബ്, കള്ളിക്കാട്	ഉണ്ട്
5	അർച്ചന ലൈബ്രറി, കള്ളിക്കാട്	ഇല്ല
6	ദോശോദ്ധാരണി ഗ്രന്ഥശാല, നല്ലാണിക്കൽ	ഉണ്ട്
6	നവജ്യോതി ഗ്രന്ഥശാല, വട്ടച്ചാൽ	ഇല്ല
7	വിജ്ഞാന കൗമുദി ഗ്രന്ഥശാല, രാമഞ്ചേരി ഉണ്ട്	
8	ജവഹർ ലൈബ്രറി തറയിൽ കടവ് ഉണ്ട്	
9	യുവശക്തി ഗ്രന്ഥശാല & വായനശാല വല്ല്യഴീക്കൽ ഇല്ല	
10	ശ്രീനാരായണ ലൈബ്രറി കൊച്ചിയുടെ ജെട്ടി ഇല്ല	
11	സാംസ്കാരിക ഗ്രന്ഥശാല, കനകക്കുന്ന് ഇല്ല	
12	ഇല്ല	(ബാധകമല്ല)

1. ഈ ലൈബ്രറികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ഒരു പഞ്ചായത്ത് സെൻട്രൽ ലൈബ്രറി സ്ഥാപിക്കണം.

2. പഞ്ചായത്ത് സെൻട്രൽ ലൈബ്രറി മാതൃ ലൈബ്രറി ആക്കികൊണ്ട് മറ്റ് ലൈബ്രറികൾക്ക് ആവശ്യമായ പുസ്തകം വിതരണം ചെയ്യുന്നതിന് വേണ്ട സംവിധാനം ഉണ്ടാകണം.

3. ഗ്രന്ഥശാല പ്രസ്ഥാനവുമായി ബന്ധപ്പെട്ട സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിൽ മാത്രമാണ് സമിതികൾ ഉള്ളത്. ഇവയുടെ പ്രവർത്തനം വികേന്ദ്രീകരിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ലൈബ്രറി കൗൺസിൽ രൂപീകരിക്കണം.

4. ജനങ്ങളുടെ വായനാശീലം പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന ഗ്രാമീണ പുസ്തക വിതരണ പദ്ധതി എല്ലാ ലൈബ്രറികളിലും നടപ്പാക്കണം.

5. ലൈബ്രറികൾക്ക് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുക.

2. സാംസ്കാരിക സംഘടനകൾ

കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ തൃപ്തികരമായി പ്രവർത്തിക്കുന്നവ വളരെ കുറവാണ്.

1. ഈ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം രൂപീകരിക്കണം.

2. പഞ്ചായത്തിലെ മുഴുവൻ സാംസ്കാരിക സംഘടനകളെയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിക്കണം.

3. പഞ്ചായത്തിലെ കലാകായിക സാംസ്കാരിക പ്രതിഭകളെ കണ്ടെത്തുകയും പരിശീലനം നൽകുകയും ചെയ്യുക.

4. വോളീബോൾ, ഫുട്ട്ബോൾ, നാടകം തുടങ്ങിയ ഗ്രൂപ്പ് ഇനങ്ങൾക്ക് പഞ്ചായത്ത് ടീമുകൾ രൂപീകരിച്ച് പരിശീലനം കൊടുക്കുക.

5. നന്നായി പ്രവർത്തിക്കുന്ന സംഘടനകളെയും വ്യക്തികളെയും വർഷം തോറും കണ്ടെത്തി ആദരിക്കുക.

6. കലാ കായിക സാഹിത്യ രംഗങ്ങളിൽ പരിശീലനം നൽകുന്ന സംഘടനകൾക്ക് ധനസഹായം കൊടുക്കുക.

7. പഞ്ചായത്ത് തലത്തിൽ സ്റ്റേഡിയം നിർമ്മിക്കണം.

8. യുവതി യുവാക്കൾക്ക് വർഷത്തിൽ ഒരിക്കൽ നേതൃത്വ പരിശീലനം നൽകണം.

9. നാടൻ കലകളായ വിൽപ്പാട്ട്, ദഫ്മുട്ട് തുടങ്ങിയ കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ഒരു നാടൻ കലാകേന്ദ്രം സ്ഥാപിക്കുകയും അന്യം നിന്ന് പോകുന്ന നാടൻ കലാരൂപങ്ങളെ കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യുക.

10. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരോ ടെലിവിഷൻ സെന്റർ വീതം സ്ഥാപിക്കണം.

സാംസ്കാരിക രംഗം താറുമാറായി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സങ്കുചിത ജാതി ചിന്തകളും വിഭാഗീയ പ്രവണതകളും അഴിഞ്ഞാടുന്ന ഒരു സാമൂഹ്യ ക്രമമാണ് ഇന്ന് നിലനിൽക്കുന്നത്. ഏകോദര സഹോദരങ്ങളെപോലെ കഴിഞ്ഞ ജനങ്ങൾ പരസ്പരം അങ്കം വെട്ടുന്ന വേദനാജനകമായ സാഹചര്യം നമ്മെ ബഹുദൂരം പിന്നിലേക്ക് നയിക്കുന്നു ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടായേ പറ്റൂ. യുവ തലമുറ നിരാശയിലേക്കും വിധ്വം സഹപ്രവർത്തനങ്ങളിലേക്കും വഴിമാറിപോകുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾ ഒരു പുത്തൻ കമ്പോള സംസ്കാരത്തിന്റെ വക്താക്കളായി നാം അറിയാതെ തന്നെ നമ്മെ മാറ്റികൊണ്ടിരിക്കുന്നു നമുക്ക് ആവശ്യമുള്ളത് എന്ത് എന്ന് തീരുമാനിക്കാനുള്ള അവകാശം പോലും നിഷേധിക്കുന്ന തരത്തിലേക്ക് പരസ്യങ്ങൾ നമ്മെ കൊണ്ടെത്തിക്കുന്നു. പരസ്യങ്ങളുടെ മാസ്മര വലയത്തിൽപ്പെട്ട് വഴിതെറ്റിപ്പോകുന്ന ഒരു യുവസമൂഹം രൂപപ്പെട്ടിരിക്കുന്നു.

ഈ സാംസ്കാരിക ച്യുതിക്കെതിരെ ഒത്തൊരുമിച്ച് പൊരുതേണ്ടിയിരിക്കുന്നു. കാലപ്രവാഹത്തിൽ നഷ്ടപ്പെട്ട് പോയ സമ്പന്നമായ സാംസ്കാരിക പൈതൃകം തിരിച്ച് പിടിക്കാൻ ഒരു പുത്തൻ മാനവ സംസ്കാരം പടത്തുയർത്താൻ എല്ലാം മറന്ന് നമുക്ക് ഒന്നിക്കാം.



4.8

വ്യവസായം

ആറാട്ടുപുഴ പഞ്ചായത്തിന്റെ ഗതകാല സ്മരണയിൽ ഒരു ചെറിയ തുറമുഖ നഗരവും അതിനോടനുബന്ധിച്ചുള്ള പണ്ടകശാലകളും വ്യവസായിക സമൂഹവും ഉയർന്നു നിന്നിരുന്നു. നഷ്ട പ്രതാപങ്ങളുടെ ചരിത്രാവലോകനം ദുഖജനകമെങ്കിലും ഐശ്വര്യ പൂർണ്ണമായ ഒരു നല്ലനാളെയക്ക് വേണ്ടിയുള്ള പ്രയാണത്തിന് മാർഗ്ഗ നിർദ്ദേശമാകുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിലും മത്സ്യ വ്യവസായത്തിലും അധിഷ്ഠിതമായ ഒരു വ്യാവസായിക രൂപമാണ് നമ്മുക്കുള്ളത്. എന്നാൽ ആ കയർ വ്യവസായം തന്നെ ചെറുകിട യൂണിറ്റുകളായി തരംതിരിച്ചാണ് ഇന്ന് പ്രവർത്തിക്കുന്നത്. ചെറുകിട ഉദ്പ്പാദകനെന്ന നിലയിൽ മൂന്നോ നാലോ റാട്ടുകൾ ഉപയോഗിച്ചുള്ള കയർ ഉല്പ്പാദനവുമാണ് നടക്കുന്നത്. കയർ രംഗത്ത് പണിയെടുക്കുന്ന 20% തൊഴിലാളികൾ മാത്രമേ സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്നുള്ളു. ഈ പഞ്ചായത്തിൽ പൂർണ്ണമായും പ്രവർത്തിക്കുന്ന 16 കയർ സഹകരണ സംഘങ്ങളുണ്ട് പഞ്ചായത്തിന്റെ പ്രധാന കാർഷിക വിളയായ നാളീകേരം അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരഭങ്ങൾക്ക് തുടക്കും കുറിച്ചിട്ടില്ല. മത്സ്യബന്ധനം മറ്റൊരു പ്രധാന വ്യവസായമാണെങ്കിലും അനുബന്ധ വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ ഇല്ല.

പ്രശ്നങ്ങൾ

പടിഞ്ഞാറ് അറബികടലും പൂർണ്ണമായി കായംകുളം കായലും ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിന്റെ വ്യാവസായിക പ്രശ്നങ്ങൾ അപഗ്രഥിക്കുമ്പോൾ ജനസാന്ദ്രത ഏറിയ ഭൂപ്രകൃതി കാണാതെ പോയിട്ടു കാര്യമില്ല സുലഭമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വ്യവസായിക സംരഭങ്ങൾക്കു തുടക്കം കുറിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഊർജ്ജ പ്രതിസന്ധിയും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും നിരന്തരമായ കടലാക്രമണ ഭീഷണിയും ഈ ഗ്രാമത്തിന്റെ വ്യാവസായിക വളർച്ചയെ തളർത്തിയിട്ടുണ്ട്.

2130 ഹെക്ടർ വിസ്തീർണ്ണവും 29463 വരുന്ന ജനസംഖ്യയും 7359 വീടുകളുമുള്ള ഈ പഞ്ചായത്തിൽ എല്ലാവിധ നിത്യോപയോഗ സാധനങ്ങൾക്കും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗിച്ച് വ്യാവസായിക വളർച്ചയ്ക്ക് ഉപയുക്തമാക്കുവാൻ കഴിയാതിരുന്നത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. പരമ്പരാഗത വ്യവസായ ഉൽപ്പനങ്ങളായ കയറും മത്സ്യവും ഉപയോഗിച്ചുള്ള വ്യവസായ സംരഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടില്ല.

2. പ്രധാന നാണ്യവിളയായ നാളീകേരം വ്യവസായ ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ല.

3. സാങ്കേതിക പരിജ്ഞാനത്തിന്റെയും ധനാഗമ മാർഗ്ഗങ്ങളുടെയും അപര്യപ്തത.

4. ഊർജ്ജ പ്രതിസന്ധി.

5. ഉൽപ്പനങ്ങളുടെ വിപണന സാധ്യതകൾ കണ്ടത്തുന്നതിനുള്ള പരിജ്ഞാനക്കുറവ്.

മേൽപറഞ്ഞ അടിസ്ഥാന പ്രശ്നങ്ങളെ സമൂലമായി അപഗ്രഥിച്ചു കൊണ്ട് സാധ്യകളെക്കുറിച്ച് അവലോകനം നടത്താം.

സാധ്യതകൾ

പഞ്ചായത്തിന്റെ നാണ്യവിളയായ രണ്ടര കോടി യിലധികം വരുന്ന നാളീകേരവും സ്വകാര്യ സഹകരണ സ്ഥാപനങ്ങൾ വഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന 9000 കിന്റ് ലോളം വരുന്ന കയറും വ്യാവസായിക ആവശ്യത്തി നായി ഉപയോഗിക്കാം.

പഞ്ചായത്തിലെ വിപുലമായ മത്സ്യ സമ്പത്ത് ആഹാര ആവശ്യം കഴിഞ്ഞ് മിച്ചമുള്ളത് വ്യാവസായിക ആവശ്യത്തിന് ഉപയുക്തമാക്കാം പരിസര മലിനീക രണം ഉണ്ടാക്കുന്ന ചകിരിച്ചോറ് ഉപയോഗിച്ചുള്ള വ്യവ സായങ്ങൾ നിർദ്ദിഷ്ട താപവൈദ്യുതി നിലയത്തിന്റെ അനുബന്ധ വ്യവസായങ്ങൾ അഭ്യസ്ഥവിദ്യരായ യുവ തീയുവാക്കളുടെ വിപുലമായനിര പ്രദേശത്തെ ശൾഫ് നിവാസികളിൽ നിന്ന് സംഭരിക്കാവുന്ന മൂലധനം എന്നിവ സാദ്ധ്യതകളായി പരിഗണിക്കാം.

പഞ്ചായത്തിന്റെ തെക്കേ അറ്റത്തു കായംകുളം ഫിഷിംഗ് ഹാർബർ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആദ്യപാദത്തിൽ കമ്മീഷൻ ചെയ്യാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിന്റെ 8, 9, 10 വാർഡുകളിലായി വൻകോൾഡ് സ്റ്റോറേജുകളും ഐസ് പ്ലാന്റുകളും നിർമ്മിക്കേണ്ടതായി വരും. കൂടാതെ ഹാർബറിൽ വരുന്ന ബോട്ടുകൾക്ക് ആവശ്യമായി വരുന്ന ഫ്ളോട്ട്, ഈയമണികൾ, പ്ലാസ്റ്റിക്ക് റോപ്പ്, വലകൾ എന്നിവ വൻതോതിൽ ആവശ്യമായി വരും. പ്രസ്തുത സാധന ങ്ങൾ ഇറക്കുമതി ചെയ്യാതെ പ്രാദേശികമായി ഉൽപ്പാ ദിപ്പിക്കുന്നതിന് ആവശ്യമായ പ്ലാനിംഗ് ഉടനെ തുടങ്ങാ വുന്നതാണ്.

സർക്കാർ ടൂറിസത്തെ പരിപോഷിപ്പിക്കുകയും ഒരു വ്യവസായം എന്ന നിലയിൽ വളർത്തികൊണ്ടുവ രുവാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആറാ ട്ടുപുഴ പഞ്ചായത്തിലെ ടൂറിസം വികസിപ്പിച്ചു സാദ്ധ്യ തയുള്ള പ്രദേശങ്ങൾ കണ്ടെത്തി പഞ്ചായത്തിന്റെ വരു മാനം വർദ്ധിപ്പിക്കാം.

1. വല്ല്യഴീക്കൽ പൊഴിയുടെ കിഴക്കേക്കരയുള്ള വിസ്തൃ തവും മനോഹരവുമായ പ്രദേശം ടൂറിസ്റ്റ് കേന്ദ്രമായി ഉപയോഗിക്കേണ്ടതാണ്.

2. ചരിത്ര പശ്ചാത്തലമുള്ള മംഗലം ക്ഷേത്രം ടൂറിസ്റ്റു കളെ ആകർഷിക്കുവാൻ പര്യാപ്തമാക്കണം.

3. ദേശീയ ജലപാതയുടെ ഇരുകരകളിലുമുള്ള വല്ല്യഴീ ക്കൽ, കൊച്ചിയുടെ ജെട്ടി, കീരിക്കാട് ജെട്ടി, കനക ക്കുന്ന് ജെട്ടി, കള്ളിക്കാട് ജെട്ടി, ആറാട്ടുപുഴ ജെട്ടി എന്നിവടങ്ങളിൽ കെ.റ്റി.ഡി.സി. യുടെ അഭിമുഖ്യത്തിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക. അവയോ ടനുബന്ധിച്ച് പാസേജ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.

മറ്റ് ഗ്രാമസഭ നിർദ്ദേശങ്ങൾ

1. കയർ മാറ്റ്സ് / മാറ്റിംഗ്സ്

2. യന്ത്രവൽകൃത ചെറുകിട കയർ വ്യവസായം.

3. ചകിരിചോറ് ഉപയോഗിച്ചുള്ള ജൈവള നിർമ്മാണം.

4. എണ്ണയാട്ട് വ്യവസായം.

5. സോപ്പ്, ഹെയർ ഓയിൽ, റെഡിമെയ്ഡ് ഗാർമെന്റ്സ്, മെഴുകുതിരി തുടങ്ങിയ ഖാദി വനിതാ യൂണിറ്റുകൾ.

6. ഫൈബർ റെറ്റിംഗ്, ടാങ്ക് നിർമ്മാണം.

7. ചിരട്ട, കട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റുകൾ.

8. ഉണക്കമത്സ്യം ഉപയോഗിച്ചുള്ള കാലിത്തീറ്റ, കോഴി ത്തീറ്റ എന്നിവയുടെ നിർമ്മാണം.

9. മീൻ നെയ്യ് ഉപയോഗിച്ചുള്ള ലൂബ്രിക്കന്റ് നിർമ്മാണം.

10. കക്കാ വ്യവസായത്തെ പരിപോഷിപ്പിക്കൽ.

11. ചകിരിച്ചോറ് ഉപയോഗിച്ചുള്ള ഹോളോ ബ്രിക്സ് നിർമ്മാണം.

നിർദ്ദേശങ്ങൾ

1. അത്യാധുനിക സ്പിന്നിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് കയറിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മാർക്കറ്റിലേക്കിറക്കുന്ന കയ റിനങ്ങളോട് കിടപ്പിടിക്കണമെങ്കിൽ അത്തരം ഒരു നവീ കരണം ആവശ്യമാണ്. ബന്ധപ്പെട്ട കയർ ഡിപ്പാർട്ട്മെന്റിന്റെ സഹായം ഇക്കാര്യത്തിൽ തേടാവു ന്നതാണ്.

2. പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിയുടെ ഗുണനില വാരം കുറയുന്നതിനാൽ ടി ചകിരി അഴുക്കൽ തൊണ്ടിൽ നിന്ന് ലഭിക്കുന്ന ചകിരിയുടെ ഗുണനില വാരം ഉണ്ടാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഫൈബർ റെറ്റിംഗ് ടാങ്ക് നിർമ്മാണം വിപുലപെടുത്തുക. (കയർ ബോർഡിന്റെ സഹായം തേടാവുന്നതാണ്.)

3. കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട കയർ വ്യവസായ ഫാക്ടറികൾ സ്ഥാപിക്കണം. ആയതിനു

വേണ്ട തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഈ ഫാക്ടറികൾ സ്വകാര്യ മേഖലയിലും, സഹകരണ മേഖലയിലും ആരംഭിക്കാവുന്നതാണ്. (കയർ ഫെഡ് / കയർ ബോർഡ് എന്നിവയുടെ സഹായം തേടാവുന്നതാണ്.)

4. മത്സ്യ സംസ്കരണ വ്യവസായത്തിന്റെ ഭാഗമായി ഉണക്ക മത്സ്യത്തിൽ നിന്ന് കാലിത്തീറ്റകളും കോഴിത്തീറ്റകളും ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. (മത്സ്യഫെഡ്, വ്യവസായ വികസന ഏജൻസി എന്നിവയുടെ സഹായം തേടാവുന്നതാണ്.)

5. മീൻ നെയ്യ് ഭക്ഷ്യാവശ്യത്തിന് ഉപയുക്തമാക്കുന്ന തരത്തിൽ സംസ്കരിക്കുന്നതിനു അനുയോജ്യമായ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

6. ചകിരിച്ചോറ് ഉപയോഗിച്ചുള്ള ജൈവവള നിർമ്മാണം. ആധുനിക സാങ്കേതിക വിദ്യയായ പിത്ത പ്ലാസ്റ്റ് ഉപയോഗിക്കുന്നതോടൊപ്പം ഗുണനിലവാരം കുറഞ്ഞ ഉണക്കമത്സ്യവും കൂടി ചേർത്താൽ ഉയർന്ന നിലവാരത്തിലുള്ള ജൈവവള നിർമ്മാണം സാധ്യമാക്കാം.

7. നാളീകേരം സംസ്ക്കരിച്ച് എടുക്കുന്ന കൊപ്ര ഉപയോഗിച്ച് എണ്ണ ആട്ടുമില്ലുകൾ സ്ഥാപിക്കാവുന്നതാണ്. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനിയങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

8. ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ അഭിമുഖ്യത്തിൽ കരകൗശല വസ്തുക്കൾ, റെഡിമെയ്ഡ് ഗാർമെന്റ് മെഴുകുതിരി, അച്ചാറുകൾ, ഹെയർ ഓയിൽ, സോപ്പ് എന്നിവ വനിതാ സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കാവുന്നതാണ്.

9. മേൽപറഞ്ഞ വ്യവസായങ്ങൾ വാർഡ് തലത്തിൽ ആരംഭിക്കുകയും വിപണന സൗകര്യത്തെ അടിസ്ഥാനപ്പെടുത്തി മാതൃ യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുകയും വേണം.

10. പഞ്ചായത്ത് തലത്തിൽ വ്യവസായം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ പഞ്ചായത്ത് തലത്തിൽ കമ്മിറ്റികൾ ഉണ്ടാക്കുകയും അവർക്ക് പരിശീലനം നൽകുന്നതിന് ജില്ലാ തലത്തിൽ സ്ഥിരം സംവിധാനമുണ്ടാക്കുകയും ചെയ്യുക.

11. ഹരിജനങ്ങളായ യുവതികൾക്ക് ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

12. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻ ഗണന ക്രമമനുസരിച്ച് നടപ്പാക്കിയാൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതോടൊപ്പം ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും.





4.9

വനിതാക്ഷേമം

ഭാരത സംസ്കാരത്തിൽ "സ്ത്രീ" ക്കുണ്ടായിരുന്ന സ്ഥാനം ഉന്നതവും ഉദാത്തവുമായിരുന്നു. സ്ത്രീയെ ദേവീ ഭാവത്തിൽ പൂജിച്ചിരുന്ന രാജ്യമാണ് നമ്മുടേത്. എന്നാൽ കാലത്തിന്റെ നീരൊഴുക്കിൽപ്പെട്ട് മറ്റ് പല സംസ്കാരങ്ങളുടെ അന്ധമായ അനുകരണവും നൂഴഞ്ഞ് കയറ്റവും ഭാരതീയ സ്ത്രീ സങ്കൽപ്പത്തെ വൈകൃതമാക്കി. സ്ത്രീയുടെ സ്ഥാനം ഉദാത്തഭാവത്തിൽ നിന്ന് അധമഭാവത്തിലേക്കെത്തി. അതോടെ സാമൂഹിക പുരോഗതിയും ക്ഷയിച്ച് തുടങ്ങി. എവിടെയാണോ സ്ത്രീ ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നത്, എവിടെയാണോ സ്ത്രീ ഉണരുന്നത്, അവിടെയാണ് ഐശ്വര്യം. സിന്ധുനദീതട സംസ്കാരം മുതൽ ഇതഃപര്യന്തമുള്ള ഭാരതീയ ചരിത്രം പരിശോധിച്ചാൽ എപ്പോഴൊക്കെ പുരുഷശക്തിയോടൊപ്പം ഉയർന്നോ അപ്പോഴൊക്കെ സാമൂഹ്യ-സാമ്പത്തിക സാംസ്കാരിക ജീവിതത്തിൽ വളരെയേറെ നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്ന് കാണാൻ കഴിയും. പുരുഷശക്തിമാത്രമുള്ളതും അതല്ലെങ്കിൽ സ്ത്രീ ശക്തിമാത്രമുള്ളതുമായ ലോകം സങ്കൽപ്പരഹിതമാണ് – അർത്ഥരഹിതമാണ്. എന്നാൽ എവിടെയാണോ സ്ത്രീ പുരുഷ ശക്തികൾ സ്ത്രീ ശക്തിയും ഒത്ത് ചേരുന്നത് അവിടെയാണ് അർത്ഥമുള്ളത്. ഇത് ഉറങ്ങി കിടക്കുന്ന സ്ത്രീ ശക്തിയുടെ സൃഷ്ടിപരമായ ഉണർച്ചയുടെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. ഗൃഹപുരോഗതി മുതൽ രാജ്യപുരോഗതി വരെ ഉണ്ടാവുന്നത് സ്ത്രീ പുരുഷ ശക്തികളുടെ സമഞ്ജസമായ സംയോഗത്തിലൂടെയാണ്.

ജാതിയുടെയും മതത്തിന്റെയും മറ്റ് വൈകാരിക പ്രവണതകളുടെയും ബന്ധനത്താൽ നിഷ്ക്രിയമായി കിടക്കുന്നതും എന്നാൽ ക്രിയാത്മകമെങ്കിലും അജ്ഞതയാലും മറ്റും ചൂഷണം ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്നതുമായ ആറാട്ടുപുഴയിലെ സ്ത്രീത്വത്തിന്റെ ഉണർവ്വ് ഈ ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്ക് അനിവാര്യമാണ്. സ്ത്രീകളുടെ ക്ഷേമത്തിന് വേണ്ടി സർക്കാർ തലത്തിൽ നടത്തി വരുന്ന ക്ഷേമ പരിപാടികൾ പ്രയോജനപ്പെടുത്തിയും സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളിലൂടെയും വനിതാക്ഷേമം നമ്മുടെ പഞ്ചായത്തിൽ കരഗതമാക്കാം – അതുവഴി ഗ്രാമ പുരോഗതിയും.

സർക്കാർ സഹായത്തോടെയും സഹകരണത്തോടെയും സാമൂഹ്യ സാംസ്കാരിക സന്നദ്ധ സംഘടനകളുടെ നിരന്തരമായ ബോധവൽക്കരണത്തിലൂടെയും സ്ത്രീ വിദ്യാഭ്യാസത്തിലൂടെയും മറ്റും സ്ത്രീകളുടെ ഇടയിലുള്ള അന്ധവിശ്വാങ്ങളെയും അനാചാരങ്ങളെയും ഇല്ലായ്മ ചെയ്ത് കർമ്മനിരതരാക്കാം. സാമൂഹ്യവും സാമ്പത്തികവുമായി വനിതകളുടെ ക്ഷേമത്തിന് വേണ്ടി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള രണ്ട് സംവിധാനങ്ങളാണ് വനിതാ കമ്മീഷനും, വനിതാ കോർപ്പറേഷനും. ഇവയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അങ്ങനെയെങ്കിൽ ഈ പ്രദേശത്തെ സ്ത്രീകളുടെ ഇപ്പോഴുള്ള സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾക്ക് നല്ലൊരു പരിധിവരെ പരിഹാരം കണ്ടെത്താം.

കയർ-മത്സ്യ മേഖലകളിൽ ഇവിടുത്തെ നല്ലൊരുപറ്റം സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. ഈ മേഖലയിൽ യന്ത്രവൽക്കരണം തൊഴിലാളികൾക്ക് വളകരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു എന്ന് മാത്രമല്ല. ഈ മേഖലയുടെ വികസനം സൃഷ്ടിപരമോ കാലാനു

സ്വതമോ അല്ല. ആയതിനാൽ സ്ത്രീ തൊഴിലാളികളുടെ സേവന വേതന സമ്പ്രദായങ്ങൾ വളരെ ശോചനീയ മാണ്. സൃഷ്ടിപരമായ സാങ്കേതിക യന്ത്രവൽക്കരണ ത്തിലൂടെയും സാമ്പത്തികവുമായ സഹകരണ സമ്പ്ര ദായങ്ങളിലൂടെയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താം.

കാലോചിതമായ വ്യാവസായിക പുരോഗതി യുടെ അപര്യാപ്തത ഈ പ്രദേശത്തെ സ്ത്രീ തൊഴി ലാളികളുടെ മുഴുവൻ മനുഷ്യ പ്രയത്നവും പ്രയോജ നപ്പെടുത്താൻ കഴിയുന്നില്ല. ഈ പ്രശ്നപരിഹാരത്തിന് പഞ്ചായത്ത് തലത്തിൽ ഒരു ഖാദി വില്ലേജ് ഇൻഡസ്ട്രി സ്ഥാപിക്കണം. അതോടൊപ്പം ദുർബ്ബല വിഭാഗത്തിലെ വനിതകൾക്ക് വേണ്ടി DWCRA യൂണിറ്റ് തുടങ്ങുന്നതി നുള്ള സഹായം പഞ്ചായത്തിന്റെ ആവശ്യാനുസരണം ലഭ്യമാക്കണം. പഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകളെ TRYSM ൽ ഉൾപ്പെടുത്തി തൊഴിൽ പരിശീ ലനം നൽകണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതാ സഹകരണ വ്യാവസായ യൂണിറ്റുകൾ സ്ഥാപിച്ചു സത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മയും മറ്റും പരിഹരിക്കണം.

ആറാട്ടുപുഴ പഞ്ചായത്തിലെ സ്ത്രീകൾ അനു ഭവിക്കുന്ന മറ്റൊരു പ്രശ്നമാണ്. ആരോഗ്യ പരിപാലനം. ഭൂമിശാസ്ത്ര പരമായി ഭൂരിഭാഗം പ്രദേശവും ഒറ്റപ്പെട്ട് കിടക്കുന്ന ഈ പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്തായി എല്ലാവിധ ആധുനിക സംവിധാനങ്ങളോട് കൂടിയ ഒരു ആശുപത്രിയും എല്ലാ പ്രധാന കേന്ദ്രങ്ങളിലും സ്ത്രീകൾ നടത്തുന്ന കംഫർട്ട് സ്റ്റേഷനുകളും സ്ഥാപി ക്കേണ്ടതുണ്ട്.

സ്ത്രീധനം, മദ്യം എന്നിവ ഈ പഞ്ചായത്തിലെ സ്ത്രീ ജനങ്ങളെ പ്രത്യേകിച്ച് തൊഴിലാളി സ്ത്രീകളെ വളരെ ദോഷമായി ബാധിക്കുന്നുണ്ട്. കുടുംബ പ്രശ്നം തുടങ്ങി സാമൂഹിക പ്രശ്നങ്ങൾ വരെ സൃഷ്ടിക്കുന്നു. ആയതിനാൽ സ്ത്രീധന നിരോധന നിയമം നിർബന്ധ മായി നടപ്പിലാക്കുന്നതോടൊപ്പം അതിന് വേണ്ടുന്ന ബോധവൽക്കരണവും നടത്തി സന്നദ്ധ സംഘടനക ളുടെയും സർക്കാർ സഹായത്തോടെയും സമൂഹ വിവാഹം നടത്താനുള്ള സംവിധാനമുണ്ടാവണം. മദ്യ നിരോധന നിയമം കർശനമായി നടപ്പാക്കണം. മദ്യ ഉപ ഭോഗം കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങളെക്കുറച്ച് ബോധവൽക്കരണം വ്യപകമായി നടത്തണം.

സ്ത്രീകളെ സാമൂഹികമായി ഉദ്ധരിക്കുന്നതിന് സ്ത്രീ വിദ്യാഭ്യാസത്തിന് വളരെയേറെ പ്രസക്തിയുണ്ട്. പെൺകുട്ടികളെ നിർബന്ധമായും വിദ്യാഭ്യാസ സ്ഥാപ നങ്ങളിൽ അയയ്ക്കുന്നതിനും മുതിർന്ന സ്ത്രീകളെ സാക്ഷരതാ ക്ലാസ്സുകളിൽ കൂടുതൽ പങ്കെടുപ്പിക്കുന്ന തിനും പഞ്ചായത്ത് തലത്തിൽ കൂടുതൽ പ്രചാരണവും പ്രവർത്തനവും ആവശ്യമാണ്. നിയമം കൊണ്ട് മാത്രം സ്ത്രീകളുടെ സാമൂഹിക ഉന്നമനം സാദ്ധ്യമല്ല മറിച്ച് നിയമത്തിന്റെ ശരിയായ പ്രായോഗികതയിലൂടെയും പുരുഷമാരെകൂടി ബോധവൽക്കരണം നടത്തുന്നതിലൂ ടെയും മാത്രമേ സ്ത്രീകളുടെ സാമൂഹിക ക്ഷേമം സാദ്ധ്യമാകൂ.

വനിതാക്ഷേമത്തിനു വേണ്ടി വനിതാ വികസന കോർപ്പറേഷനും സാമൂഹ്യ ഉപദേശക ബോർഡും നട പ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികൾ സമയ ബന്ധി തമായി നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ ക്ഷേമം നല്ലൊരു പരിധി വരെ സാധിത മാക്കാം.

1. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

2. സ്ത്രീ ജ്യോതി പദ്ധതി.

3. വ്യവസായം തുടങ്ങുന്നതിനുള്ള ധനസഹായം.

4. ഫാമിലി കൗൺസലിംഗ് സെന്റ്ർ

5. ഗ്രാമീണ സ്ത്രീകളുടെ ബോധ വൽക്കരണ ക്യാമ്പു കൾ.

6. പൊതുധനസഹായ പദ്ധതി.

7. ക്രെഷുകൾ

8. ഗ്രൂപ്പുകളായി തിരിച്ച് ചെറുകിട വ്യവസായ സംരഭ ങ്ങൾ ഉണ്ടാക്കണം.

9. സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്രിയാ ത്മക പ്രവർത്തനം നടത്തണം.

10. കുടുംബ പരിപാലനം, ആരോഗ്യം, ശുചിത്വം എന്നി വയെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.

11. ആത്മധൈര്യം വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനം നടത്താൻ പഞ്ചായത്ത് തലത്തിൽ സംഘ ടന രൂപീകരിക്കണം.

ഏറെ പീഡനത്തിന് വിധേയരായി ക്കൊണ്ടിരി ക്കുന്ന ഒരു വിഭാഗമാണ് വനിതൾ. സാമൂഹിക രംഗത്തും, തൊഴിൽ രംഗത്തും എല്ലാം സ്ത്രീകൾ അവ ഗണിക്കപ്പെടുന്നു യന്ത്രവൽക്കരണം തൊഴിൽ രംഗത്തു ണ്ടാക്കിയിട്ടുള്ള പ്രതിസന്ധി ഏറെബാധിച്ചത് സ്ത്രീക ളെയാണ്. ലൈംഗിക പീഡനം ഏറെ വ്യാപകമായി കൊണ്ടിരിക്കുന്നു സ്ത്രീ സുരക്ഷിതത്വത്തിന് ഒരു ഉറ പ്പുമില്ലാത്തൊരു കാലഘട്ടമാണിത്. സ്ത്രീയെ ഈ അവ സ്ഥയിൽ നിന്നും മോചിപ്പിച്ച് ആത്മധൈര്യം നൽകി സാമൂഹിക പ്രവർത്തന പ്രക്രിയയിലെ കണ്ണികളാക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം.



4.10

സഹകരണം

ഋണ ബാധ്യതയിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചിട്ടുള്ളത്. ആറാട്ടുപുഴ പഞ്ചായത്തിൽ എസ്.എൻ.ഡി.പി. നേതൃത്വം കൊടുത്ത് 1923 ൽ 481 - ാം നമ്പറായി ഒരു വിവിധോദ്ദേശ സഹകരണ സംഘത്തിന് ആദ്യമായി രൂപം നൽകി. ഇതിന്റെ ആദ്യ കാല പ്രസിഡന്റ് ശ്രീ ചുളൂർ പടന്നയിൽ നീലകണ്ഠ വൈദ്യരായിരുന്നു.

എന്നാൽ പഞ്ചായത്തിൽ ആദ്യമായി രൂപം കൊടുത്ത സർവ്വീസ് സഹകരണ സംഘം 27-06-1103 ൽ (എം.ഇ.) മംഗലം കേന്ദ്രമായി രൂപംകൊടുത്ത എസ്.സി.എസ്. നമ്പർ : 1713 ആണ്. ഇതേവർഷം തന്നെ പെരുമ്പള്ളി കേന്ദ്രമായി എസ്.സി.എസ്. നമ്പർ : 1746 ആയി മറ്റൊരു സർവ്വീസ് സഹകരണ സംഘവും നിലവിൽ വന്നു. ഇവയുടെ ആദ്യകാല സഹകാരികൾ പി.ഒ. കുഞ്ഞു പണിക്കൻ, പന്നയ്ക്കൽ കുഞ്ഞികൃഷ്ണൻ എന്നിവർ ആയിരുന്നു. പിന്നീട് നല്ലാണിക്കൽ കേന്ദ്രമായി 25-07-1122 ൽ മറ്റൊരു സംഘം രൂപം കൊണ്ടു. തുടർന്ന് ആറാട്ടുപുഴ കേന്ദ്രമായി എ. 195-ാം നമ്പറായി 1964 ൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. ഉസ്മാൻ വക്കീലിന്റെ നേതൃത്വത്തിൽ രൂപം കൊടുത്ത സഹകരണ സംഘമാണ് അവസാനത്തേത്.

വ്യവസായ സംഘങ്ങളുടെ ആദ്യകാല സംഘമായി അറിയപ്പെടുന്നത് ഈ പഞ്ചായത്തിലെ രണ്ടാം വാർഡ് കേന്ദ്രമായി സ്ഥാപിച്ച് 47-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘമാണ്. ഇവ ഇന്ന് പ്രവർത്തന രംഗത്തില്ല. നിലവിൽ പൂർണ്ണമായും ഭാഗികമായും പ്രവർത്തിക്കുന്ന 27 കയർ സംഘങ്ങൾ ഉണ്ട്. ഈ സംഘങ്ങളിൽ ഉദ്ദേശം 15420 ഓളം അംഗങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തിൽ അഞ്ച് മത്സ്യ സഹകരണ സംഘങ്ങൾ പ്രവർത്തനരംഗത്തുണ്ട്. 3006 അംഗങ്ങൾ ഈ സംഘങ്ങളിലുണ്ട്. ആറാട്ടുപുഴ വില്ലേജ് കേന്ദ്രമായി എ. 748-ാം നമ്പറായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒരു ഹരിജൻ സർവ്വീസ് സഹകരണ സംഘവും ഉണ്ട്. ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ പല ഘട്ടങ്ങളിലായും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എ. 11 (ഡി) നമ്പറായി പഞ്ചായത്ത് കേന്ദ്രമായി രജിസ്റ്റർ ചെയ്ത ഒരു ക്ഷീര വ്യവസായ സഹകരണ സംഘം നിലവിലുണ്ടെങ്കിലും കേവലം കടലാസ്സിൽ മാത്രം പ്രവർത്തനം ഒതുങ്ങുന്നു. സമീപ പഞ്ചായത്തിലും താലൂക്ക് തലത്തിലും പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക തരം തിരിച്ച് അന്യത്ര ചേർത്തിരിക്കുന്നു.

കാർഷിക വായ്പാ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	ആകെ അംഗങ്ങൾ	വായ്പകൾ	
			കാർഷികം (000)	കാർഷികേതരം (000)
മംഗലം എസ്.സി.എസ്. ലിമി. നമ്പർ 1713, പെരുമ്പള്ളി	1928	1535	29	207
പെരുമ്പള്ളി എസ്.സി.എസ്. ലിമി. നമ്പർ :1746	1928	6970	164	256
നല്ലാണിക്കൽ എസ്.സി.എസ്. ലിമി. നമ്പർ 2600	1947	1722	158	164
ആറാട്ടുപുഴ എസ്.സി.എസ്. ലിമി. നമ്പർ : 4195	1964	1735	5	283

ആറാട്ടുപുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന എസ്.എൻ.ഡി.പി. വിവിധോദ്ദേശ സഹകരണ സംഘം 387163 രൂപ കാർഷിക വായ്പാ ഇനത്തിൽ നൽകിയിട്ടുണ്ട്. 1377 അംഗങ്ങളാണ് സംഘത്തിലുള്ളത്.

കയർ വ്യവസായ സഹകരണ സംഘങ്ങൾ

(ആറാട്ടുപുഴ പഞ്ചായത്തിൽ പൂർണ്ണമായും ഉൾപ്പെടുന്നവ മാത്രം)

സംഘങ്ങളുടെ പേര്	ആകെ അംഗങ്ങൾ	പ്രവർത്തന മൂലധനം	ഓഹരി മൂലധനം	ശരാശരി തൊഴിൽ ദിനങ്ങൾ	അറ്റ നഷ്ടം
വലയ്യഴീക്കൽ എ. 658	625	191660	278020	150	355683.90
പെരുമ്പള്ളി കെ.എം. 818	പ്രവർത്തനം ഇല്ല				
രാമഞ്ചേരി കോസ്റ്റൽ എ. 699	752	250000	295290	200	224297.46
വട്ടച്ചാൽ എ. 551	635	135000	215870	120	117814.79
നല്ലാണിക്കൽ എ. 653	565	175000	105000	പ്രവർത്തനം ഇല്ല	425030
കള്ളിക്കാട് എ. 652	650	175000	254700	150	4749778.78
ആറാട്ടുപുഴ സൗത്ത് എ. 463	1770	200000	471250	400	332636.05
ചാണാഞ്ചേരിച്ചിറ കെ.എം. 814	437		99000	85	109099.03
ആറാട്ടുപുഴ കോസ്റ്റൽ എ. 689	950	125000	280660	177	288783.76

കയർ വ്യവസായ സഹകരണ സംഘങ്ങൾ

(ആറാട്ടുപുഴ പഞ്ചായത്തിൽ പൂർണ്ണമായും ഉൾപ്പെടുന്നവ മാത്രം)

സംഘങ്ങളുടെ പേര്	ആകെ അംഗങ്ങൾ	പ്രവർത്തന മൂലധനം	ഓഹരി മൂലധനം	ശരാശരി തൊഴിൽ ദിനങ്ങൾ	അറ്റ നഷ്ടം
കരിത്തറ എ. 648	624	75000	386360	260	263386
ആറാട്ടുപുഴ നോർത്ത് കെ.എം. 811	253	34000	120840	203	52300
ആറാട്ടുപുഴ എ. 561	471	125000	178000	207	549375.31
മംഗലം എ. 483	1052		425400	205	454667.35
മുറിയാലിൽ കെ.എം. 812	317	50000	83480	110	132885.71

ഈ കയർ സംഘങ്ങൾ ആറാട്ടുപുഴ പഞ്ചായത്തിന്റെ 10, 11, 12 വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭാഗികമായി മാത്രമെ ഈ പഞ്ചായത്തിനെ പ്രതിനിധികരിക്കുന്നുള്ളു.

1. ആറാട്ടുപുഴ കിഴക്കേക്കര വടക്ക് എ. 550
   (കായംകുളം പ്രോജക്ടിലെ ആദ്യ മോട്ടോറൈസ്ഡ് സ്പിനിംഗ് യൂണിറ്റ്)
2. പ്രിയദർശിനി മെമ്മോറിയൽ കെ.എം. 813
3. മുതുകുളം സൗത്ത് എ. 210
4. പുതിയവിള വടക്ക് എ. 696
5. കണ്ടല്ലൂർ സൗത്ത് നമ്പർ 322
6. കണ്ടല്ലൂർ ഈസ്റ്റ് നമ്പർ 661
7. ആറാട്ടുപുഴ കിഴക്കേക്കര തെക്ക് 325
8. കണ്ടല്ലൂർ നോർത്ത് നമ്പർ 323
9. കണ്ടല്ലൂർ സി.വി.സി.എസ്. നമ്പർ 84
10. മുതുകുളം സി.വി.സി.എസ്. നമ്പർ 72
11. കണ്ടല്ലൂർ സി.വി.സി.എസ്. നമ്പർ 510
12. ചിങ്ങോലി നമ്പർ 207
13. ചിങ്ങോലി എ. 654

ആറാട്ടുപുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളുടെ പൊതു വിവരം ചുവടെ ചേർക്കുന്നു.

സംഘത്തിന്റെ പേരും നമ്പറും	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	ആകെ അംഗങ്ങൾ
വല്യഴീക്കൽ ആറാട്ടുപുഴ ഡി.എഫ്. (എ) 43	30000	45000	1411
ആറാട്ടുപുഴ ഡി.എഫ്. 63	30000	10000	309
കള്ളിക്കാട് ഡി.എഫ്. 62	30000	10000	483
തറയിൽ കടവ് ഡി.എഫ്. 61	30000	10000	477
വല്യഴീക്കൽ ഡി.എഫ്. 60	30000	60000	326

ആറാട്ടുപുഴ വില്ലേജ് കേന്ദ്രമാക്കി എച്ച്.എസ്.സി.എസ്. ലിമിറ്റഡ് എ. 748 നമ്പറായി രജിസ്റ്റർ ചെയ്ത സംഘത്തിൽ 203 അംഗങ്ങൾ ഉണ്ട് 30270 ഓഹരി മൂലധനമുള്ള ഈ സംഘം ഹരിജനങ്ങളെ പരമാവധി സഹായിക്കാൻ ശ്രമിക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന നാല് ലിമിറ്റഡ് സംഘങ്ങളുടെയും പ്രവർത്തനം തൃപ്തികര മല്ല. ധനാപഹരണവും കെടുകാര്യസ്ഥതയും ഇവയിൽ പല സംഘങ്ങളുടെയും പ്രവർത്തനത്തെ മന്ദീഭവിപ്പി ച്ചിട്ടുണ്ട്.

കർഷകർക്ക് വേണ്ടത്ര അനുകൂല്യങ്ങൾ ലഭ്യമാ ക്കുവാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല. വിവിധോ ദേശ സഹകരണ സംഘമായ 481-ാം നമ്പർ സംഘം മാത്രമാണ് കുറച്ചെങ്കിലും കാര്യമായ പ്രവർത്തന രംഗ ത്തുള്ളത്. ഒന്നാം പട്ടികയിൽ വിവരിച്ചിരിക്കുന്ന നാലു സഹകരണ സംഘങ്ങളിൽ ഒന്നിന് പോലും വില്ലേജ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ബാങ്ക് എന്ന തര ത്തിലേക്കുയരാൻ കഴിഞ്ഞിട്ടില്ല. വ്യവസായ സംഘങ്ങ ളായ കയർ സംഘങ്ങൾ നിർജ്ജീവാവസ്ഥയിലാണ്. 20% തൊഴിലാളികൾക്ക് പോലും പണി നൽകാൻ ആവാതെ ടി സംഘങ്ങൾ നിലകൊള്ളുന്നു. മത്സ്യ സഹ കരണ സംഘങ്ങൾ സാമാന്യം ഭേദപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നു. എങ്കിലും മത്സ്യ മേഖലയിലെ നിര വധി പ്രശ്നങ്ങൾ പരിഹൃദമാകാതെ കിടക്കുന്നു. മറ്റ് രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ അവയുടെ പ്രവർത്തനം കടലാസ്സിൽ മാത്രം ഒതുങ്ങി കഴിയുന്നു.

പ്രശ്നങ്ങൾ :

കാർഷിക മേഖലയിൽ നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കു ന്നില്ല. ഹ്രസ്വകാല വായ്പയോ ദീർഘകാല വായ്പയോ കർഷകർക്ക് വായ്പകൾ നൽകാൻ കഴിയുന്നില്ല വളം വിത്ത് വിതരണം എന്നി മേഖലകളിൽ ഒന്നും തന്നെ ഫലപ്രദമായി ചെയ്യുന്നില്ല. കൊപ്രാ സംഭരണം നടത്തു വാൻ ഒരു സംഘത്തിനും കഴിഞ്ഞിട്ടില്ല. പ്രദേശത്തെ ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുവാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനം കാഴ്ച വച്ചിട്ടില്ല.

വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളാവട്ടെ ഉദ്പാദന ക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല. ആറാട്ടുപുഴ കിഴക്കേ കര വടക്ക് എ. 580 മാത്രമേ. മോട്ടോറൈസ്ഡ് സ്പിന്നിംഗ് യൂണിറ്റ് നടപ്പാക്കിയിട്ടുള്ളു എന്നാൽ പല പ്രശ്നങ്ങളാൽ അതിന്റെ പ്രവർത്തനവും തൃപ്തികര

മാകുന്നില്ല. കൂടുതൽ പേർക്ക് തൊഴിൽ നൽകുവാനോ അർഹമായ സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് ലഭ്യമാക്കാനോ കഴിഞ്ഞിട്ടില്ല. സ്വകാര്യ മേഖലയിലുള്ള കയർ വ്യവസായത്തോട് കിടപ്പിടിക്കുവാൻ ഈ രംഗത്തെ സഹകരണ മേഖലയ്ക്ക് കഴിയുന്നില്ല.

മത്സ്യതൊഴിലാളികളുടെ വർദ്ധിച്ച് വരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഫലപ്രദമായി പ്രവർത്തിക്കുവാൻ മത്സ്യ സഹകരണ സംഘങ്ങൾക്കു കഴിയുന്നില്ല. പ്രവർത്തന ഉപകരണങ്ങൾ ആവശ്യത്തിന് നൽകാനോ അവയ്ക്കു വേണ്ട സഹായം ലഭ്യമാക്കാനോ ഇന്ധനാവശ്യം പരിഹരിക്കാനോ ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യ തൊഴിലാളികളെ മോചിപ്പിക്കുവാനോ ഈ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ക്ഷീര വ്യവസായത്തെയും മൃഗ സംരക്ഷണത്തെയും പോഷിപ്പിക്കുവാനോ നിലനിർത്തുവാനോ ഈ മേഖലയിലെ ഏക സഹകരണ സംഘം ഒന്നു തന്നെ ചെയ്തിട്ടില്ല.

പരിഹാരങ്ങൾ

1. ഊർജ്ജിതമായി കുടശ്ശിക പിരിച്ചെടുക്കുന്ന നടപടി ആരംഭിക്കണം. അനധികൃതമായി സംഘം മുതൽ നഷ്ടപ്പെടുത്തിയവർക്കെതിരെ കർശന നടപടികൾ എടുത്ത് ടി തുക സംഘത്തിൽ വസൂലാക്കേണ്ടതാണ്.

2. വിലകയറ്റത്തിന്റെ കെടുതിയിൽ നിന്ന് ഒരു പരിധി വരെ മോചനം ലഭിക്കുന്നതിന് സംഘങ്ങൾ ആസ്ഥാനമാക്കി സഹകരണ മാവേലി സ്റ്റോറുകൾ ആരംഭിക്കേണ്ടതാണ്.

3. സഹകരണ സംഘങ്ങൾ പൊതുവെ ജനതാൽപര്യത്തെക്കാൽ ഉപരി സ്വന്തം രാഷ്ട്രീയ താൽപര്യം സംരക്ഷിക്കുവാൻ ഉപയോഗിക്കുന്നത് അവസാനിപ്പിക്കണം.

4. ജില്ലയിലെ തകർന്ന് കൊണ്ടിരിക്കുന്ന സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുവാൻ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് എറ്റെടുക്കുന്ന ക്ഷേമ നടപടിയിൽ ഈ മേഖലയിലെ സംഘങ്ങളെകൂടി ഉൾപ്പെടുത്തണം.

5. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുവാൻ ഉതകുന്ന നിക്ഷേപം സ്വീകരിക്കലും ചിട്ടിയും സഹകരണ സംഘങ്ങൾ ഊർജ്ജിതമായി നടപ്പാക്കണം.

6. വ്യവസായ സഹകരണ രംഗമായ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ ഇന്നത്തെ നിർജ്ജീവാവസ്ഥ പരിഹരിക്കുവാൻ പീഡിത വ്യവസായ പട്ടികയിൽ പെടുത്തി പുനരുദ്ധരിക്കുവാൻ നപടികൾ എടുക്കുക.

7. കൂടുതൽ ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു കയറിന്റെ ഉദ്പ്പാദനക്ഷമത വർദ്ധിപ്പിക്കുകയും തദ്വാരാ കയർ സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുകയും ചെയ്യുക.

a. കയർ സംഘങ്ങളുടെ നിലവിലുള്ള നഷ്ടം പൂർണ്ണമായും തുടച്ച് മാറ്റുന്നതിന് വൈപ്പ് ഓഫ് ലോസ് ഗ്രാന്റ് നൽകണം.

b. കയർ തൊഴിലാളികളായ മുഴുവൻ സംഘാംഗങ്ങൾക്കും 900 രൂപ ക്രമത്തിൽ ഗവൺമെന്റ് ഓഹരി വിഹിതം നൽകണം.

c. പഞ്ഞതൊണ്ടിന് സബ്സിഡി നൽകി വരുന്നത് പോലെ കിന്റലിന് 165 രൂപ പ്രകാരം ചകിരിയിൽ നിന്ന് ഉദ്പ്പാദിപ്പിക്കുന്ന കയറിനും നൽകണം.

d. കയർ സഹകരണ സംഘങ്ങളെ ലാഭങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് കാണാതെ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിന്റെയും ഉല്പ്പാദനത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിക്കേണ്ടതാണ്.

e. ഉദ്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ ഉൽപ്പന്നത്തിന്റെ വില നിശ്ചയിക്കേണ്ടതാണ്. അപ്രകാരം ചെയ്താൽ നഷ്ടം ഒഴിവാക്കാം.

8. ആറാട്ടുപുഴ പഞ്ചായത്തിന്റെ 10, 11, 12 വാർഡുകളിൽ സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. ഈ വാർഡുകൾ കേന്ദ്രീകരിച്ച് സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.

9. മത്സ്യ സഹകരണ സംഘങ്ങൾ കുറെകൂടി ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും സബ്സിഡിയോട് കൂടി മത്സ്യഫെഡ് വിതരണം ചെയ്യുന്ന ലോണുകൾ അർഹരായ മുഴുവൻ അംഗങ്ങൾക്കും കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക. ഗ്രൂപ്പ് അടിസ്ഥാനത്തിൽ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനോ ഉപകരണങ്ങൾ നൽകുന്നതിന് ആവശ്യമായ തുക സംഘങ്ങൾ നേരിട്ട് നൽകുക. ടി സംഘങ്ങളുടെ സുഖമമായ നടത്തിപ്പിന് ആവശ്യമായ പേയ്ഡ് സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള അംഗീകാരം നൽകുകയും അവർക്ക് ശമ്പളം നൽകുന്നതിനുള്ള മാനേജരിയൽ സബ്സിഡി അനുവദിക്കുകയും ചെയ്യുക.

10. മത്സ്യ വിപണന സംസ്കരണ രംഗങ്ങളിൽ മത്സ്യ സഹകരണ സംഘങ്ങൾ നേരിട്ടിടപ്പെടുകയും തന്മൂലം ഇടത്തട്ടുക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യ തൊഴിലാളികളെ മോചിപ്പിക്കുകയും ചെയ്യുക.

11. ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്യുകയും ഉള്ളത് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

12. കയർ മാറ്റ്സ് / മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തുക.

13. ഉപഭോക്തൃ സഹകരണ സംഘങ്ങളും, വനിതാ ക്ഷേമ സഹകരണ സംഘവും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.

14. പഞ്ചായത്തിന്റെ കിഴക്കൻ വാർഡുകൾ കേന്ദ്രീകരിച്ച് ഉൾനാടൻ മത്സ്യ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുക.

സഹകരണ സ്ഥാപനങ്ങൾക്കു ജനങ്ങളുടെ വിശ്വാസ്യത പൂർണ്ണമായും ആർജ്ജിക്കുവാൻ കഴിഞ്ഞാൽ ജനങ്ങളുടെ സമ്പാദ്യശീലം വളർത്തി തന്മൂലം ഉണ്ടാകുന്ന നിക്ഷേപങ്ങളും അന്യനാടുകളിൽ പണിയെടുക്കുന്ന പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും നിക്ഷേപങ്ങളും സഹകരണ സംഘങ്ങൾക്ക് ലഭിക്കും. ആയതു പഞ്ചായത്തിന്റെ സമൂലവികസനത്തിന് വഴിവയ്ക്കുകയും ചെയ്യുന്നു.



4.11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പുരാതന കാലം മുതൽ തന്നെ അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗമെന്ന നിലയിൽ ഹരിജനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗം സ്വാതന്ത്ര്യാനന്തര ഭാരതത്തിലും വേണ്ടത്ര പുരോഗമിക്കാതെ ഇന്നും അധ: സ്ഥിതരായി കഴിയുകയാണ് എന്നാൽ ഇതിനൊരപവാദം ആണ് കേരളം. എങ്കിലും ഇനിയും വളരെയധികം അഭിവൃദ്ധി പ്രാപിക്കേണ്ടതായിട്ടുണ്ട് മാറി മാറി വന്ന സർക്കാരുകളുടെ പ്രയത്നഫലമായി കുറെയേറെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട് മേലേക്കിടയിലുള്ള ജീവിത സാഹചര്യങ്ങൾ മറ്റുള്ളവരെ പോലെ പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾക്കു ലഭ്യമാക്കുവാൻ ഇനിയും ഒട്ടേറെ പടവുകൾ ചവിട്ടി കയറേണ്ടിയിരിക്കുന്നു അവ സാദ്ധ്യമാക്കുന്നതിനു വേണ്ടി നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ രൂപരേഖ തയ്യാറാക്കുകയാണ് ഈ വിശകലനത്തിന്റെ ലക്ഷ്യം.

നമ്മുടെ പഞ്ചായത്തിൽ 120 ഹരിജൻ കുടുംബങ്ങളിലായി 615 പുരുഷൻമാരും 614 സ്ത്രീകളും അധിവസിക്കുന്നു സാമൂഹ്യ സാമ്പത്തിക മേഖലകളിലും വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിലും ഈ വിഭാഗം ഇന്നും വളരെ പിന്നിലാണ്. എങ്കിലും ഈ വിഭാഗത്തിൽ പെട്ട കുറെ വ്യക്തികൾ ഉയർന്ന തലങ്ങളിൽ പ്രവർത്തിക്കുന്നു എന്ന വസ്തുത നമ്മുക്കഭിമാനത്തിന് വക നൽകുന്നു. സാമൂഹ്യമായി ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയരാകുന്ന ഒരു വിഭാഗമാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഹരിജനങ്ങളുടെ നില കുറെയെങ്കിലും ഭദ്രമാണ്.

ഹരിജനങ്ങൾക്ക് വേണ്ടി നാല് സെറ്റിൽമെന്റ് കോളനികൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. അവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങൾ പൂർണ്ണതോതിൽ ഈ കോളനികളിൽ ഇന്നും ലഭ്യമല്ല എന്ന വസ്തുത അവശേഷിക്കുന്നു.

ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്
1.	I	മംഗലം IHDP കോളനി
2	II	മേലേടത്ത് കാട് കോളനി
3	III	കൊല്ലീടെ കിഴക്കതിൽ കോളനി
4	VIII	തറയിൽകടവ് കോളനി

നിലവിലുള്ള പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം വൈദ്യുതി കക്കൂസ് എന്നിവ ഭൂരിപക്ഷം കുടുംബങ്ങൾക്കും ലഭ്യമല്ല. പലകുടുംബങ്ങളും ഓല മേഞ്ഞ കുടിലുകളിലാണ് ഇന്നും താമസ്സിക്കുന്നത്. ഒട്ടേറെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഈ വിഭാഗങ്ങളുടെ ഇടയിൽ ഇന്നും നിലനിൽക്കുന്നു. വിദ്യാഭ്യാസപരമായി പിന്നോക്ക അവസ്ഥ ഇന്നും ഒരു ശാപമായി നിലനിൽക്കുന്നു. കൊല്ലീടെകിഴക്കിതിൽ കോളനിടെ സമീപത്ത് വെള്ളം കെട്ടി നിൽക്കുന്നത് മൂലം മലിനീകരണം ഒരു പ്രധാന പ്രശ്നമാണ്. മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിലേക്ക് അവശ്യം വേണ്ട നിരദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നു.

1. സ്വന്തമായി വസ്തുവും കെട്ടിടവുമില്ലാത്ത പന്ത്രണ്ട് കുടുബങ്ങൾ നിലവിലുണ്ട്. ഭൂമി വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽക്കണം.

2. കുടിലുകളിൽ താമസ്സിക്കുന്ന 39 കുടുംബങ്ങൾക്കും കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകണം.

3. നാല് ഹരിജൻ കോളനികൾക്കും അവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ ലഭ്യമാക്കണം.

5. രണ്ടാം വാർഡിലെ മേലേടത്ത് കാട് കോളനിയിൽ 42 വീടുകളുണ്ട് ഇതിൽ 8 വീടുകൾ കുടിലുകളാണ് ഇവർക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

5. മൂന്നാം വാർഡിലെ കൊല്ലീടെ കിഴക്കതിൽ കോളനിയിലേക്ക് പോകുവാനുള്ള റോഡ് നിർമ്മിക്കുക.

6. ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ പുതിയ കോളനികൾ സ്ഥാപിക്കണം.

7. ഹരിജനങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

8. പുറംപോക്ക് ഭൂമിയിൽ താമസിക്കുന്ന ഹരിജനങ്ങൾക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണം. 9. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് രൂപം നൽകണം.

10. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന് വേണ്ടത്ര പ്രോത്സാഹനം നൽകണം

11. പഞ്ചായത്ത് തലത്തിൽ S.S.L.C. ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുക. ഉപരിപഠനത്തിന് വേണ്ട സാമ്പത്തിക സഹായം നൽകണം.

12. കോളേജുകളിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ സാമ്പത്തിക സഹായം നൽകണം.

13. പട്ടികജാതി വിഭാഗങ്ങൾക്ക് പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിന് പലിശ രഹിത വായ്പ നൽകണം.

14. ഹരിജൻ കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.

15. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.

16. സമൂഹത്തിന്റെ മുൻപന്തിയിൽ പട്ടികജാതിക്കാരെ എത്തിക്കാൻ ആവശ്യമായ ബോധവൽക്കരണം നൽകണം.

17. ഹരിജനങ്ങൾക്ക് ഉയർന്ന തൊഴിലുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ പരിശീലനം നേടാൻ വേണ്ട സഹായങ്ങൾ ലഭ്യമാക്കണം.

18. തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ സൗജന്യ സാമ്പത്തിക സഹായം നൽകണം.

19. പട്ടികജാതിയിൽ പെട്ട മുഴുവൻ വൃദ്ധജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ നൽകണം.

20. പട്ടികജാതിക്കാരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കണം. നിരന്തരമായ ചൂഷണത്തിന് വിധേയരായി അടിച്ചമർത്തപ്പെട്ടിരുന്ന ഒരു ജനതയെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ട് വരേണ്ട സംഘടിതമായ ശ്രമം ഇനിയും തുടരേണ്ടിയിരിക്കുന്നു. മറ്റുള്ളവരെ ഊട്ടിക്കാൻ പാടത്തും പണിശാലകളിലും മെയ് മറന്ന് പണിയെടുത്ത ദരിദ്ര നാരായണൻമാരെ മുന്നോറ്റത്തിന്റേതായ ഒരു സാമൂഹ്യ ക്രമത്തിലേക്ക് നയിക്കാൻ ആവതെല്ലാം ചെയ്യാം. അതായിരിക്കട്ടെ പരമമായ ലക്ഷ്യം.



4.12

വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് നിവാസികളുടെ മുഖ്യ വരുമാനസ്രോതസ്സ് നാണ്യവിളയായ നാളീകേരവും പരമ്പരാഗത വ്യവസായമായ കയർ മത്സ്യസമ്പത്ത് എന്നിവയുമാണ്. എന്നാൽ പലകാരണങ്ങളാൽ ഈ മൂന്ന് മേഖലകളിലെയും വരുമാനം മുൻകാലങ്ങളിൽ നിന്നും തുലോം കുറവാണ്. തൊഴിൽ മേഖലയുടെ ആധുനിക വൽകരണവും ആഗോള വൽക്കരണവും പഴയ സാഹചര്യങ്ങളെ മാറ്റി മറിച്ച് നാട്ടിൽ ഒട്ടേറെ പുരോഗതി ഉണ്ടാക്കി എങ്കിലും അവയോടൊപ്പം പുത്തൻ പ്രശ്നങ്ങളും ഉടലെടുത്തു. പണ്ടൊക്കെ ജനങ്ങളുടെ ഇടയിൽ ആരോഗ്യകരമായ കൂട്ടായ്മയും ഹൃദയബന്ധങ്ങളും നിലനിന്നിരുന്നു. ഓലപ്പുരകൾ കെട്ടിമേയൽ, കുളങ്ങൾ വെട്ടൽ, ഗ്രാമീണ പ്രശ്നങ്ങളിലുള്ള ഒത്തുചേരലുകൾ എന്നിവ പഴയകാല കൂട്ടായ്മകളുടെ ഉദാഹരണങ്ങളാണ്.

ആറാട്ടുപുഴ പഞ്ചായത്തിൽ ഇന്ന് അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് തെല്ല് ഒരളവ് വരെ പരിഹാരം ജനങ്ങളുടെ കൂട്ടായ പ്രവർത്തനവും കിടമത്സരവും ഒഴിവാക്കി കൊണ്ടുള്ള ബോധപൂർവ്വമായ ഇടപെടലും കൊണ്ടുണ്ടാക്കാവുന്നതാണ്. വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ വളരെ പിന്നിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവം ജനങ്ങൾ തന്നെയാണ്.

1996 നവംബർ 1 ന് പുന:രർപ്പണ ദിനത്തിൽ പഞ്ചായത്തിലെ പത്താം വാർഡിലെ കിളിമുക്ക് മുതൽ മണിവേലിക്കടവ് വരെയുള്ള റോഡിന്റെ അറ്റകുറ്റ പണി പൂർത്തീകരിച്ചതും വല്ല്യഴീക്കൽ ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും നമ്മുടെ ഒത്തുചേരലിന്റെ ഉദാഹരണമാണ്. ടി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഏകദേശം 9000 രൂപ പ്രാദേശികമായി സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബഹുജനങ്ങളുടെ ഒത്തുചേരലുകൾ, സഹകരണം എന്നിവ കക്ഷിരാഷ്ട്രീയത്തിന്റെ അനാരോഗ്യകരമായ കിടമത്സരങ്ങൾ ലഘൂകരിക്കുന്നതായാണ് അനുഭവം. പരസ്പരം ഉരിയാടാൻ തന്നെ മടിച്ചിരുന്ന പലവ്യക്തികൾക്കും സൗഹൃദം പുതുക്കാനുള്ള അവസരം ഈ ഒത്തുചേരലിലൂടെ കൈവരിക്കാൻ കഴിയും വിഭവ സമാഹരണത്തിലെ പ്രതിസന്ധികൾ താഴെ ചേർക്കുന്നു.

1. വ്യവസായ സ്ഥാപനങ്ങളുടെ അപര്യാപ്തത.

2. കാർഷിക രംഗത്തെ മുരടിപ്പ്.

3. വിദേശത്ത് പണിയെടുക്കുന്നവരുടെ വരുമാനത്തിലുണ്ടായക്കുറവ്.

4. കയർ, മത്സ്യ മേഖലകളിലെ മാന്ദ്യം.

5. നികുതി സമാഹരിക്കാനുള്ള സ്രോതസ്സുകളുടെ കുറവ്.

പഞ്ചായത്തിന്റെ വരുമാനം ആവശ്യവുമായി തട്ടിച്ച് നോക്കുമ്പോൾ പൊരുത്തപ്പെടുന്നവയല്ല. സാമൂഹ്യ ബോധവൽക്കരണത്തിലൂടെ നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കാവുന്നതാണ്. തങ്ങൾ നൽകുന്ന പണം പാഴായി പോകുന്നില്ല എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കഴിയണം.

ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് 95-96 ലെ വരവിനങ്ങൾ

	ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1.	കെട്ടിടനികുതി	151355.50	118480.50	32875.00
2.	തൊഴിൽനികുതി	78515.00	66950.00	11565.00
3.	വിനോദനികുതി	2999.00	2999.00	
4.	അധികവിനോദനികുതി	1853.00	1853.00	
5.	പ്രദർശന നികുതി	2130.00	2080.00	
6.	പ്രദർശനനികുതിയി മ്മേലുള്ള സർചാർജ്ജ്	532.50	53250.00	
7.	ചന്തവരവ്	5050.00	5050.00	
8.	ലൈസൻസ് ഫീസ്	2429.00	2431.00	
9.	വസ്തുകൈമാറ്റ നികുതി	209501.00	209501.00	
10.	ഡെപ്പോസിറ്റ്	13009.00	7159.00	5850.00
11.	ലേലവരവ്	175.00		
12	മറ്റുള്ളവ	623642.00	336241.00	287301.00
	ആകെ	1091191.00	753377.00	337642.00



ആറാട്ടുപ്പുഴ ഗ്രാമ പഞ്ചായത്തിലെ 95-96 ലെ ചിലവിനങ്ങൾ

നമ്പർ	ചെലവിനം	രൂപ. പൈസ
1.	അംഗങ്ങളുടെയും പ്രസിഡന്റിന്റെയും സിറ്റിംഗ് ഫീസ്	60968.00
2.	യാത്രാപ്പടി	750.00
3.	സെക്രട്ടറിയുടെ ശമ്പളം	68550.00
4.	സെക്രട്ടറിയുടെ പെൻഷന്ം അടച്ചത്	2942.50
5.	സെക്രട്ടറിയുടെ യാത്രാപടി	1741.00
6.	ജീവനക്കാരുടെ ശമ്പളം	242124.00
7.	ജിവനക്കാരുടെ പെൻഷൻ അടച്ചത്	10594.50
8.	ജീവനക്കാരുടെ യാത്രാപ്പടി	2514.00
9.	ഭൂനികുതി	34.00
10.	കറന്റ് ചാർജ്ജ് ഓഫീസ്	783.00
11.	തപാൽ ഫോൺ	3964.00
12.	പ്രിന്റിംഗ് ചാർജ്ജ്	14577.00
13.	തെരഞ്ഞെടുപ്പ് ചിലവ്	1975.00
14.	നിയമസംബന്ധമായ ചിലവ്	500.00
15.	മറ്റ്പലവക ചിലവ്	9688.00
16.	പാർട്ട്ടൈം സ്വീപ്പറുടെ ശമ്പളം	14332.00
17.	റോഡ് സംരക്ഷണം	46262.70
18.	പാലം കലുങ്ക്	32826.50
19.	ചെറുകിട ജലസേചന പദ്ധതി	97371.90
20.	സ്കൂൾ സ്വീപ്പറുടെ ശമ്പളം	1050.00
21.	ക്യാഷ് അവാർഡ്	1905.00
22.	കേരളോത്സവം	4892.00
23.	കൊതുക്ക് മരുന്ന് തളി	3476.80
24.	അൺടൈഡ് ഫണ്ട്	129280.00
25.	കുടുംബാസൂത്രണം	870.00
26.	തുപ്പുകാരുടെ വേദനം (ചന്ത)	400.00
27.	പഞ്ചായത്ത് ആഘോഷം	1350.00
28.	കറന്റ് ചാർജ്ജ് (വഴിവിളക്ക്)	95702.00
29.	കടത്തുകാരുടെ ശമ്പളം	40301.00
30.	ഫർണീച്ചർ	17858.00
31.	സെക്യൂരിറ്റി	1975.00
32.	ഇലക്ഷൻ ഡിപ്പോസിറ്റ്	5850.00
33.	കൺജിജൻസി	1515.00
	ആകെ	918932.90

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാം.

1. വിവിധ നികുതികളിലുണ്ടാകുന്ന ചോർച്ച തിട്ടപ്പെടുത്തി ക്രമമായി പിരിക്കാനുള്ള സംവിധാനം ഉണ്ടാകണം.

2. കെട്ടിട നികുതിയുടെ നിർണ്ണയത്തിൽ നിലവിൽ ഒട്ടേറെ അപാകതകളുണ്ട്. പഞ്ചായത്ത് കമ്മറ്റിയിൽ നിന്നും ഒരു പ്രത്യേക സമിതിയുണ്ടാക്കി നികുതി നിർണ്ണയം സത്യസന്ധമാണെന്ന് ഉറപ്പുവരുത്തണം.

3. പഞ്ചായത്തിൽ മൊത്തം 478 വാട്ടർ ടാപ്പുകളുണ്ട്. ഒരു വാട്ടർ ടാപ്പിന് 875 രൂപ പ്രതിവർഷം പഞ്ചായത്ത് നികുതിയായി അടയ്ക്കേണ്ടിവരുന്നു. ഓരോ വാർഡുകളിലും നിരവധി ടാപ്പുകൾ ഉപയോഗിക്കാതെ കിടക്കുന്നു. അത്തരം ടാപ്പുകൾ പഞ്ചായത്ത് മെമ്പറന്മാരുടെ സഹായത്താൽ കണ്ടെത്തി ലിസ്റ്റിൽ നിന്ന് കുറവ് ചെയ്യിച്ചാൽ നല്ല ഒരു തുക ലാഭിക്കാൻ കഴിയും.

4. കത്താത്ത തെരുവ് വിളക്കുകൾക്ക് K.S.E.B. ക്ക് ചാർജ്ജ് നൽകേണ്ടിവരുന്നു. ഇതൊഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് നൽകുവാൻ കഴിയുന്ന മീറ്റർ സംവിധാനം നടപ്പിൽ വരുത്തുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

5. കേബിൾ ടി.വി. കണക്ഷൻ എടുക്കുന്നവരിൽ നിന്ന് പഞ്ചായത്ത് നികുതി ഈടാക്കണം.

6. തെരുവ് വിളക്ക് അനാവശ്യമായി ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന ഊർജ്ജ നഷ്ടവും സാമ്പത്തിക നഷ്ടവും ഒഴിവാക്കാൻ ശ്രദ്ധിക്കണം.

7. വാർഡ് തലത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും അതിലൂടെ സാമ്പത്തിക നേട്ടം കൈവരിക്കാൻ കഴിയണം.

8. സർവ്വീസ് സഹകരണ സംഘങ്ങൾ പഞ്ചായത്ത് ബാങ്കുകളാക്കി മാറ്റുകയും പഞ്ചായത്ത് നിവാസികളുടെ ചെറുതും വലിതുമായ നിക്ഷേപങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ തന്നെ നിക്ഷേപിക്കുന്നതിന് ആവശ്യമായ പ്രചരണം നടത്തുവാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കണം.

9. സ്വകാര്യ പണമിടപാടുകാരിൽ നിന്നും പഞ്ചായത്ത് നിശ്ചിത തുക നികുതിയായി പിരിക്കുവാനുള്ള പ്രവർത്തനത്തിന് രൂപം കൊടുക്കണം.

10. പാരലൽ കോളേജ്, സ്വകാര്യ കോളേജ് എന്നിവയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഈടാക്കണം.

11. വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ നിശ്ചിത തുക ഫീസായി ഈടാക്കണം.

12. പഞ്ചായത്ത് പുറംപോക്ക് ഭൂമികൾ കൃത്യമായി അളന്ന് തിട്ടപ്പെടുത്തി പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം നടപ്പാക്കണം.

13. മാലിപുരകളിൽ പുതിയ വള്ളങ്ങൾ നിർമ്മിക്കുന്നവർക്കും ഫൈബർ ബോട്ടുകൾ നിർമ്മിക്കുന്നവർക്കും ലൈസൻസിംഗ് ഏർപ്പെടുത്തുക.

14. സാമ്പത്തികമായി ശേഷിയുള്ള വ്യക്തികൾ, ഗൾഫ് മലയാളികൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കണം.

15. കായംകുളം ഫിഷീംഗ് ഹാർബറിന്റെ പണി പൂർത്തിയാകുമ്പോൾ വല്ല്യഴീക്കൽ ഒരു പ്രധാന കേന്ദ്രമാകാനുള്ള സാദ്ധ്യതയുണ്ട്. ഈ പ്രദേശത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം.

16. 12-ാം വാർഡിൽ ഉൾപ്പെടുന്ന ചൂളത്തെരുവിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം.

17. കായംകുളം പൊഴിയിൽ മണൽ വാരലിന് പാസ്സ് സംവിധാനം ഏർപ്പെടുത്തണം.

18. വീഡിയോ സെന്ററുകൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.

19. ആറാട്ടുപുഴ പഞ്ചായത്തിലുള്ള മുഴുവൻ കടത്തുകളും ലേലം ചെയ്ത് കൊടുക്കുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പൊതുജന സഹകരണത്തോടെ പൂർണ്ണമായും നടപ്പാക്കാൻ കഴിയുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം.



5

ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക് എത്തിക്കേണ്ടതിന്റെ അനിവാര്യത ആവർത്തിച്ച് പറഞ്ഞ അർദ്ധ നഗ്നനായ ഒരു മഹാന്റെ ജന്മം കൊണ്ട് ധന്യമായ നാടാണ് ഭാരതം. വികസനം ആരും കൽപ്പിച്ച് നൽകുന്ന സാഹയമല്ല, അത് തീരുമാനിക്കാനുള്ള അവകാശം ജനങ്ങൾക്കാണ്. അതിനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. കഴിഞ്ഞ എട്ട് പദ്ധതികളും ഒരു വിഭാഗം ഉന്നതർ കരുപിടിപ്പിച്ച് താഴെ തട്ടിലേക്ക് അടിച്ചേൽപ്പിച്ചിരുന്നു. ഒമ്പതാം പദ്ധതിയുടെ സമീപനം അതല്ല നമുക്ക് വേണ്ടത് നമ്മൾ തന്നെ തീരുമാനിക്കുന്നു, നടപ്പാക്കുന്നു. നമുക്ക് ആവശ്യമുള്ളത് സൃഷ്ടിക്കാൻ ഏറ്റവും കൂടുതൽ താൽപര്യം നമ്മൾ തന്നെകാണിക്കണം. സർക്കാർ തരുന്ന വിഹിതം കൊണ്ട് മാത്രം നമ്മുടെ ആവശ്യം പൂർണ്ണമായും നിറവേറ്റപ്പെടുന്നില്ല. നമ്മുടെ ശേഷി ഉപയോഗിച്ച് എത്രമാത്രം വിഭവങ്ങൾ സമാഹരിക്കാൻ കഴിയും എന്നത് വളരെ പ്രധാനപ്പെട്ട ഘടകമാണ്. നാടിന്റെ ആവശ്യം എന്റെ ആവശ്യമാണ് എന്ന അടിത്തറയിൽ ഉറച്ച് നിന്നുകൊണ്ട് പ്രവർത്തിക്കാൻ കഴിയണം. സുന്ദരമായ ഒരു നല്ല നാളെയുടെ പതാകാവാഹകരാകാൻ നമുക്ക് കഴിയും.

ഗ്രാമ സഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ രേഖ. ആവശ്യമായ സ്ഥിതിവിവര കണക്കുകളുടെ അപര്യാപ്തത ഈ രേഖയുടെ ശക്തികുറയുവാൻ കാരണമാവാം. സമയപരിമിതിയും വിവരങ്ങൾ ലഭ്യമാകുന്നതിനുള്ള ഒട്ടേറെ കടമ്പകളും അതിന് കാരണമായിട്ടുണ്ട്. എങ്കിലും പരിമിതിക്കുള്ളിൽ നിന്ന് കൊണ്ട് ഈ രേഖ സമ്പന്നമാക്കാൻ ആവതെല്ലാം ശ്രമിച്ചിട്ടുണ്ട്. ആറാട്ടുപുഴയുടെ ഈ വികസനരേഖ വികസന സെമിനാറിലെ ചർച്ചയ്ക്കായുള്ള കരട് മാത്രമാണ്. ആരോഗ്യപരമായ ചർച്ചകളിലൂടെയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെയും ഈ രേഖ പൂർണ്ണവും സമ്പന്നവുമാക്കണം. ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

പഞ്ചായത്തിന്റെ പൊതുചിത്രം

പേര്	:	ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്(എ-ഗ്രേഡ്)
വില്ലേജ്	:	ആറാട്ടുപുഴ
ബ്ളോക്ക് ഡിവിഷനുകൾ	:	രണ്ട്
താലൂക്ക്	:	കാർത്തികപ്പള്ളി
ജില്ല	:	ആലപ്പുഴ
ജില്ല പഞ്ചായത്ത് ഡിവിഷൻ	:	2
അസംബ്ലി മണ്ഡലം	:	ഹരിപ്പാട്
പാരലമെന്റ്	:	ആലപ്പുഴ
വിസ്തീർണ്ണം	:	22,70 ഹെക്ടർ
ജനസംഖ്യ (91 സെൻസസ്)	:	29463
സ്ത്രീകൾ	:	14852
പുരുഷന്മാർ	:	14611
പഞ്ചായത്ത് ഭരണസമിതി ഓഫീസ്	:	കള്ളിക്കാട് (സ്വന്തം കെട്ടിടം)
പ്രസിഡന്റ്	:	കമലാലയം സദാശിവൻ
വൈസ് പ്രസിഡന്റ്	:	എം.വി. സംഭവൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	എസ്. മൻസൂർ
മെമ്പർമാർ	:	ഡി. കാശിനാഥൻ, പി.ഐ. ജമീല, കെ.വൈ. അബ്ദുൽ റഷീദ് ശാരദാചന്ദ്രൻ, വി.വിജയധരൻ, ഷിബു ഗംഗാധരൻ ഹേമാ ബാബുക്കുട്ടൻ, എസ്. ആനന്ദൻ, റോസമ്മ ഇറാനിമോസ്



വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

കൃഷി - ജലസേചനം

വി. വിജയധരൻ
എം. ആനന്ദൻ
എൻ. സഹദേവൻ
എം. മുസ്തഫ.

മത്സ്യബന്ധനം - മൃഗപരിപാലനം

കെ.വി. അബ്ദുൾ റഷീദ്
പി. ഹരികുമാർ
ബിജുകുമാർ
എം. അബ്ദുൾ റഹിം
പി. വിജയൻ.

വിദ്യാഭ്യാസം

ഹേമാ ബാബുക്കുട്ടൻ
ഡി. വിശ്വനാഥൻ
സി.ആർ. ദിലീപൻ
ഫ്രോ:വി. രാജൻ
അഡ്വ: സോമശേഖരൻ
ഷിബു കുന്നേൽ.

ആരോഗ്യം - കുടിവെള്ളം

എസ്സ്. മൺസൂർ
കെ.ജി. ഗോപാലകൃഷ്ണൻ
സി.എസ്സ്. ജുലാലുദ്ദീൻ
എസ്സ്. ജയറാം
വി. ബേബി
ഉദയകുമാർ.

ഗതാഗതം - ഊർജ്ജം

എസ്സ്. ആനന്ദൻ
പി. സംഭവൻ
ആർ. ചന്ദ്രൻ
സാബു
സുധീഷ്കുമാർ
ബാലചന്ദ്രൻ.

പാർപ്പിടം - സാമൂഹ്യക്ഷേമം

റോസമ്മ ഇറാനിമോസ്
എസ്സ്. വിജയാനന്ദൻ
എം.എ. ഉസ്മാൻ
എ. ഷംസുദ്ദീൻ
കെ.എസ്സ്. ബിനു.

സംസ്കാരം

പി.ഐ. ജമീല
ഡി. വിശ്വനാഥൻ
ഷംസുദ്ദീൻ കായിപ്പുറം
കെ.കെ. കുന്നത്ത്
സജി
ഗംഗ.

വ്യവസായം

കമലാലയം സദാശിവൻ
എം.അബ്ദുൾ സലാം
കെ.എച്ച്.എ. റഹിം
വത്സാരാജ്.

വനിതാ ക്ഷേമം

ശാരദാ ചന്ദ്രൻ
മണിയമ്മാൾ
മറിയത്ത് ഉസ്മാൻ
വിജയമ്മ
ഗിരിജ
തുളസീദാസ്
പി.എസ്. അബ്ദുൽസലാം

സഹകരണം

എം.വി. സംഭവൻ
പി.എസ്. അബ്ദുൽസലാം
കെ. ജലധരൻ
ടി.കെ.രാജൻ

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഷിബു ഗംഗാധരൻ
പി.ആർ. ഷാജി
എൻ.വിജയൻ

വിഭവസമാഹരണം

ഡി. കാശിനാഥൻ
ഡി. വിശ്വനാഥൻ
മുത്തുക്കുട്ടൻ
കാർത്തികേയൻ
സതീഷ്കുമാർ
ഹരിപ്രസാദ്

ചരിത്രം

കെ.കെ കന്നത്ത്
പി. സംഭവൻ
തങ്കപ്പൻ മാമ്പുത്തയിൽ
കെ.കെ. ഉസ്മാൻ
എ.എ. ജലീൽ
എം.എസ്. കൃഷ്ണൻകുട്ടി
എം. എ. ചക്രപാണി

22Ct സ്വർണ്ണാഭരണങ്ങൾക്കും, വെള്ളി ആഭരണങ്ങൾക്കും



നാരായണ

ജ്യൂ വ ലേ ഴ് സ്

കള്ളിക്കാട്

വാണി പ്രിന്റേഴ്സ് (ഓഫ്സെറ്റ്) ആലപ്പുഴ. ✆ 245406